# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 6 ഇടവം - 1192 ജൂൺ 2017













# ഉള്ളടക്കം

വാല്യം 10 | ലക്കം 6 | ജൂൺ 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 13 |
| ഹരിസുധാലഹരി | 17 |
| ശിരോലിഖിതങ്ങൾ | 20 |
| മൊബൈൽ ഫോൺ | 22 |
| ഒരു സുന്ദരയാത്ര | 24 |
| 3-ാമത് അന്താരാഷ്ട്ര യോഗദിനം | 26 |
| നിശീഥിനി (കവിത) | 28 |
| നെഞ്ചിൻകൂട്ടിലെ കിളി | 29 |
| ഉപനിഷത്തുകളിലൂടെ | 31 |
| ചൊവ്വയുടെ ഗ്രഹനില | 33 |
| തവാങ് ഹിമാലയത്തിലെ രഹസ്യസ്വർഗ്ഗം | 35 |
| നവരാത്രി നോട്ടീസ് | 38 |
| വാക്കും ഊർജ്ജവും സേവനമാകുമ്പോൾ | 41 |
| രക്ഷിതാക്കളുടേയും കുട്ടികളുടേയും ശ്രദ്ധയ്ക്ക് | 44 |
| ആപദ്ധർമ്മം | 46 |
| പ്രാർത്ഥന ശാസ്ത്രീയമായി | 49 |
| ശ്രീതീർത്ഥപാദപരമഹംസ സ്വാമികൾ | 52 |
| പകർച്ചവ്യാധികൾ | 55 |
| മാസഫലം | 56 |
| മാട്രിമോണിയൽ | 57-66 |


കവർചിത്രം: *എറണാകുളം കരയോഗം നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ രേഖാചിത്രം*

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

## എഡിറ്റോറിയൽ

# പരിസ്ഥിതി സംരക്ഷണം

പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുകയും ഈ മേഖലയിൽ നല്ല പ്രവർത്തനം കാഴചവെയ്ക്കുന്ന പരിസ്ഥിതി പ്രവർത്തകർക്ക് വർഷാവർഷം അവാർഡും കീർത്തിപത്രവും നല്കി ആദരിക്കുകയും, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഒക്കെ ചെയ്യുന്ന ഒരു സംഘടന എന്ന നിലയിൽ ഞങ്ങൾക്ക് ഈ വിഷയത്തിൽ അഭിപ്രായം പറയുവാനുള്ള അവകാശമുണ്ട് എന്ന് വിശ്വസിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് മാന്യവായനക്കാരെ ഓർമ്മപ്പെടുത്തേണ്ടത് ഞങ്ങളുടെ ധാർമ്മികമായ കടമയാണ് എന്നും വിശ്വസിക്കുന്നു.

കേരളം – ലോകത്തിലെ അതിസുന്ദരമായ പ്രദേശങ്ങളിലൊന്നായിരുന്നു. മലയാളിയുടെ മാതൃഭൂമി, മലകളും വനങ്ങളും നദികളും പുഴകളും കാവുകളും കുളങ്ങളും എല്ലാം കൊണ്ടും പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ പുണ്യക്ഷേത്രത്തെ ഇന്നത്തെ അവസ്ഥയിലെത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് നില്ക്കുവാൻ ഇവിടുത്തെ രാഷ്ട്രീയപാർട്ടികൾക്കും മതസംഘടനകൾക്കും കഴിയുമോ ? ഇല്ല എന്നുള്ളത് വ്യക്തമാണ്. മലകളായ മലകൾ മുഴുവൻ വെട്ടി നിരത്തപ്പെട്ടു. വനമാഫിയയുടെ താണ്ഡവം മൂലം വനങ്ങളേറെയും നശിപ്പിക്കപ്പെട്ടു. ക്വാറിസംഘങ്ങൾ മലകളെ താങ്ങിനിർത്തിയിരുന്ന പാറകളെ മുഴുവനും പൊട്ടിച്ചെടുത്ത് അവിടമെല്ലാം അപകടകരമാംവിധത്തിലുള്ള വൻഗർത്തങ്ങളാക്കി മാറ്റിയിരിക്കുന്നു. നദികളുടെ കാര്യം പറയുകയും വേണ്ട. പ്രധാന നദികളെല്ലാം തന്നെ മണൽമാഫിയയുടെ കരുണയറ്റ കരങ്ങളാൽ ഞെരിഞ്ഞമർന്ന് ഊർദ്ധശ്വാസം വലിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ നിറഞ്ഞ് കവിഞ്ഞൊഴുകിയിരുന്ന പല നദികളുടെയും സ്ഥാനത്ത് ഇന്ന് പച്ചക്കറി കൃഷി

യാണ് നമുക്ക് കാണാൻ കഴിയുക. പ്രകൃതിയെ കൊലചെയ്യുന്ന ഈ കിരാതൻമാരെ നിലയ്ക്കു നിർത്തേണ്ടതല്ലെ? കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന ഈ ക്രൂരതയ്ക്ക് അറുതി വരുത്തേണ്ടതല്ലേ ? വേണം, പൊതുസമൂഹത്തിനും നാടിനും ദ്രോഹം വിതയ്ക്കുന്ന ദുഷ്ടശക്തികളെ നിലയ്ക്കു നിർത്തണം. കുറ്റവാളികളെ ശിക്ഷിക്കണം. അതിനൊക്കെ വേണ്ടിയാണല്ലോ നമ്മൾ വോട്ടു നല്കി തിരഞ്ഞെടുത്ത് കുറെ ആളുകളെ ഭരിക്കാൻ - നാടിന്റെയും നാട്ടുകാരുടെയും ജീവനും സ്വത്തും സംരക്ഷിക്കുവാനും അവ അന്യാധീനപ്പെടാതെ കാത്തു സൂക്ഷിക്കുവാനും വേണ്ടി ചുമതലപ്പെടുത്തി സ്ഥാനമാനങ്ങൾ നല്കി പൊതുഖജനാവിൽ നിന്ന് ഇതിനെല്ലാം വേണ്ടി ഇഷ്ടം പോലെ തുക ചിലവഴിക്കുവാനുള്ള അധികാരവും നല്കി കസേരയിലിരുത്തിയിരിക്കുന്നത്. എന്നാൽ അവരെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നുണ്ടോ ? ഉണ്ടായിരുന്നെങ്കിൽ ഇത്രയ്ക്ക് പരിസ്ഥിതി നാശം ഈ മണ്ണിലുണ്ടാകുമായിരുന്നോ ? ഇതിനെല്ലാം അപ്പുറത്താണ് കാലങ്ങളായി വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന ഭൂമി കയ്യേറ്റം. സർക്കാർ കണക്കനുസരിച്ച് തന്നെ അമ്പതിനായിരത്തിൽ പരം ഏക്കർ വിസ്തൃതിയുള്ള സർക്കാർ സ്ഥലം കയ്യേറ്റക്കാരുടെ കയ്യിലാണ് ഇത് വർഷങ്ങളായി നടക്കുന്ന ഒരു ഒത്തുകളിയാണ് കയ്യേറ്റക്കാരും രാഷ്ട്രീയപാർട്ടികളും തമ്മിലുള്ള ഒത്തുകളി. സർക്കാർ ഭൂമി കയ്യേറി കുറെ നാളുകൾ കഴിയുമ്പോൾ അവന്റെ പേര് കയ്യേറ്റക്കാരൻ എന്നതിൽ നിന്നും മലയോരകർഷകൻ എന്നാക്കി മാറ്റുന്നു. തുടർന്ന് പട്ടയവിതരണ മാമാങ്കം. ഇത് കാലങ്ങളായി തുടർന്നു വരുന്ന നാടകമാണ്. ഇതിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പങ്കുണ്ട്. നടപടി എടുക്കുവാൻ ഭയവുമാണ്. കാരണം കയ്യേറ്റക്കാരന്റെ പിന്നിൽ ശക്തമായ മതസംഘടനകളുണ്ട്. അവരെ തൊടാൻ ചങ്കുറപ്പുള്ള ഒരു പാർട്ടിയും കേരളത്തിലില്ല എന്നതാണ് വാസ്തവം. അതുകൊണ്ട് തന്നെ നേരിട്ടും അല്ലാതെയും ചിലമത സംഘടനകളും അവരുടെ അണികളും നടത്തുന്ന കയ്യേറ്റങ്ങൾ സർക്കാർ കണ്ടില്ലെന്നു നടിക്കുന്നു . ഇത് കുറ്റകരമായ അനാസ്ഥയാണ്. ഇടുക്കിയിലും, മൂന്നാറിലും പാഞ്ചാലിമേട്ടിലും, വയനാട്ടിലും കാസർകോട്ടുമെല്ലാം എത്രയെത്രയോ ഏക്കർ സർക്കാർ ഭൂമിയാണ് ഇക്കൂട്ടർ തട്ടിയെടുത്തത് !!

പാഞ്ചാലിമേട് ഏറ്റവും വലിയ ഉദാഹരണമാണ്. വനവാസകാലത്ത് പാണ്ഡവർ വന്ന് താമസിച്ചിരുന്ന സ്ഥലം. പാഞ്ചാലി പൂജിച്ചിരുന്ന വിഗ്രഹം വെച്ച് ഇന്നും പൂജ നടക്കുന്ന ദേവിക്ഷേത്രം നില്ക്കുന്ന പുണ്യഭൂമി. ഈ ക്ഷേത്രം വക ഭൂമിപോലും ഇക്കൂട്ടർ കയ്യേറി. ഇന്നവിടെ വനമില്ല, മരമില്ല വെറും മൊട്ടക്കുന്ന്. പാണ്ഡവർ സ്ഥലമേല്പിച്ചത് വനവാസികളെ ആയിരുന്നു. എന്നാൽ ഇന്ന് അവിടെ മലയോരകർഷകർ മാത്രം. വഴിനീളെ ഒരു പ്രത്യേകമതവിഭാഗത്തിന്റെ ആരാധനചിഹ്നങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. എന്തേ സർക്കാർ നടപടി എടുക്കുന്നില്ല ? ഇതു തന്നെ ഇടുക്കിയിലും മൂന്നാറിലും എല്ലാം സംഭവിക്കുന്നത്. ഏത് മതത്തിന്റെ പേരിലായാലും ശരി സർക്കാർ വക സ്ഥലം കയ്യേറാൻ അനുവദിച്ചു കൂടാ. അക്കാര്യത്തിൽ - അത് ഹിന്ദുവാകട്ടെ, കൃസ്താനിയാകട്ടെ, മുസൽമാനാകട്ടെ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. നിയമം കർശനമായി പാലിക്കണം. കയ്യേറിയ മുഴുവൻ ഭൂമിയും തിരിച്ച് പിടിക്കണം. ഇല്ലെങ്കിൽ - നമ്മുടെ മലകളെല്ലാം വീണ്ടും നിബിഡ വനങ്ങളായി മാറ്റാൻ നമുക്കു കഴിയില്ല എങ്കിൽ നാളെ നമ്മുടെ ഈ നാടും മരുഭൂമിയാകുന്നതിന് സാക്ഷ്യം വഹിക്കേണ്ടി വരും. നമ്മുടെ വരും തലമുറകളുടെ ശാപവും നാം ഏറ്റുവാങ്ങേണ്ടി വരും. അവസാന അവസരമാണിത്. പ്രീണപ്പിക്കൽ നയം വെടിഞ്ഞ് നാടിനുവേണ്ടി ശക്തമായ തീരുമാനങ്ങളെടുക്കണം. കേരളത്തെ മരുഭൂമിയാക്കാതെ കാക്കുവാനുള്ള ആർജ്ജവം കേരളം ഭരിക്കുന്ന സർക്കാരിനുണ്ടാവണം. അങ്ങിനെ ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു, ആശംസിക്കുന്നു●

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2017 ജൂൺ മാസം 11-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***





# ജനറൽ സെക്രട്ടറിയുടെ പംക്തി

തൊണ്ണൂറ്റി രണ്ട് വർഷത്തെ സേവന പാരമ്പര്യമായി ജീവകാരുണ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ തനതായ വ്യക്തിത്വം നിലനിർത്തി നഗരത്തിൽ സമുദായത്തിന് അഭിമാനകരമായ നേട്ടങ്ങൾ നൽകിയിട്ടുള്ള മഹാപ്രസ്ഥാനമാണ് എറണാകുളം കരയോഗം. കഴിഞ്ഞ ഒൻപത് ദശകത്തിലധികമായി പ്രവർത്തന പരിചയവും സമുദായഹൈന്ദവ സനാതനധർമ്മ പ്രവർത്തനങ്ങളുമായി 'മുന്നോട്ടു'പോകുമ്പോഴും 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്ന ഉപനിഷദ്‌വാക്യം ഉയർത്തിപ്പിടിച്ച് എല്ലാവർക്കും ക്ഷേമം ഉണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ സേവനം ജീവിതസാഫല്യമാക്കി നമ്മൾ മുന്നോട്ടുപോവുകയാണ്. ഈ പ്രയാണത്തിൽ എല്ലാവരുടെയും സഹകരണവും സഹായവും ഒപ്പമുണ്ടാവണമെന്ന് പ്രാർത്ഥിക്കുന്നു.

2017 ജൂൺ 25 ന് എറണാകുളം കരയോഗത്തിൻെറ തൊണ്ണൂറ്റി രണ്ടാമത് വാർഷിക പൊതുയോഗം രാവിലെ 10 മണിയ്ക്ക് ടിഡിഎം ഹാളിൽ കൂടുന്നു. കരയോഗാംഗങ്ങൾക്ക് വേണ്ടി നിയമാവലിക്ക് വിധേയമായി ഭരണറിപ്പോർട്ട്, പുതിയ നിർദ്ദേശങ്ങൾ, ഓഡിറ്റ് ചെയ്ത വരവ്-ചിലവ് കണക്കുകൾ, ക്യാപ്പിറ്റൽറവന്യൂ ബഡ്ജറ്റ്, ഓഡിറ്റേഴ്സ് റിപ്പോർട്ട് എന്നിവ ഈ പംക്തിയിൽ അന്യത്ര അറിയിപ്പായി ചേർത്തിട്ടുണ്ട്. വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതിനായി ക്യാപ്പിറ്റൽ ബഡ്ജറ്റിൽ നവതി സ്മാരക പദ്ധതിയായി സൗരോർജ്ജ താപ പദ്ധതി, തൃക്കടക്കാപ്പിള്ളി ദുർഗ്ഗാഭഗവതി ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ഫാമിലി ഹെൽത്ത് ക്ലബ്ബ്, ട്രാൻസ്ഫോർമർ നവീകരണം, ജലമാലിന്യ പ്ലാൻറ്, എന്നിവയടക്കം പുതിയതായി പല നിർദ്ദേശങ്ങളും പൊതു യോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്നുണ്ട്.

17,91,00,000 രൂപയുടെ ബഡ്ജറ്റാണ് പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഇതിൽ 3,75,00,000 രൂപ ദൈനംദിന കാര്യങ്ങൾക്കായി റവന്യൂ ബഡ്ജറ്റിലും, 14,16,00,000 രൂപ മറ്റു പുതിയ പദ്ധതികൾക്കായി ക്യാപ്പിറ്റൽ ബഡ്ജറ്റിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ള ഭരണ റിപ്പോർട്ട്, കണക്കുകൾ എന്നിവയെപ്പറ്റി കൂടുതൽ അറിയുവാനോ, സംശയങ്ങളൊ ഉണ്ടെങ്കിൽ അവ നിവർത്തിക്കുവാൻ ആവശ്യമായ സജ്ജീകരണം ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുന്നു. ജൂൺ 16, 17 തീയതികളിൽ വൈകുന്നേരം 5 മുതൽ 7 മണിവരെ കരയോഗം ഓഫീസിൽ നേരിട്ട് വന്ന് കരയോഗം ഭാരവാഹികളുമായി ആശയവിനിമയം നടത്തി സംശയദൂരീകരണം നടത്തുവാൻ അഭ്യർത്ഥിക്കുന്നു. ഈ സൗകര്യം പരമാവധി ഉപയോഗപ്പെടുത്തുക വഴി പൊതുയോഗത്തിൻെറ സുഗമമായ നടത്തിപ്പിന് കൂടുതൽ സമയം ലഭിക്കും എന്ന് ഓർമ്മിപ്പിക്കുന്നു.

കരയോഗം ഭരണസമിതിയിലേക്ക് ഈ വർഷം തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല. 2018–2022 കാലയളവിലേക്ക് പ്രസിഡൻറ്, 1 വൈസ് പ്രസിഡൻറ്, 1 സെക്രട്ടറി, 4 ഭരണസമിതി അംഗങ്ങൾ, 2 വനിതാ അംഗങ്ങൾ, ഉൾപ്പെടെ 9 സ്ഥാനങ്ങളിലേക്ക് അടുത്ത വർഷം തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കും എന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ എന്നും വഴികാട്ടികളും അഭ്യുദയകാംക്ഷികളുമായ എല്ലാവരോടുമുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു. തുടർന്നും, നിങ്ങളുടെ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് തൊണ്ണൂറ്റി രണ്ടാം വാർഷിക പൊതുയോഗത്തിലേയ്ക്ക് നിയമാവലിയ്ക്ക് വിധേയമായി എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ 2017 ജൂൺ 18, ഞായറാഴ്ച വൈകുന്നേരം 5.30ന് 'ബൈസിക്കിൾ തീവ്സ്' സിനിമ ടിഡിഎം ഹാൾ നർമ്മദയിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ജൂൺ 23, വെള്ളിയാഴ്ച വൈകുന്നേരം 6.30ന് തൃശ്ശൂർ വയലി ബാൻറ് സംഘടിപ്പിക്കുന്ന 'ബാംബൂ മ്യൂസിക്' അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസപരിപാടിയായ 'കിർമ്മീരവധം' കഥകളി ജൂൺ 27ന് ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

ജനറൽ സെക്രട്ടറി

# എറണാകുളം കരയോഗം
## 16.06.2017 മുതൽ 15.07.2017 വരെയുള്ള
## ജൂൺ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 17.06.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 18.06.2017 | വ്യാഴം | 5.30 p.m. | കരയോഗം ഫിലിം ക്ലബ്ബ് ഃ ബൈസിക്കിൾ തീവ്സ് സിനിമാ പ്രദർശനം (ടിഡിഎം നർമ്മദ ഹാൾ) |
| 21.06.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 22.06.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 23.06.2017 | വെള്ളി | 6.30 p.m. | ബീം പ്രതിമാസ പരിപാടി ഃ ബാംബൂ മ്യൂസിക്ക് |
| 24.06.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 25.06.2017 | ഞായർ | 10.00 a.m. | 92-ാമത് കരയോഗം വാർഷിക പൊതുയോഗം |
| 27.06.2017 | ചൊവ്വ | 6.30 p.m. | പ്രതിമാസ കഥകളി ഃ കിർമ്മീരവധം |
| 28.06.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 29.06.2017 | വ്യാഴം | 10.00 a.m. | അദാലത്ത് - കേരള വനിതാ കമ്മീഷൻ |
| 29.06.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 01.07.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാ സ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 05.07.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 06.07.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 08.07.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 12.07.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 13.07.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 15.07.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |

## എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ



**2017 ലെ സിവിൽ സർവ്വീസ് പരീക്ഷയിൽ 15ാം റാങ്ക് കരസ്ഥമാക്കിയ സിദ്ധാർത്ഥ് ബി യെ കരയോഗം പ്രസിഡൻറ് കെപികെ മേനോൻ, പൊന്നാടയണിയിച്ച് ആദരിച്ചു. ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു), ആലപ്പാട്ട് മുരളീധരൻ, കെ. രാജഗോപാൽ എന്നിവർ സന്നിഹിതരായിരുന്നു. കരയോഗാംഗമായ ശ്രീമതി. അനിതാ കേശവദാസിൻെറ മകനും, കരയോഗത്തിലെ മുതിർന്ന അംഗമായ ശ്രീ.കേശവദാസിൻെറ പൗത്രനുമാണ്. സിദ്ധാർത്ഥിന് കരയോഗത്തിൻെറ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

നാമെല്ലാം കാത്തുകാത്തിരുന്ന ഇടവപ്പാതി എത്താറായി. വേഴാമ്പലുകളെപ്പോലെ ഒരു തുള്ളി മഴക്കായി നാം ആഗ്രഹിച്ച ഒരു കൊടും വേനലല്ലെ കടന്നു പോയത് ? ചൂടിന്റെ കാഠിന്യം കൊണ്ടു പൊരിയുമ്പോഴും നേരിയ ഒരാശ്വാസം നമ്മുടെയെല്ലാം മനസ്സിലേക്ക് ഓടിയെത്തിയില്ലെ കൂട്ടുകാരെ ! മഴതുടങ്ങാൻ ഇനി അധികനാളുകൾ ഇല്ലല്ലോ എന്ന ചിന്ത തന്നെ എത്ര സുഖകരമാണല്ലേ? സ്കൂൾ തുറക്കലും, മഴയുടെ ആഗമനവും. ഇതിൽ ഏറ്റവും സന്തോഷിക്കുന്നതും കൂട്ടുകാരാവും.

പഴയകാലത്തെ മഴക്കാലത്തെക്കുറിച്ച് കേൾക്കുമ്പോൾ കൂട്ടുകാർ അത്ഭുതം കൂറും. മഴ തുടങ്ങുന്നതിനു മുൻപുതന്നെ വീടുകളിൽ മഴക്കാലത്തേക്കുള്ള ഒരുക്കങ്ങൾ തുടങ്ങും. കോരിച്ചൊരിയുന്ന മഴയത്ത് ഊണിനുള്ള ഉപദംശങ്ങൾ എന്തൊക്കെയാണെന്നോ ? ഉപ്പിലിട്ട മാങ്ങ, സ്വാദിഷ്ഠമായ കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ തുടങ്ങിയവ. ഇതിന്റെയൊക്കെ രുചി ഒന്നുവേറെ തന്നെയാണ് കേട്ടോ. വേനൽക്കാലത്ത് സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങൾ മഴക്കാലമായാൽ അധികം കഴിക്കാൻ തോന്നില്ല. മനസ്സും, ശരീരവും അല്ലാതെ തന്നെ ഒന്നു കുളിർക്കുമല്ലോ ? നനഞ്ഞു കുതിർന്ന് മഴവെള്ളം തട്ടിത്തെറിപ്പിച്ച് കടലാസു തോണികൾ വെള്ളത്തിൽ ഒഴുക്കിയിരുന്ന ഒരു ബാല്യകാലം പണ്ടുള്ളവർക്കുണ്ടായിരുന്നു. ഇന്ന് കൂട്ടുകാർക്ക് സ്കൂളിലേക്ക് നടന്നുപോകേണ്ട ആവശ്യമേ വരുന്നില്ലല്ലോ ? മഴവെള്ളത്തിൽ കളിക്കാനുള്ള അവസരങ്ങളും കുറഞ്ഞു. നിറഞ്ഞു കവിയുന്ന പുഴകളും കുളങ്ങളും, കിണറുകളും കണ്ട് ആസ്വദിക്കാനാവുന്ന ഒരു കാലം കൂട്ടുകാർ ഒന്നു വിഭാവനം ചെയ്തു നോക്കൂ. നനഞ്ഞ ഒട്ടിയ വസ്ത്രങ്ങളുമായി വീട്ടിൽ എത്തുമ്പോഴേക്കും അമ്മ ഓടിയെത്തി തല തുവർത്തും. ചൂടുള്ള ഭക്ഷണം വിളമ്പി തരും. അമ്മമാരുടെ പരിചരണത്തിനൊന്നും ഇന്നും ഒട്ടും കുറവില്ല. കൂട്ടുകാരെ, പക്ഷെ പഴയകാലത്തെ കാറ്റും മഴയും എങ്ങോ പോയി മറഞ്ഞു. അതൊക്കെ വീണ്ടെടുക്കാൻ കൂട്ടുകാരുടെ ഭാഗത്തു നിന്നും ശ്രമമുണ്ടാകണം. എല്ലാവരും പ്രകൃതിസ്നേഹികളായി വളരണം കേട്ടോ. നന്മയുള്ള ഒരു മനസ്സുണ്ടാകണം. അലിവുള്ള ഒരു ഹൃദയമുണ്ടാകണം. നന്മപോലെ തിന്മയും ഉണ്ട്. ഇതിൽ നല്ലതു മാത്രം തിരഞ്ഞെടുക്കാൻ ജാഗ്രതയുണ്ടാവണം. പ്രകാശത്തിന്റെ വഴിയെ സഞ്ചരിക്കണം. നിറയെ കൊടുക്കാനുള്ള ആഗ്രഹം കൂട്ടുകാർക്കുണ്ടാവട്ടെ. അതാണ് സ്നേഹം.

ബാല്യകാലമാണ് ഏറ്റവും നല്ലകാലം. കടന്നുപോകുന്ന ദിവസങ്ങൾ തിരികെ വരില്ലെന്ന് കൂട്ടുകാർക്കറിയാമല്ലോ? അതുകൊണ്ടു തന്നെ ഓരോ വർഷവും പുതിയ ഉണർവ്വും ഊർജ്ജവും ജഗദീശ്വരൻ നൽകട്ടെ.

ഒരു ദിവസം യശോദ കൃഷ്ണനെ ലാളിച്ചു കൊണ്ടിരിക്കുമ്പോൾ കൃഷ്ണന് വല്ലാത്ത ഭാരം ഉള്ളതായി യശോദയ്ക്ക് തോന്നി. അമ്മ കുഞ്ഞിനെ താഴെക്കിടത്തി. ഈ ഭാഗം മലയാളഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ ഭാഗവതത്തിൽ നിന്നും വിവർത്തനം ചെയ്ത ഭാഗം കൂട്ടുകാർ ഹൃദിസ്ഥമാക്കണം.

ശ്രീവാസുദേവൻ ജഗന്മയൻ അച്ചുതൻ
ദേവകിസൂനു ജനാർദ്ദനൻ അവ്യയൻ
പാലാഴിമാനിനി വല്ലഭൻ ഈശ്വരൻ
നിലാരവിന്ദാദലായതാലോചനൻ
ദാനവവംശവിനാശന കാരണൻ
ആനകദുന്ദുഭി സൂനുനിരാമയൻ
വേദാന്തവേദ്യനവേദ്യനശേഷൈക
നാദാന്തരൂപൻ തളിതതാഭൻ പരൻ
കാലസ്വരൂപൻ കമനീയ സുന്ദരൻ
ബാലൻ തളർന്നുറക്കം തുടങ്ങീടിനാൻ
തൽപ്രകാരം തദാ കണ്ടു യശോദയും
അർഭകൻ തന്നെ കിടത്തിവെച്ചാദരാൽ
സത്വരം വന്നൊരുമിച്ച ബന്ധുക്കളെ
സൽക്കരിച്ചങ്ങിനെ സഞ്ചരിച്ചിടിനാൾ●

രാഗപരിചയം

# നളിനകാന്തി

ഡോ. ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടക സംഗീതത്തിൽ വളരെ ഹൃദ്യവും ആനന്ദപ്രദവുമായ രാഗങ്ങളിൽ ഒന്നാണ് നളിനകാന്തി. ത്യാഗരാജസ്വാമിയുടെ കൃതിയിൽ കൂടിയാണ് നളിനകാന്തിരാഗം സംഗീതലോകത്ത് പ്രാമുഖ്യം നേടിയത് എന്നു പറയാം. 29-ാമത്തെ മേളകർത്താ രാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമായി കണക്കാക്കുന്നു.

ആരോഹണം : സ ഗ രി മ പ നി സ

അവരോഹണം : സ നി പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, കാകളി നിഷാദം.

ധൈവതം ഇല്ലാത്ത രാഗമാണിത്. ആറു സ്വരങ്ങൾ വക്രമായി ആരോഹണത്തിലും ക്രമമായി അവരോഹണത്തിലും വരുന്നതുകൊണ്ട് നളിനകാന്തി ഒരു വക്രഷാഡവ രാഗമാണ്. ലഘുവായ രാഗമാണെങ്കിലും മൂന്നു സ്ഥായികളിലും സഞ്ചാരയോഗ്യമായ രാഗമാണിത്. 27-ാമത്തെ മേളകർത്താ രാഗമായ സരസാംഗിയുടെ ജന്യമായും അഭിപ്രായമുണ്ട്. 'സഗരിമ' എന്ന ഒറ്റ പ്രയോഗത്തിലൂടെ തന്നെ രാഗഭാവം പ്രകടമാകുന്നതാണ്. ശങ്കരാഭരണത്തിന്റെ തന്നെ ജന്യരാഗമായ കേദാരം എന്ന രാഗം വളരെയധികം സാമ്യത പുലർത്തുന്ന രാഗമാണ് (സമഗമപനിസ സനിപമഗരിസ) 'തിലക് കാമോദ്' എന്ന ഹിന്ദുസ്ഥാനി രാഗം ചില ഭാഗങ്ങളിൽ സമാനമായ രാഗമായി പറയുന്നു. മദ്ധ്യമകാല സഞ്ചാരങ്ങളിലും രാഗാലാപനത്തിലും നളിനകാന്തി രാഗം വളരെയധികം ശോഭിക്കുന്നതാണ്.

ശൃംഗാരം, സന്തോഷം എന്നീ ഭാവങ്ങളാണ് നളിനകാന്തി രാഗത്തിലൂടെ ഉളവാകുന്നത്. രാത്രി വൈകിയ സമയത്താണ് ഈ രാഗം ആലപിക്കുന്നത് കൂടുതൽ ശോഭനീയം. നളിനകാന്തി രാഗം കേൾക്കുന്നതിലൂടെ ഞരമ്പുകൾക്ക് വളരെ പ്രസന്നമായ ഒരു ഫലം ഉണ്ടാകുന്നതായി സംഗീത ചികിത്സകർ അഭിപ്രായപ്പെടുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | മനവിയാലകിം | ആദി | ത്യാഗരാജസ്വാമി |
| 2. | നീ പാദമേ ഗതി | രൂപകം | ജി. എൻ. ബാലസുബ്രഹ്മണ്യം |
| 3. | സീർ സിറക്കും മേനി | ത്രിപുട | അരുണഗിരിനാഥൻ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | നാരായണ നമോ | പ്രഹ്ലാദ |
| 2. | എന്നും നിന്നെ പൂജിക്കാം | അനിയത്തിപ്രാവ് |
| 3. | നാടോടി പാട്ടിന്റെ | സർക്കാർ ദാദ |
| 4. | ചിറ്റാറ്റിൻ കാവിൽ | നിവേദ്യം |
| 5. | ഘന ശ്യാമ സന്ധ്യാഹൃദയം | (ലളിതഗാനം) |
| 6. | സൊന്നാലും കേൾപ്പതില്ലൈ | കാതൽ വൈറസ് (തമിഴ്) |
| 7. | എന്തൻ നെഞ്ചിൽ നീങ്കാത | കലൈഗ്നൻ (തമിഴ്) |
| 8. | കണ്ടു കൊണ്ടേൻ കണ്ടുകൊണ്ടേൻ | കണ്ടുകൊണ്ടേൻ കണ്ടുകൊണ്ടേൻ |
| 9. | മനം വിതുമ്പതേ ഉന്നൈ | നേർക്കുനേർ (തമിഴ്) • |

## നായർ സ്ത്രീ സമാജത്തിലെ 2017 ജൂൺ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 20.06.2017 | പൊതുയോഗം ടി.ഡി.എം യമുന ഹാളിൽ | 3.00 P.M. |





വാസ്തു

# കന്നിമൂല ശ്രദ്ധിക്കണം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

വടക്കെ വയനാട്ടിലെ വളരെ പ്രസിദ്ധമായതും, 5000 കൊല്ലം പഴക്കമുള്ളതുമായ അമ്പലമാണ് തിരുനെല്ലി. ഉദ്ദേശം 25 കൊല്ലം മുമ്പ് അവിടെ പോകുവാനിടയായി. അന്നു കണ്ട കാഴ്ച ആരെയും വേദനിപ്പിക്കും. ജീർണ്ണിച്ച കഴുക്കോലും, ഉത്തരവും, പൊട്ടിപ്പൊളിഞ്ഞ നിലവും എപ്പോൾ വേണമെങ്കിലും നിലം പതിക്കാവുന്ന അവസ്ഥയും ആയിരുന്നു. ധാരാളം ആളുകൾ വരുന്നുണ്ടെങ്കിലും അവരെല്ലാം തന്നെ മരിച്ചവർക്കുവേണ്ടി ബലികർമ്മങ്ങൾ ചെയ്ത് മടങ്ങിപ്പോകുമായിരുന്നു. നിത്യനിദാന പൂജയ്ക്കു തന്നെ വിഷമമായിരുന്നു. മഹാവിഷ്ണുവിന്റെ അമ്പലത്തിൽ ബ്രഹ്മാവ് പൂജ നടത്തിയിട്ടുള്ള സ്ഥലം ഇപ്പോഴും കാത്തു സൂക്ഷിക്കുന്നുണ്ട്.




അമ്പലത്തിന്റെ തെക്കു വശത്താണ് വാഹനങ്ങൾ വന്നു നിൽക്കുന്നതും, കടകളും, ഹോട്ടലുകളും ഉള്ളത്. ഗസ്റ്റ്ഹൗസും അവിടെ തന്നെയാണ്. അമ്പലത്തിലേക്കുള്ള റോഡ് തെക്കു വശത്ത് തെക്കോട്ട് നല്ല ചെരിവാണ്. വന്നു കേറുന്ന സ്ഥലത്തു നിന്നും ഉദ്ദേശം 25 അടി ഉള്ള അമ്പലത്തിലേക്ക് തെക്കു നിന്നും ചവിട്ടു പടിയാണുള്ളത്. പ്രായമായവർക്കും സാധനസാമഗ്രികൾ മുകളിലേക്കു കൊണ്ടു പോകാൻ വേണ്ടി തെക്കോട്ടും , പടിഞ്ഞാറോട്ടും ചെരിവായി തെക്കു പടിഞ്ഞാറെ മൂലയിൽ നിന്നും നടന്നു കേറാവുന്ന വഴിയാണ്. തെക്കു പടിഞ്ഞാറെ മൂല അടച്ച് അവിടെ മണ്ണിട്ടുപൊക്കി വെള്ളം വടക്കോട്ടും, കിഴക്കോട്ടും ഒഴുകത്തക്ക രീതിയിൽ ശരിയാക്കണമെന്നു പറഞ്ഞ് എഴുതി കൊടുത്താണ് ഞാൻ പോന്നത്. മറ്റു പലരും ഇതേ ആവശ്യം ഉന്നയിച്ചിരുന്നു. അടുത്ത കാലത്തും നല്ലവരായ ഭക്തൻമാരിൽ ചിലർ ഈ പണി ഏറ്റെടുക്കുകയും, തെക്കും, പടിഞ്ഞാറും വളരെ ഉയരത്തിൽ കരിങ്കൽ കെട്ടി മണ്ണിട്ടു പൊക്കി നടന്നു വരാനുള്ള വഴി കെട്ടിനു പുറത്തു കൂടി കന്നിമൂല കഴിഞ്ഞ് അകത്തു കടക്കാൻ പാകത്തിനാക്കി. അതിനുശേഷം വളരെയധികം അത്ഭുതങ്ങൾ സംഭവിച്ചതുപോലെ ശ്രീകോവിലിന്റെയും, ചുറ്റമ്പലത്തിന്റെയും എല്ലാ കേടുപാടുകളും തീർത്ത് ശ്രീകോവിലിനു ചുറ്റുമുള്ള വഴി കരിങ്കൽ വിരിക്കുവാൻ കഴിഞ്ഞു.

അമ്പലത്തിലേക്കുള്ള വഴി ഉദ്ദേശം 800 മീറ്റർ നീളം കല്ലും കട്ടയും നിറഞ്ഞ് നടക്കാൻ പറ്റാത്തതായിരുന്നു. അവിടെ ഇന്റർലോക്ക് കട്ട വിരിച്ച് ഭംഗിയാക്കി. കൂടാതെ ബന്ധുക്കൾക്ക് പാർക്കു ചെയ്യുന്നതിനുവേണ്ടി പ്രത്യേക സ്ഥലം കണ്ടെത്തി അവിടെയും കട്ട വിരിച്ചു. കാറുകളും, ചെറിയ വാഹനങ്ങളും പാർക്കു ചെയ്യുന്നതിനുവേണ്ടി സ്ഥലം വൃത്തിയാക്കി കട്ട വിരിച്ചു. കൂടാതെ കിഴക്കെ നടയിൽ കിഴക്കോട്ടിറങ്ങുന്നതിനുവേണ്ടി ഉദ്ദേശം 75 അടി താഴ്ചയിലേക്ക് കരിങ്കൽ കൊണ്ട് ചവിട്ടു പടിയും, നല്ല കൈപിടിയുമുണ്ടാക്കി. വയസ്സായവർക്കു കേറാൻ സഹായത്തിനായി ഓരോ പത്തു സ്റ്റെപ്പിലും ഓരോ ലാന്റിംങ് കൊടുത്തിട്ടുണ്ട്. അമ്പലത്തിൽ പുതിയ ഓഫീസ് മുറി പണിഞ്ഞു കൊണ്ടിരിക്കുന്നു. അവിടെ ചെല്ലുന്ന എല്ലാ ഭക്തർക്കും രാവിലെയും, രാത്രിയിലും സൗജന്യമായി ഭക്ഷണം കൊടുക്കുന്നുണ്ട്. ഇപ്പോൾ നല്ല തിരക്കുള്ള അമ്പലമായി മാറി. എല്ലാ പൂജകളും നന്നായി നടക്കുന്നുണ്ട്. അവിടെ ചെല്ലുന്നവർക്ക് ഓജസും, തേജസും കൂടിയ പോലെ തോന്നും. ഇപ്പോൾ നടക്കുന്ന പുരോഗതി വളരെ അത്ഭുതാവഹമാണ്. എക്സിക്യൂട്ടീവ് ഓഫീസും, മാനേജരും മറ്റു സ്റ്റാഫും സ്നേഹത്തോടും, ബഹുമാനത്തോടും എല്ലാവരോടും ഒരുപോലെ പെരുമാറുന്നു.

കന്നിമൂല പൊക്കിയതോടു കൂടി അമ്പലത്തിന് വളരെയധികം പുരോഗതി വന്നിട്ടുണ്ട്. ഇതിൽ

**(ശേഷം 82-ാം പേജിൽ)**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ
(ഫോൺ: 9947054009)

### പൂസലാർ

തൊണ്ടൈനാട്ടിലെ തിരുനിന്റ്രവൂരിൽ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് പൂസലാർ ജനിച്ചത്. തിരുനിന്റ്രവൂർ ഇപ്പോൾ തിന്നനൂർ എന്നറിയപ്പെടുന്നു. ദരിദ്രനായിരുന്നെങ്കിലും ശിവഭക്തിയിൽ മറ്റാരെക്കാളും ധനികനായിരുന്നു അദ്ദേഹം. ശിവപെരുമാളിൽ മാത്രമല്ല ശിവയോഗികളിലും ഭക്തിയുള്ള വിനീതനെന്ന പേരിൽ പൂസലാർ പ്രശസ്തി നേടി. എങ്ങിനെയും തന്റെ ഉപാസനമൂർത്തിക്ക് ഒരമ്പലം പണിയണമെന്നത് അദ്ദേഹത്തിന്റെ ജീവിതാഭിലാഷമായിരുന്നു. ഒരസുലഭ മുഹൂർത്തത്തിൽ, അദ്ദേഹത്തിന്റെ ഭാവനയുണർന്നു. അദ്ദേഹം മനസ്സിനകത്ത് ഒരു ശിവാലയം കെട്ടാനുറച്ചു. ഭാവനയിൽ അദ്ദേഹം അതിനുള്ള തയ്യാറെടുപ്പുകളും തുടങ്ങി. ഉറങ്ങിപ്പോയാൽ ഭാവന അസ്തമിച്ചേക്കുമെന്നതിനാൽ കണ്ണിമവെട്ടാതിരുന്നു. ഭാവനയിൽ കല്ല്, മണ്ണ്, ജലം തുടങ്ങിയ സാമഗ്രികൾ ഒന്നൊന്നായി ശേഖരിച്ചു. മിടുക്കനായ ഒരു തച്ചനെയും കണ്ടെത്തി. നാളും നേരവും നോക്കി. തച്ചുശാസ്ത്രത്തിന്റെ കണക്കനുസരിച്ച് തറക്കല്ലിട്ടു. അടിത്തറ പണിതു. ചുമരുകളുയർന്നു. നാലമ്പലവും മണ്ഡപവും ശ്രീകോവിലും വിളക്കുമാടങ്ങളുമെല്ലാം അദ്ദേഹത്തിന്റെ മനസിൽ ഒന്നൊന്നായുയർന്നു. കൊടിമരം നാട്ടി; കിണർ കുത്തി; ചുറ്റുമതിലും കവാടവും തയ്യാറായി. ക്ഷേത്രകുംഭമൊഴികെ എല്ലാം ഒരുങ്ങി. പ്രതിഷ്ഠക്കുവേണ്ടി നാളും നേരവും കുറിച്ചു. പല്ലവമന്നനായ കാടവർകോൻ കാഞ്ചീപുരത്ത് ഒരു ക്ഷേത്രം പണിതീർത്ത് പ്രതിഷ്ഠയ്ക്കു നാളും നേരവും കുറിച്ചു കാത്തിരിക്കുന്ന സന്ദർഭമായിരുന്നു അത്. പ്രതിഷ്ഠാമഹോത്സവത്തിനു തലേനാൾ രാത്രി രാജാവിന് സ്വപ്നദർശനമുണ്ടായി. 'നമ്മുടെ ഭക്തനായ പൂസലാർ നമുക്കുവേണ്ടി ഒരു മനക്കോവിൽ കെട്ടിയിരിക്കുന്നു. നാളെയാണ് അവിടെ പ്രതിഷ്ഠാകർമ്മം ! അതിനാൽ നാം അങ്ങോട്ടു പോവുകയാണ്. താങ്കളുടെ ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം മാറ്റിവെക്കുക!' എന്നു ഭഗവാൻ കൽപ്പിച്ചതായി രാജാവിനു തോന്നി. അദ്ദേഹം ഞെട്ടിയുണർന്നു. പള്ളിയറയിൽ നിന്ന് ഒരു ദിവ്യജ്യോതി മാഞ്ഞുപോകുന്നത് അദ്ദേഹം കണ്ടു. ഇതു സാക്ഷാൽ ശിവപെരുമാളുടെ കൽപ്പനയാണ്! ഭഗവാന്റെ സ്നേഹാദരങ്ങൾക്കു പാത്രമായ പൂസലാർ എന്ന ഭക്തനെ കണ്ടേ തീരൂ, എന്നുറച്ച രാജാവ് പുലർച്ചെ തന്നെ തിരുനിന്റ്രവൂരിലെത്തി. അവിടെ പലദിക്കിലും തിരഞ്ഞു. പൂസലാർ പണിത അമ്പലമെവിടെ എന്നു പലരോടും അന്വേഷിച്ചു.

'ഇവിടെ അങ്ങിനെയൊരമ്പലമില്ല,' എന്നു ഗ്രാമീണർ തറപ്പിച്ചു പറഞ്ഞു. രാജാവ് എല്ലാ ബ്രാഹ്മണരെയും വിളിപ്പിച്ചു. അവർ രാജാവിന്റെ മുമ്പിലെത്തി വന്ദിച്ചു.

'നിങ്ങളിൽ ആരാണ് മാസിലാ (കളങ്കമില്ലാത്ത) പൂസലാർ?' രാജാവ് ചോദിച്ചു. 'അവൻ ഈ നാട്ടുകാരനായ ഒരു വൈദികനാണ്. കൽപ്പനയുണ്ടെങ്കിൽ ഇപ്പോൾത്തന്നെ ഞങ്ങൾ കൂട്ടിക്കൊണ്ടുവരാം,' ബ്രാഹ്മണർ പറഞ്ഞു.

'വേണ്ട! ആ മഹാത്മാവിനെ നാം അങ്ങോട്ട് ചെന്നു കണ്ടോളാം! എന്നു പറഞ്ഞു കൊണ്ട് കാടവർകോൻ മന്നൻ പൂസലാരെ ചെന്നു കണ്ടു. പൂസലാർ അൽഭുതാദരങ്ങളോടെ രാജാവിനെ സ്വീകരിച്ചു. 'നാം താങ്കളെ കാണാൻ വന്നതാണ്. താങ്കൾ പണിത ശിവൻകോവിലെവിടെ? ഇന്നാണല്ലോ അവിടുത്തെ പ്രതിഷ്ഠാകർമ്മം? ശിവപെരുമാളിൽ നിന്ന് നാം വിവരമെല്ലാ മറിഞ്ഞിരിക്കുന്നു!' രാജാവ് തൊഴുകയ്യോടെ അറിയിച്ചു. പൂസലാർ വിരണ്ടുപോയി. 'അയ്യോ! അവിടുന്നു പൊറുക്കണം ! കോവിലൊന്നും കെട്ടാൻ ധനശേഷിയില്ലാത്തതിനാൽ ഞാൻ ഒരു മനക്കോവിൽ കെട്ടിയെന്നേയുള്ളൂ. എന്നിൽ കൃപതോന്നിയ ഭഗവാൻ അവിടുത്തേക്ക് അറിവു തന്നതാണ്!' എന്നു വിനയപൂർവ്വം അറിയിച്ചു. 'മനക്കോവിൽ കെട്ടിയതെങ്ങിനെ എന്നു ദയവുണ്ടായി വിവരിച്ചു തരണം,' എന്നായി രാജാവ്. ഘട്ടംഘട്ടമായി താൻ മനസിൽ ക്ഷേത്രം പണിതുയർത്തിയതെങ്ങനെ എന്നു പൂസലാർ വിവരിച്ചുകൊടുത്തു. എല്ലാം കേട്ടതിനുശേഷം രാജാവ് പൂസലാറുടെ പാദത്തിൽ വീണു നമസ്കരിച്ചു. ആനന്ദാതിരേകത്താൽ പൂസലാറുടെ കണ്ണു നിറഞ്ഞു. താൻ പണിത മനക്കോവിലിൽ തന്റെ ഇഷ്ടദേവൻ സ്വയം പ്രതിഷ്ഠിതനായതറിഞ്ഞ പൂസലാർ ശിവോപസനയിൽ ഏറെക്കാലം ജീവിച്ചതിനുശേഷം കൈലാസം പൂകി എന്ന് സുന്ദരമൂർത്തിനായനാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### രുദ്ര (ഉരുത്തിര) പശുപതിനായനാർ

ചോഴനാട്ടിലെ തൃത്തല (തിരുത്തലൈയൂർ) എന്ന ഗ്രാമത്തിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് രുദ്രപശുപതിനായനാരുടെ ജനനം. ബാല്യം മുതൽക്കുതന്നെ മഹാദേവനായിരുന്നു ഇഷ്ടദേവൻ. ബ്രാഹ്മമുഹൂർത്തിലുണരുക, താമരത്തടാകത്തിൽ കഴുത്തോളം മുങ്ങി നിന്ന് രുദ്രമന്ത്രം ജപിക്കുക എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ ഉപാസനയുടെ രീതി. വേനലിലും വർഷത്തിലും ഗ്രീഷ്മത്തിലും ഈ തപസ്സിന് യാതൊരു ഭംഗവും വരുത്തിയില്ല. രുദ്രമൂർത്തിയായ ശിവപെരുമാൾ അത്യന്തം സംപ്രീതനായി പശുപതിയാർക്കു ദർശനം നൽകി അനുഗ്രഹിച്ചു. അന്നുമുതൽ രുദ്രപശുപതി നായനാർ എന്നപേരിൽ അദ്ദേഹം ശിവയോഗികളുടെ സ്നേഹാദരങ്ങൾക്കു പാത്രീഭവിച്ചു. ശിവോപാസനയിൽ മുഴുകി സുദീർഘമായൊരു ജീവിതം നയിച്ചശേഷം രുദ്രപശുപതിനായനാർ കൈലാസംപൂകി എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### 46)ചാക്യനായനാർ

ചോഴനാട്ടിലെ തിരുചങ്കമങ്കൈ എന്ന സ്ഥലത്ത് വേളാളർ കുലത്തിലാണ് ചാക്യനായനാർ ജനിച്ചത്. ഒരു ജന്മംകൊണ്ട് നന്മകളിലൂടെ പുണ്യം നേടി പുനർജന്മം ഒഴിവാക്കി ഭഗവദ്പാദത്തിൽ ലയിക്കണം എന്ന ഒരേഒരാഗ്രഹം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അതിനാൽ ബുദ്ധന്റെ അഹിംസാമാർഗത്തെക്കുറിച്ചു പഠിച്ചു. കുറെകഴിഞ്ഞപ്പോൾ അനാദിയും അനശ്വരവുമായത് ശിവശക്തി മാത്രമാണ് എന്ന വിശ്വാസമുണ്ടായി. അതോടെ അദ്ദേഹം ശിവോപാസകനായി മാറി. നിത്യവും ശിവലിംഗത്തെ കണികണ്ടുകൊണ്ടാണ് അദ്ദേഹം ദിനചര്യകളിൽ വ്യാപൃതനായത്.ഒരിക്കൽ ഒരു മുക്കവലയിൽ ആരോരും ശ്രദ്ധിക്കാനില്ലാതെ ഒരു ശിവലിംഗം സ്ഥിതി ചെയ്യുന്നത് അദ്ദേഹം കണ്ടു. അർച്ചിക്കാനായി ഒരു പൂപോലും കിട്ടാതെ വന്നപ്പോൾ അദ്ദേഹം ഒരു കല്ലെടുത്തു. അതിനെ പൂവായി സങ്കൽപിച്ച് പഞ്ചാക്ഷരീമന്ത്രജപത്തോടെ ശിവലിംഗത്തിനു നേർക്കെറിഞ്ഞു. പിറ്റേന്നും അതിന്റെ പിറ്റേന്നും ഇതാവർത്തിച്ചു. പിന്നീട് അതൊരു പതിവായി. കല്ലേറിയുകയാണെങ്കിലും ചാക്യാരുടെ പ്രവൃത്തിയിലന്തർലീനമായ ഭക്തികണ്ട് ശിവപെരുമാൾ പ്രസാദിച്ചു. വല്ലാതെ ക്ഷീണിതനായ ഒരു ദിവസം മുക്കവലയിൽ ചെല്ലാനും ശിവലിംഗത്തിനു കല്ലർച്ചന ചെയ്യാനും അദ്ദേഹം മറന്നു. ഊണുകഴിക്കാനിരുന്നപ്പോൾ അക്കാര്യം ഓർമ്മ വരികയും ചെയ്തു. കൈ നനയ്ക്കും മുമ്പ് അദ്ദേഹം മുക്കവലയിലേക്കു ചെല്ലുകയും ഒരു കല്ലെടുത്ത് ശിവലിംഗത്തിനു നേർക്ക് എറിയുകയും ചെയ്തു. സന്തുഷ്ടനായ ശിവപെരുമാൾ ഉടൻതന്നെ ഉമാസമേതനായി പ്രത്യക്ഷപ്പെട്ടു. ചാക്യാർ പഞ്ചാക്ഷരീമന്ത്രം ജപിച്ചുകൊണ്ട് ഭഗവാനെയും ദേവിയെയും വലം വെച്ചു വന്ദിച്ചു. ഭഗവാൻ ഭക്തനു സായൂജ്യം നൽകി ശിവലോകത്തേക്കു കൂട്ടിക്കൊണ്ടുപോയി എന്ന് സുന്ദരർ തന്റെ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ചടയർ

സുന്ദരമൂർത്തി നായനാരുടെ പിതാവായ ചടയർക്കും നായനാർമാരുടെ ഗണത്തിൽ സ്ഥാനമുണ്ട്. പൂർവ്വജന്മസുകൃതത്താൽ സാക്ഷാൽ ശിവപെരുമാളുടെ സൗഹൃദത്തിനു പാത്രമായ ചടയർക്കുവേണ്ടി ഒരിക്കൽ ഭഗവാൻ സ്വയം ദൂതനായി. ചടൈയരുടെ പ്രേമഭാജനമായ പറൈവെക്കു പ്രണയസന്ദേശമെത്തിച്ചുകൊടുക്കുക വഴി ഭക്തിക്കു ദാസനാണു താൻ എന്ന് ഭഗവാൻ തെളിയിച്ചു. ചടയരുടെ പത്നിയായ ഇശൈജ്ഞാനിയാർ വിദുഷിയും സംഗീതജ്ഞയുമായിരുന്നു. ഇവരാണ് സുന്ദരമൂർത്തിനായനാർക്കു ജന്മം നൽകിയത്. സുന്ദരമൂർത്തി നായനാരുടെ ഉറ്റ സുഹൃത്തായ ചേരമാൻ പെരുമാൾ ചടയരെയും ഇശൈജ്ഞാനിയാരെയും ആദരിച്ചു പോന്നു. തിരുനല്ലൂരിലെ ആദിശൈവകുലത്തിൽ പിറന്ന ചടയർ ധന്യമായ ഒരു ജീവിതം നയിച്ചതിനുശേഷം കൈലാസം പൂകി എന്ന് തിരുത്തോണ്ടർ തൊഗൈയിൽ രേഖപ്പെടുത്തിക്കാണുന്നു.

### തിരുജ്ഞാനസംബന്ധർ

ചോഴനാട്ടിലെ ശീർക്കാഴി എന്ന ഗ്രാമത്തിൽ താമസിച്ചിരുന്ന ശിവപാദവിരുതയരും ഭഗവതിയും ഉറച്ച ശിവോപാസകരായിരുന്നു. ജൈനമതക്കാർ അടിച്ചേൽപ്പിച്ചിരുന്ന ആചാരങ്ങൾ ആ ബ്രാഹ്മണ ദമ്പതികളെ വല്ലാതെ വിഷമിപ്പിച്ചു. പുറത്തുനിന്നെത്തിയ ജൈനരെ ഒതുക്കി ജനങ്ങളെ രക്ഷിക്കാനും ശൈവമതത്തിനു ശക്തി പകരാനും ത്രാണിയുള്ള ഒരു പുത്രനെ നൽകി തന്നെ അനുഗ്രഹിക്കണം എന്നു പ്രാർത്ഥിച്ചുകൊണ്ട് ശിവപാദവിരുതയർ

വ്രതംനോറ്റു. താമസിയാതെ ഭഗവതിയമ്മ ഒരു പുത്രനു ജന്മം നൽകി. ഈ കുഞ്ഞ് മുജ്ജന്മത്തിൽ ശിവപെരുമാളിൽ ഭക്തിയുറച്ച ഒരു വ്യക്തിയുടെ പുനർജന്മമായിരുന്നു.

കുഞ്ഞിനു മൂന്നു വയസ്സു തികഞ്ഞു. ഒരുനാൾ പിതാവു കുളത്തിൽ കുളിക്കാൻ പോയപ്പോൾ അവൻ കൂടെച്ചെന്നു കടവിലിരുന്നു. അച്ഛൻ വെള്ളത്തിൽ മുങ്ങിക്കുളിക്കുമ്പോൾ കുഞ്ഞു കരയാൻ തുടങ്ങി. തിരുത്തോണിയപ്പർ ക്ഷേത്രത്തിന്റെ താഴികക്കുടത്തിനു നേർക്കുനോക്കിക്കൊണ്ട് 'അമ്മേ – അപ്പാ' – എന്നു മനസ്സുരുകി വിളിച്ചു. ഉടൻ തന്നെ മഹാദേവൻ പ്രത്യക്ഷപ്പെട്ട് അവനെ ആശ്വസിപ്പിച്ചു. കുട്ടിയുടെ മുജ്ജന്മ വൃത്താന്തമറിയാവുന്ന ഭഗവാൻ അവനെ അനുഗ്രഹിച്ചു. 'ഇവനു ഭക്തിയും ശ്രദ്ധയുമുണ്ട് – ഇനി ജ്ഞാനം കൂടി ഉണ്ടാകണം!' എന്നു തീർച്ചയാക്കിക്കൊണ്ട് അവിടുന്ന് ദേവിയോട് ഇപ്രകാരം കൽപിച്ചു. 'ദേവീ, അവിടുന്ന് തായ് (അമ്മ) ആണല്ലോ, അവിടുത്തെ തായ്പ്പാൽ (മുലപ്പാൽ) ഒരു കിണ്ണത്തിൽ പകർന്ന് ഈ കുഞ്ഞിനു നൽകിയാലും!' ഇതുകേട്ട് ദേവി അർത്ഥഗർഭമായ ഒരു പുഞ്ചിരി തൂകി. ശിവജ്ഞാനമായ അമൃത് പാലിലൂടെ ദേവി കുട്ടിക്കു നൽകി. പാൽ കുടിച്ച കുട്ടി തിരുജ്ഞാനം നേടി എന്നു പറയേണ്ടതില്ലല്ലോ. കുളികഴിഞ്ഞു കുളത്തിൽ നിന്നു കയറിയ പിതാവ് ഉത്സാഹത്തോടെ ഇരിക്കുന്ന പുത്രനെക്കണ്ടു. അവന്റെ ചുണ്ടിൽ പാൽത്തുള്ളികൾ പറ്റിപ്പിടിച്ചിരിക്കുന്നതും അദ്ദേഹം ശ്രദ്ധിച്ചു. "ആരാണ് നിനക്കു പാൽ തന്നത് എന്ന് അദ്ദേഹം ചോദിച്ചു. കുട്ടി തോണിയപ്പരുടെ ക്ഷേത്രത്തിനു നേർക്കു വിരൽ ചൂണ്ടിക്കൊണ്ട് 'തോട്ടുടയശെവിയൻ' എന്നാരംഭിക്കുന്ന തിരുപ്പതികം പാടി. 'മഹാദേവൻ കൃപയരുളി എനിക്കു ജ്ഞാനപ്പാൽ പകർന്നു നൽകി' എന്ന് ഗാനത്തിലൂടെ അവൻ പിതാവിനെ അറിയിച്ചു. പുത്രന്റെ കറയറ്റ സംഗീതസിദ്ധിയിൽ മനംനിറഞ്ഞ പിതാവ് അവനോടൊപ്പം ക്ഷേത്രത്തിനകത്തേക്കു പ്രവേശിച്ചു. ശ്രീകോവിലിൽ മഹാദേവനും ഉമാദേവിയും പ്രത്യക്ഷരൂപത്തിൽ കുട്ടിക്കു ദർശനം നൽകി. തിരുപ്പതികം പാടി ഭഗവാന്റെ അനുഗ്രഹം നേടിയ കുട്ടിയെ തോളിലേറ്റി പിതാവ് നടന്നു. അടുത്ത ദിവസം തിരുജ്ഞാനസംബന്ധർ തിരുക്കോലക്കാ എന്ന ശിവക്ഷേത്രത്തിലെത്തി. തന്റെ ഇളംകൈകൊണ്ട് താളം പിടിച്ച് 'മടൈയിൽ വാളൈപായ്' എന്നു തുടങ്ങുന്ന തിരുപ്പതികം പാടി. ആ സമയം ഒരു 'കിണ്ണാരം'' (ഓടുകൊണ്ട് നിർമ്മിച്ച ഒരു താളവാദ്യം) അവന്റെ കൈകളിൽ പ്രത്യക്ഷപ്പെട്ടു. അവൻ തമിഴിൽ പിന്നെയും തിരുപ്പതികങ്ങൾ പാടി. അതോടെ ശീർക്കാഴിയിലെ തിരുത്തോണിയപ്പർ ക്ഷേത്രത്തിൽ ശിവലോകസമാനമായചൈതന്യം വിളങ്ങി . സംബന്ധരുടെ തിരുപ്പതികത്തിൽ തിരുനനിപ്പള്ളിയിലെ ശിവക്ഷേത്രം വലംപിരിശംഖിന്റെ ആകൃതിയിലാണ് നിർമ്മിച്ചിരിക്കുന്നത് എന്ന പരാമർശം കാണാം.

സംബന്ധർ തിരുവലംപുരം, തിരുപ്പല്ലവനീശ്വരം, തിരുച്ചായ്ക്കാട്, തിരുവെൺകാട്, തെൻതിരുമുല്ലൈ മുതലായ അനവധി ശിവാലയങ്ങൾ സന്ദർശിച്ചു. സംബന്ധരുടെ തേവാരങ്ങൾ കേൾവിക്കാരിൽ ഭക്തിയുടെ അനുഭൂതികളുണർത്തി. തിരുമഹേന്ദ്രപ്പള്ളി, തിരുഗുരുക്കാവൂർ എന്നീ ശിവാലയങ്ങളും അദ്ദേഹം സന്ദർശിച്ചു. ഭഗവാന്റെ പുത്രൻ എന്ന അർത്ഥത്തിൽ ജനങ്ങൾ ആളുടയ പിള്ളയാർ എന്നു വാഴ്ത്തി. ശിവജ്ഞാനപ്പാലമൃതം കഴിച്ചതിനാൽ അവർ അദ്ദേഹത്തെ ശിവജ്ഞാനസംബന്ധർ എന്നും വിളിച്ചു.

ഒരിക്കൽ തിരുനീലകണ്ഠപെരുംപാണരും പത്നിയും ശീർക്കാഴിയിലെത്തി തിരുജ്ഞാനസംബന്ധരെ വണങ്ങി. അവർ സംബന്ധരോടൊപ്പം തോണിയപ്പരെ വണങ്ങുവാൻ ക്ഷേത്രത്തിലേക്കു ചെന്നു. താണജാതിക്കാരായതിനാൽ പാണരും പത്നിയും അകത്തേക്കു കയറാതെ ക്ഷേത്രത്തിനു പുറത്തു നിന്നുകൊണ്ടുതന്നെ ദേവനെ വണങ്ങി. സംബന്ധർ ആവശ്യപ്പെട്ടതനുസരിച്ച് പാണരും പത്നിയും ചേർന്ന് യാഴ് മീട്ടിക്കൊണ്ട് ഒരു ശിവസ്തുതി ആലപിച്ചു. ക്ഷേത്രത്തിലുണ്ടായിരുന്ന ജനങ്ങൾ ഭക്തിസാഗരത്തിലാറാടി. ഈ അവസരത്തിൽ പാണർ സംബന്ധർക്കു മുമ്പാകെ ഒരഭ്യർത്ഥനയുമായി കൈകൂപ്പി നിന്നു. 'അവിടുന്ന് തിരുപ്പതികം ആലപിക്കുമ്പോഴൊക്കെ പുറകെ ഇരുന്ന് യാഴ് മീട്ടാൻ അടിയനെ അനുവദിക്കണം!'●

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ





ക്ഷേത്രങ്ങളിലൂടെ

# പഞ്ചപാണ്ഡവ ക്ഷേത്രങ്ങൾ

ഇന്ദിരാഭായി (ഫോൺ: 9947998674)

ഭാരതത്തിന്റെ കഥയായ മഹാഭാരതം മാനവരാശിക്ക് ഇന്നുവരെ ലഭിച്ചിട്ടുള്ളതിൽ വച്ചേറ്റവും മഹത്തായ കൃതിയാണല്ലോ. ഇതിഹാസങ്ങളുടെ ഇതിഹാസമെന്നു വിശേഷിപ്പിക്കുന്ന ഏറ്റവും ബൃഹത്തായ ഈ കാവ്യം മഹത്വത്തിന്റെ കാര്യത്തിൽ മുൻനിരയിലാണ്. ഇതിലുള്ളത് മറ്റെവിടെയെങ്കിലും കണ്ടേക്കാം, ഇതിലില്ലാത്തത് മറ്റൊരിടത്തും കാണുകയുമില്ല എന്നാണല്ലോ. വിശ്വസാഹിത്യത്തിൽ ഇങ്ങനെയൊരു വിശേഷണത്തിനർഹമായ മറ്റൊരു കൃതിയും ഇതുവരെ ഉണ്ടായിട്ടില്ല. അലയാഴിപോലെ അനന്തമാണ് മഹാഭാരതം. അതുകൊണ്ടു തന്നെ ലോകമെമ്പാടും ഈ മഹാ ഇതിഹാസത്തെ ആദരിക്കുന്നു. ഭാരതത്തിന്റെ ആദ്യ ചക്രവർത്തിയായിരുന്ന ഭരതന്റെ പിൻതലമുറക്കാരായ കൗരവരും പാണ്ഡവരും തമ്മിലുള്ള പോരാട്ടമാണല്ലോ മഹാഭാരത ഇതിവൃത്തം. ഭാരതീയ ചിന്തയുടെ ചൈതന്യധാരയായി നിലകൊള്ളുന്ന ഭഗവത് ഗീതയാണ് മഹാഭാരതത്തിലെ ഏറ്റവും സാരവത്തായ ഭാഗം. കൃഷ്ണദ്വൈപായനൻ വേദങ്ങളെ നാലായി തിരിച്ച് വേദവ്യാസനായി . ത്രിലോകജ്ഞാനിയായ വേദവ്യാസൻ രചിച്ച ഭാരതത്തിന്റെ കഥയായ മഹാഭാരതം ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടമായി കണക്കാക്കപ്പെടുന്നു. മഹാഭാരത കഥ നമ്മളോരുത്തരുടെയും കഥയാണ്. കൗരവ പാണ്ഡവ പോരാട്ടകഥയിലെ പാണ്ഡവൻമാർ വനവാസകാലത്തും അജ്ഞാത വാസക്കാലത്തും നമ്മുടെ മലയാള മണ്ണിൽ വന്നു താമസിച്ചിരുന്നതിന്റെ തെളിവുകളെന്ന നിലയിൽ പല സ്ഥലങ്ങളും ക്ഷേത്രങ്ങളും നമ്മുടെ കേരളത്തിലുണ്ട്. പാണ്ഡവൻമാർ തികഞ്ഞ വിഷ്ണുഭക്തരായിരുന്നു. പാണ്ഡവൻമാരുടെ ജീവിതത്തിലെ ദുരിതഘട്ടങ്ങളിലെല്ലാം അവരെ രക്ഷിച്ചിരുന്നത് ഭഗവാൻ ശ്രീകൃഷ്ണനായിരുന്നല്ലോ. വനവാസകാലത്ത് പാണ്ഡവൻമാർ ചെങ്ങന്നൂരിനടുത്തുള്ള ഒരു കുന്നിൻ മുകളിൽ താമസിച്ചിരുന്നു എന്നും ഈ സ്ഥലമാണ് പാണ്ഡവൻ പാറ എന്നറിയപ്പെടുന്നത് എന്നുമാണ് വിശ്വാസം. പാണ്ഡവൻ പാറ എന്ന സ്ഥലത്തു താമസിച്ചിരുന്ന അവരോരുത്തരും അടുത്തു തന്നെയുള്ള ഓരോ ക്ഷേത്രങ്ങളിൽ മഹാവിഷ്ണുപ്രതിഷ്ഠ നടത്തി ആരാധിച്ചിരുന്നു എന്നും വിശ്വസിക്കുന്നു. പാണ്ഡവൻമാരോരുത്തരും പ്രതിഷ്ഠ നടത്തി ആരാധിച്ചിരുന്ന മഹാക്ഷേത്രങ്ങളാണ് തൃച്ചിറ്റാറ്റ് മഹാവിഷ്ണുക്ഷേത്രം, തൃപ്പുലിയൂർ മഹാവിഷ്ണുക്ഷേത്രം, തിരുവൻവണ്ടൂർ മഹാവിഷ്ണുക്ഷേത്രം, തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രം, തിരുആറന്മുള പാർത്ഥസാരഥിക്ഷേത്രം എന്നിവ. ഈ അഞ്ചുക്ഷേത്രങ്ങളെ പഞ്ചപാണ്ഡവക്ഷേത്രങ്ങളെന്നാണറിയപ്പെടുന്നത്. ഒറ്റ ദിവസം തന്നെ ഈ അഞ്ചു ക്ഷേത്രങ്ങളിലും ദർശനം നടത്തുന്നത് അഞ്ചമ്പലദർശനം എന്ന പേരിൽ ഭക്തജനങ്ങൾ വളരെ പുണ്യമായി കരുതുന്നു. അഞ്ചമ്പലങ്ങൾ എന്നറിയപ്പെടുന്ന ഈ ക്ഷേത്രങ്ങൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകളിലാ



യാണ് സ്ഥിതി ചെയ്യുന്നത്.

## തൃച്ചിറ്റാറ്റു മഹാവിഷ്ണുക്ഷേത്രം

ഭാരതത്തിലെ 108 വൈഷ്ണവതിരുപ്പതികളിൽ പ്രധാനപ്പെട്ട ഒരു വിഷ്ണുക്ഷേത്രമാണ് തൃച്ചിറ്റാറ്റ് മഹാവിഷ്ണുക്ഷേത്രം. ചെങ്ങന്നൂരിനടുത്താണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.തിരുച്ചിറ്റാറ്റ് കാലക്രമേണ തൃച്ചിറ്റാറ്റ് എന്നായി മാറിയതായിരിക്കാം. യുധിഷ്ഠിരൻ പ്രതിഷ്ഠിച്ച ക്ഷേത്രമാണ് തൃച്ചിറ്റാറ്റ് മഹാവിഷ്ണുക്ഷേത്രം. ധർമ്മത്തെ മുറുകെപ്പുണർന്നു ജീവിച്ച യുധിഷ്ഠിരന്റെ തൃക്കൈകളാൽ പ്രതിഷ്ഠിച്ചതും നിത്യവും അദ്ദേഹം പൂജിച്ചിരുന്നതുമായ ഭഗവാനെ കണ്ടു വണങ്ങാൻ സാധിച്ചതിന്റെ സംതൃപ്തിയുമായിട്ടാവും ഇവിടെ വരുന്ന ഓരോ ഭക്തരും മടങ്ങിപ്പോവുക. കാലാന്തരത്തിൽ ക്ഷേത്രത്തിനും ക്ഷേത്രപരിസരങ്ങൾക്കും പല മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഇന്നും പഴമയുടെ ആഢ്യത്വവും പ്രൗഢിയും തെളിഞ്ഞു കാണുന്ന ഒരു മഹാക്ഷേത്രമാണ് തൃച്ചിറ്റാറ്റ് മഹാവിഷ്ണുക്ഷേത്രം. ക്ഷേത്രത്തിന്റെ വലതു വശത്തുള്ള ക്ഷേത്രക്കുളം ശംഖതീർത്ഥം എന്നാണറിയപ്പെടുന്നത്. മീനമാസത്തിലെ അത്തം നാൾ കൊടിയേറി പത്തു ദിവസമാണ് ഇവിടുത്തെ ഉത്സവം.

## തൃപ്പുലിയൂര് മഹാവിഷ്ണുക്ഷേത്രം

ഭീമൻ എന്ന പേരിലെ ഗാംഭീര്യം പോലെ തന്നെ ഗാംഭീര്യമുള്ള പേരാണ് ഭീമൻ പ്രതിഷ്ഠ നടത്തിയ ക്ഷേത്രത്തിനും. അതാണ് തിരുപ്പുലിയൂർ മഹാവിഷ്ണുക്ഷേത്രം. പാണ്ഡവൻമാരിലെ അതിശക്തിമാനെന്നറിയപ്പെടുന്ന ഭീമൻ പ്രതിഷ്ഠിച്ച മഹാവിഷ്ണുക്ഷേത്രമാണ് തൃപ്പുലിയൂർ മഹാവിഷ്ണുക്ഷേത്രം. തിരുപ്പുലിയൂർ എന്നത് പിന്നീട് തൃപ്പുലിയൂരായി അറിയപ്പെട്ടു. തൃപ്പുലിയൂർ എന്ന പേരിലുള്ളതുപോലെ ഒരു രൗദ്രഭാവം ഈ ക്ഷേത്രത്തിലെത്തിയാൽ നമുക്കും അനുഭവപ്പെടും. ഭാരതത്തിലെ 108 മഹാവിഷ്ണുക്ഷേത്രങ്ങളിലൊന്നാണ് ഭീമസേന തിരുപ്പതി എന്നറിയപ്പെടുന്ന തൃപ്പുലിയൂര് മഹാവിഷ്ണുക്ഷേത്രം. ചെങ്ങന്നൂരു നിന്നും 4 കിലോമീറ്റർ തെക്കുപടിഞ്ഞാറാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രൗദ്രഭാവത്തിൽ നാലുതൃക്കൈകളോടു കൂടിയ തൃപ്പുലിയൂരപ്പന്റെ ദർശനം കിഴക്കോട്ടാണ്. മനോഹരങ്ങളായ ചുമർചിത്രങ്ങളാലും ദാരുശില്പങ്ങളാലും അലംകൃതമാണ് ഈ ക്ഷേത്രം.

വ്യാഘ്രപാദമഹർഷി തൃപ്പുലിയൂർ വന്നു താമസിച്ചിരുന്നതായും പൂജകൾ നടത്തിയിരുന്നതായും അങ്ങനെയാണ് സ്ഥലനാമം തൃപ്പുലിയൂർ എന്നായതെന്നും ഐതിഹ്യമുണ്ട്. ഗണപതി, അയ്യപ്പൻ, ശിവൻ, സുബ്രഹ്മണ്യൻ, ഹനുമാൻ, നാഗങ്ങൾ, രക്ഷസ്സ് എന്നിവരാണ് ഇവിടുത്തെ ഉപദേവതകൾ. നിത്യവും അഞ്ചുപൂജകളും മൂന്നു ശീവേലിയുമുള്ള ക്ഷേത്രമാണ് തൃപ്പുലിയൂർ മഹാവിഷ്ണുക്ഷേത്രം. മകരമാസത്തിലെ അത്തം നാളിൽ കൊടിയേറി പത്തു ദിവസമാണ് ഇവിടുത്തെ ഉത്സവം. തിരുവോണനാളിൽ പമ്പാനദിയിലെ ആറാട്ടോടെയാണ് തൃപ്പുലിയൂരപ്പന്റെ ഉത്സവ സമാപനം. മകരസംക്രമദിവസം ഇവിടുത്തെ കാവടിയാട്ടം വളരെ പ്രസിദ്ധമാണ്. ആയിരത്തിലധികം കാവടികൾ അന്ന് തൃപ്പുലിയൂരപ്പന്റെ നടയിലെത്തും. കാവടിയാട്ടം നടത്തുന്ന ഏകമഹാവിഷ്ണുക്ഷേത്രമാണ് തൃപ്പുലിയൂർ ക്ഷേത്രം.

## തിരുആറന്മുള പാർത്ഥസാരഥി ക്ഷേത്രം

കേരളത്തിലെ ഏറ്റവും പഴക്കമേറിയ ക്ഷേത്രങ്ങളിലൊന്നായ തിരുആറന്മുള പാർത്ഥസാരഥിക്ഷേത്രത്തിലെ വിഗ്രഹം ഒരു അപൂർവ്വ വിഗ്രഹമാണ്. പഞ്ചപാണ്ഡവൻമാരിലെ വില്ലാളി വീരനായ അർജ്ജുനനാണ് പാർത്ഥസാരഥി വിഗ്രഹം പ്രതിഷ്ഠിച്ചത് എന്നു വിശ്വസിക്കുന്നു. പാർത്ഥന്റെ സാരഥിയായ കൃഷ്ണനാണ് ഇവിടുത്തെ പ്രതിഷ്ഠ. പത്തനംതിട്ട ജില്ലയിലാണ് പാർത്ഥസാരഥിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പത്തനംതിട്ട ജില്ലയിലെ ആറൻമുളയിലെ വിശുദ്ധനദിയായ പമ്പയുടെ തീരത്തെ ഈ ക്ഷേത്രം ആറന്മുള പഞ്ചായത്തിലും ക്ഷേത്രമുറ്റം മല്ലപ്പുഴശ്ശേരി പഞ്ചായത്തിലുമാണ്. കേരളീയ വാസ്തുകലകളുടെ മഹനീയ ദൃഷ്ടാന്തമാണ് ആറന്മുള പാർത്ഥസാരഥിക്ഷേത്രം. കേരളത്തിലെ ശ്രീകൃഷ്ണക്ഷേത്രങ്ങളിൽ ഏറ്റവും ഉയരം കൂടിയ വിഗ്രഹം തിരുവാറന്മുള പാർത്ഥസാരഥിക്ഷേത്രത്തിലേതാണ്. അർജ്ജുനന് വിശ്വരൂപം കാണിച്ചു കൊടുക്കുന്ന ശ്രീകൃഷ്ണന്റെ സങ്കല്പമാണ് ഇവിടുത്തെ ഭഗവാന് അതുകൊണ്ടു തന്നെ ഭഗവാൻ ഉഗ്രമൂർത്തിയാണ്. കിഴക്കോട്ടാണ് ദർശനം. ഇവിടുത്തെ ക്ഷേത്രച്ചുമരുകൾ 18 ാം നൂറ്റാണ്ടിൽ വരച്ച ചിത്രങ്ങളാൽ അലംകൃതമാണ്. ക്ഷേത്രത്തിൽ പുറം ചുമരിന്റെ നാലു വശങ്ങളിലായി നാലു ഗോപുരങ്ങളുണ്ട്. കിഴക്കേ ഗോപുരത്തിലേക്ക് 18 പടികളാണുള്ളത്. വടക്കെ ഗോപുരത്തിൽ നിന്ന് പമ്പാനദിയിലേക്കിറങ്ങാൻ 57 പടികളുമാണുള്ളത്. ശബരിമലയിൽ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുള്ള തങ്ക അങ്കിയും വഹിച്ചുള്ള ഘോഷയാത്ര ആരംഭിക്കുന്നത് തിരുആറന്മുള പാർത്ഥസാരഥിക്ഷേത്രത്തിൽ നിന്നാണ്. ഈ ക്ഷേത്രം ആദ്യം പണിതത് നിലയ്ക്കലിലായിരുന്നു. അവിടെ നിന്നും പിന്നീട് വിഗ്രഹം ആറു മുളകൾ





ചേർത്തു നിർമ്മിച്ച ചങ്ങാടത്തിൽ ഇവിടേക്കു കൊണ്ടു വന്നതാണെന്നും അങ്ങനെ ആറു മുളകൾ എന്ന അർത്ഥത്തിൽ ഈ സ്ഥലത്തിന് ആറന്മുള എന്ന പേരുണ്ടായി എന്നും ഐതിഹ്യമുണ്ട്. ലോകശ്രദ്ധ പിടിച്ചു പറ്റിയ ആറന്മുള കണ്ണാടി ആറന്മുളയുടെ മാത്രം പ്രത്യേകതയാണ്. ആറന്മുള പാർത്ഥസാരഥിയുടെ അനുഗ്രഹത്തോടുകൂടി ലോകപ്രശസ്തമായ ആറന്മുള വള്ളം കളി നടത്തുന്നതിവിടെയാണ്. ആറന്മുളയിലെ വള്ളസദ്യ ഭഗവാന്റെ പ്രധാന വഴിപാടാണ്. ആയിരങ്ങൾ പങ്കു കൊള്ളുന്ന ആറന്മുള വള്ളസദ്യയും തിരുവോണതോണിയും അഷ്ടമിരോഹിണി വള്ള സദ്യയും ഉത്രട്ടാതി വള്ളംകളിയും വഞ്ചിപ്പാട്ടിന്റെ താളവും പമ്പാനദിയുടെ പുണ്യവും ആറന്മുളക്ഷേത്രത്തെ പരിപാവനമാക്കുന്നു. ഗണപതി , അയ്യപ്പൻ, ശിവൻ, ഭഗവതി നാഗങ്ങൾ എന്നിവരാണ് ആറന്മുള പാർത്ഥസാരഥിക്ഷേത്രത്തിലെ ഉപപ്രതിഷ്ഠകൾ.

## തിരുവൻവണ്ടൂർ മഹാവിഷ്ണുക്ഷേത്രം

പടിഞ്ഞാട്ടു ദർശനമായിട്ടുള്ള അപൂർവ്വം വിഷ്ണുക്ഷേത്രങ്ങളിലൊന്നാണ് തിരുവൻവണ്ടൂർ മഹാവിഷ്ണുക്ഷേത്രം. ചെങ്ങന്നൂരിൽ നിന്നും നാലു കിലോമീറ്റർ വടക്കു പടിഞ്ഞാറാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. നകുലൻ പ്രതിഷ്ഠിച്ചു പൂജിച്ച മഹാവിഷ്ണു പ്രതിഷ്ഠയാണ് തിരുവൻവണ്ടൂരപ്പൻ. പാമ്പണയപ്പൻ തിരുപ്പതി എന്നാണ് തിരുവൻവണ്ടൂർ മഹാവിഷ്ണുക്ഷേത്രം അറിയപ്പെടുന്നത്. ഭക്തജനങ്ങൾ തിരുവൻവണ്ടൂർ ക്ഷേത്രത്തിലെ ഗോശാലകൃഷ്ണന്റെ തിരുസന്നിധിയെ വളരെയധികം പ്രാധാന്യത്തോടെയാണ് കാണുന്നത്. 1963 ൽ ക്ഷേത്രം മേൽശാന്തിക്ക് സ്വപ്നദർശനം ലഭിച്ചതിനെ തുടർന്ന് ക്ഷേത്രത്തിൽ നിന്നും 50 മീറ്റർ അകലെ ക്ഷേത്രത്തിനു പിന്നിലുള്ള സ്ഥലത്തു നിന്നും 51 ദിവസത്തെ പ്രയത്നഫലമായിട്ടാണ് ഗോശാലകൃഷ്ണന്റെ വിഗ്രഹം ലഭിച്ചത്. 51 ദിവസത്തെ ശ്രമഫലമായി ഗോശാലകൃഷ്ണന്റെ വിഗ്രഹം ലഭിച്ചതിന്റെ ഓർമ്മയ്ക്കായി ഏഴു സപ്താഹങ്ങളടങ്ങുന്ന 51 ദിവസത്തെ ഉത്സവം ഇന്നും ഇവിടുത്തെ പ്രത്യേകതയാണ്. ഗോശാലകൃഷ്ണന് പാൽപായസം പ്രധാന വഴിപാടാണ്.

## തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ നിന്നും രണ്ടരകിലോമീറ്റർ കിഴക്കാണ് തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പാണ്ഡവസഹോദരൻമാരിൽ സഹദേവൻ പ്രതിഷ്ഠിച്ചു പൂജിച്ചിരുന്ന മഹാവിഷ്ണു പ്രതിഷ്ഠയാണ് തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രത്തിലേത്. നില്ക്കുന്ന രൂപത്തിലാണ് ഇവിടുത്തെ മഹാവിഷ്ണുവിഗ്രഹം കാണപ്പെടുന്നത്. അഞ്ജനശിലയിലുള്ള വിഗ്രഹം കിഴക്കോട്ടു ദർശനമായിട്ടാണ് നിലകൊള്ളുന്നത്. ലക്ഷ്മിദേവി ഇവിടെ കർപ്പകവല്ലി എന്ന പേരിലാണറിയപ്പെടുന്നത്. ചെത്തി മിനുസപ്പെടുത്തി രൂപപ്പെടുത്തിയ ഇവിടുത്തെ ക്ഷേത്രച്ചുമരുകൾ ക്ഷേത്രത്തിനൊരു കോട്ടയുടെ പ്രതീതിയാണ് നല്കുന്നത്. പ്രധാന ശ്രീകോവിൽ വൃത്താകൃതിയിൽ രണ്ടു നിലകളോടു കൂടിയതും അകത്തു മൂന്നു മുറികളുള്ളതും ചെമ്പു മേഞ്ഞതുമാണ്. ശ്രീകോവിലിൽ ഭഗവാനെ ശംഖചക്രഗദാപത്മധാരിയായാണ് കാണപ്പെടുന്നത്. ശ്രീകോവിലിനു മുന്നിലെ നമസ്കാരമണ്ഡപം ധാരാളം കൊത്തു പണികളും ദാരു ശില്പങ്ങളും നിറഞ്ഞതാണ്. ശ്രീകോവിലിനു ചുറ്റും മുകൾ തട്ടിൽ തന്മയത്വത്തോടെ കൊത്തിവച്ചിരിക്കുന്ന ദശാവതാര രൂപങ്ങൾ കാണേണ്ടതു തന്നെയാണ്. പഴയകാലത്തെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ധാരാളം ചുമരെഴുത്തുകളും കാണാം. ചുമരെഴുത്തുകളെല്ലാം വട്ടെഴുത്തു ലിപിയിലുള്ളതാണ്. പ്രധാന ശ്രീകോവിലിന്റെ തെക്കു ഭാഗത്ത് ഗണപതിയേയും ദക്ഷിണാമൂർത്തിയേയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഒരു ചെറിയ ദ്വാരത്തിലൂടെ മാത്രമേ ഈ പ്രതിഷ്ഠകൾ കാണാൻ കഴിയുകയുള്ളു. പടിഞ്ഞാറ് ഭാഗത്ത് നരസിംഹമൂർത്തി കുടികൊള്ളുന്നു. പടിഞ്ഞാറെ നടയിലും കിഴക്കേ നടയിലും കൊടിമരങ്ങളുണ്ട്. രണ്ടു കൊടിമരങ്ങളിലും ഗരുഡരൂപങ്ങളും കാണാം. എട്ടടിയോളം ഉയരത്തിലാണ് ക്ഷേത്രത്തിലെ ബലിക്കല്ല്. ബലിക്കൽപുരയുടെ മച്ചിൽ അഷ്ടദിക് പാലകരൂപങ്ങളാണ് കാണുന്നത്. നാലമ്പത്തിനു പുറത്ത് തെക്കു കിഴക്കു ഭാഗത്ത് പടിഞ്ഞാറു ദർശനമായി സുബ്രഹ്മണ്യ പ്രതിഷ്ഠയും കാണാം. വടക്കു പടിഞ്ഞാറു ഭാഗത്ത് ഭദ്രകാളീ സാന്നിദ്ധ്യവുമുണ്ട്. ഇവിടെ വിഗ്രഹമില്ല. തിരുമാന്ധാംകുന്നിലമ്മയുടെ സങ്കല്പമാണ് ഭഗവതിക്ക്. വൈഷ്ണവവിശ്വാസികളുടെ തീർത്ഥാടന യാത്രയിലെ ഒരു പ്രധാന സ്ഥലമാണ് തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രം. ഏക്കറുകളുടെ വിസ്തൃതിയുള്ള ക്ഷേത്രക്കുളവും കാണാം. തൃക്കൊടിത്താനം ക്ഷേത്രത്തിലെ മൂലവിഗ്രഹം അത്ഭുതനാരായണനെന്നും അമൃതനാരായണനെന്നും അറിയപ്പെടുന്നുണ്ട്.

## കഴുവേറ്റിക്കല്ല്

മറ്റു ക്ഷേത്രങ്ങളിലൊന്നും ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു സ്തൂപം ഈ ക്ഷേത്രഗോപുരത്തിന്റെ മുന്നിൽ കാണാം. ഇതു കഴുവേറ്റിക്കല്ല് എന്നാണ

റിയപ്പെടുന്നത്. തൃക്കൊടിത്താനം ക്ഷേത്രത്തിന്റെ കിഴക്കേനടയിലെ ക്ഷേത്രകവാടത്തിനും ക്ഷേത്രക്കുളത്തിനും മദ്ധ്യേ ആറടി പൊക്കമുള്ള ഒരു കരിങ്കൽ തൂണും അതിനു മുകളിലായി പൂണൂൽധാരിയായ ഒരാൾ ഇടതു കൈയ്യിൽ ഒരു ശംഖുമായി കിടക്കുന്ന കൃഷ്ണശിലയിൽ തീർത്ത ഒരു ആൾരൂപമുണ്ട്.



പണ്ട് അമ്പലപ്പുഴ രാജ്യം ഭരിച്ചിരുന്ന ചെമ്പകശ്ശേരി രാജാവ് ജന്മം കൊണ്ട് ബ്രഹ്മണനായിരുന്നുവെങ്കിലും വളരെയധികം ക്രൂരപ്രവൃത്തികൾ ചെയ്ത ആളായിരുന്നു. ഒരിക്കലദ്ദേഹം തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രത്തിലെത്തി. ശീവേലി കഴിഞ്ഞ് നടയടച്ച സമയത്തായിരുന്നു അദ്ദേഹം ക്ഷേത്രത്തിലെത്തിയത്. അമ്പലം തുറക്കണമെന്നും തനിക്ക് ദർശനം നടത്തണമെന്നും ക്ഷേത്രത്തിലുള്ളവരോട് ആവശ്യപ്പെട്ടു. ഭഗവാൻ ഉറങ്ങുകയാണ് ശല്യപ്പെടുത്തരുതെന്ന് അമ്പലത്തിലുള്ളവർ പറഞ്ഞെങ്കിലും അദ്ദേഹം ബലമായി അമ്പലം തുറക്കുകയും അവിടെ തന്നെ വീണു മരിക്കയും ചെയ്തു. ഈ സംഭവത്തിന്റെ സ്മരാണാർത്ഥം ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർക്ക് ശിക്ഷ ഉടനുണ്ടാകുമെന്ന് ഏവരേയും ഓർമ്മപ്പെടുത്തുന്നതിനാണ് ഈ സ്തൂപം ഇവിടെ സ്ഥാപിച്ചതെന്നുമാണ് ഐതിഹ്യം. ഐതിഹ്യമെന്തു തന്നെയായാലും തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രത്തിലെത്തുന്നവർ ക്ഷേത്രത്തിലേക്ക് കടക്കുന്നതിന്റെ മുമ്പ് കഴുവേറ്റിക്കല്ലിനെ രണ്ടു വട്ടം നോക്കിയിട്ടേ അകത്തേക്കു കടക്കൂ എന്നത് മൂന്നു വട്ടം ഉറപ്പ്.

ഒരുമയോടെ ജീവിച്ചിരുന്ന അഞ്ചു സഹോദരങ്ങളുമായി ബന്ധപ്പെട്ടതും അവർ വിശ്വസിച്ചാരാധിച്ചിരുന്നതുമായ ഈ അഞ്ചു മഹാക്ഷേത്രങ്ങളിലൂടെ അഞ്ചമ്പലദർശനം നടത്തി ദർശനപുണ്യം നേടാൻ സാധിക്കുക എന്നത് ആഗ്രഹിക്കാത്ത ഭക്തമനസ്സുകൾ ഉണ്ടാകില്ല. ഈ ആഗ്രഹപൂർത്തികരണത്തിനായി ആദ്യം തൃക്കൊടിത്താനം തൃച്ചിറ്റാറ്റ് , തൃപ്പുലിയൂർ തിരുവൻവണ്ടൂർ തരുവാറൻമുള എന്നീ ക്രമത്തിലായാൽ യാത്ര വേഗത്തിലാക്കാം. കൂടാതെ യാത്രാവസാനം തിരുവാറൻമുളയിലെത്തി ഭഗവാനെ ദർശിച്ചശേഷം പപ്പടം, പഴം, പായസങ്ങൾ ഉപ്പേരി സഹിതം ഭഗവാന്റെ ഭജനസദ്യയും ഭക്ഷിച്ച് അർജ്ജുനന് വിശ്വരൂപം കാട്ടിക്കൊടുത്ത ഭഗവാന്റെ കൊടിമരം മുറിക്കാനുള്ള ശ്രമത്തെ വിഫലമാക്കിയ ശക്തിക്കു മുന്നിൽ പ്രണമിച്ചു മടങ്ങുകയും ചെയ്യാം.

പഞ്ചപാണ്ഡവൻമാരുടെ കാലടികൾ പതിഞ്ഞതും ഭഗവാൻ മഹാവിഷ്ണുവിന്റെ ചൈതന്യം നിറഞ്ഞു നില്ക്കുന്നതുമായ മഹാഭാരതകഥയുടെ അത്രതന്നെ പഴക്കമുള്ളതുമായ ഈ പുണ്യക്ഷേത്ര സന്നിധികളിൽ എത്താൻ ആഗ്രഹിക്കുന്ന ഓരോ ഭക്തമനസ്സുകൾക്കും അവരുടെ ആഗ്രഹപൂർത്തീകരണത്തന് മാർഗ്ഗം തെളിയട്ടെ. പഞ്ചപാണ്ഡവരാൽ പ്രതിഷ്ഠിതമായ ഈ അഞ്ചുക്ഷേത്രങ്ങളിലും കുടികൊള്ളുന്ന പ്രപഞ്ചാധിപനായ ഭഗവാൻ മഹാവിഷ്ണുവിന്റെ കടാക്ഷാനുഗ്രഹങ്ങൾക്കു വേണ്ടി ഭക്തി പൂർവ്വം പ്രാർത്ഥിച്ചുകൊണ്ട്●

## കരയോഗ ധനസഹായ പദ്ധതി

എറണാകുളം കരയോഗം 2017 ൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വിദ്യാഭ്യാസ ധനസഹായം, വൃക്കരോഗികൾക്ക് ഡയാലിസിസിനുള്ള ധനസഹായം, വാർദ്ധക്യകാല, വിധവ പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ നിന്നും ജൂലായ് 10-ാം തിയതി മുതൽ 16-ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ വിതരണം ചെയ്യുന്നതായിരിക്കും. വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷയ്ക്ക് സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം 18-ാം തീയതി മുതൽ 21-ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റേണ്ടതാകുന്നു. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. സ്വാശ്രയ കോഴ്സുകളിൽ/കോളേജുകളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എന്ന്, ജനറൽ സെക്രട്ടറി





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

**ശ്ലോകം 5**

ത്രൈലോക്യോത്തരമോഹനം നവഘനശ്യാമം സുഹാരോജ്വലം

ഗോലോകേശ്വരി രാധികാകരധരം മാരോൽസവോൽക്കമ്പിതം

ആലോകാമൃതപൂരമീശ്വര ഭവദ്രൂപത്തെ നിത്യം സ്മരി

ച്ചാലോ മാനിനിമാരവന്നുവശമാകില്ലാരുമുപ്പാരിലും

**പദാർത്ഥം :**

ത്രൈലോക്യോത്തര = മൂന്നു ലോകത്തെക്കാൾ അധികം , മൂന്നു ലോകത്തെയും അത്യന്തം.

മോഹനം = മോഹിപ്പിക്കുന്നത്

നവ = പുതിയ

ഘന = ഘനീഭവിച്ച (ജലകണങ്ങൾ കൊണ്ട് )

ശ്യാമം = നീലനിറമുള്ള

സുഹാരോജ്വലം = സുന്ദരമായ മാലകൊണ്ട് ഉജ്ജ്വലമായ

ഗോലോകേശ്വരി = പശുക്കളുടെ ലോകത്തിന്റെ (ഗോപാലികമാരുടെ ) ഈശ്വരി

കരധരം = കൈ പിടിച്ചവനെ

മാരോസവോൽക്കൻപിതം = രതിവലാസത്തിന്റെ മൂർച്ചയിൽ ശരീരം വിറയ്ക്കുന്നവനെ

ആലോകമൃതപൂരം = കാണുന്നവരിൽ, കാഴ്ചയിൽ, കണ്ണിൽ അമൃത് പൂരിപ്പിക്കുന്ന, നിറയ്ക്കുന്നവനെ

ഈശ്വര = ഈശ്വര !

**ശ്ലോകാർത്ഥം :**

ഈശ്വര, അവിടുത്തെ രൂപത്തെ, ഗോപികമാരുടെ ഈശ്വരിയുടെ കരം പിടിച്ചവനായും, മൂന്നു ലോകത്തെയും അങ്ങേയറ്റം മോഹിപ്പിക്കുന്നവനായും, പുതു ജലകണങ്ങൾ നിറഞ്ഞ് ഘനീഭവിച്ച കറുത്ത (മേഘത്തിനു സമമായ)വനായും, സുന്ദരമായ മാലയാൽ ജ്വലിക്കുന്ന പ്രകാശവാനായും, (രാധികയുമായുള്ള) രതിലീലാവിലാസജന്യമായ മൂർച്ഛയിൽ ശരീരം വിറയ്ക്കുന്നവനായും, കാഴ്ചക്കാരുടെ കണ്ണിൽ അമൃത് നിറക്കുന്നവനായും, നിത്യവും സ്മരിക്കുന്നവന്, മൂന്നുലോകത്തിലും ഏത് മാനിനിയാണ് വശമാവാത്തത് !

വ്യാഖ്യാ :

മൂന്നുലോകത്തെയും അങ്ങേയറ്റം, അതി കലശലായി, തടയാൻ പറ്റാത്തവിധം മോഹിപ്പിക്കുന്നവനാണ് ത്രൈലോക്യോത്തര മോഹനൻ . ബോധക്ഷയത്തിലെത്തിക്കുന്നത്ര (സംഭ്രമം, പരിഭ്രമം, മൗഢ്യം മുതലായവയിലൂടെ ബോധക്ഷയത്തിലെത്തുന്നു) മോഹനം. പുതുജലകണങ്ങൾ നിറഞ്ഞ് ഘനീഭവിച്ച് ഇപ്പോൾ പെയ്യാൻ നിൽക്കുന്ന കറുത്ത മേഘങ്ങളെ പോലെ കറുത്തവൻ. മേഘങ്ങളെ നീലനിറമായും കവികൾ വർണ്ണിക്കാറുണ്ട്. സാഗരംപോലെ അഗാധത പ്രതിഫലിപ്പിക്കുന്നതുകൊണ്ടാണ് ഇത്. അപ്പോൾ മേഘങ്ങൾക്ക് അഗാധത ഒരു ഗുണമാണ്. കവി ഇവിടെ കറുപ്പുകൊണ്ട് 'ഉത്തര' ആകർഷണീയതയും, മേഘങ്ങളെകൊണ്ട് അഗാധതയും വ്യഞ്ജിപ്പിച്ചിരിക്കുന്നു. ജലകണങ്ങളായാൽ ആനിമിഷം നിലത്തേക്കു പതിക്കുന്ന എന്തോ ഒന്നാണ് ശ്യാമമേഘങ്ങളിൽ അടങ്ങിയിരിക്കുന്നത്. അതെന്താണെന്നറിയാതെ 'നവഘനശ്യാമം' എന്ന ഒറ്റ വാക്കിൽ അതിന്റെ നിറവും, അഗാധതയും, കുളിരും വ്യഞ്ജിപ്പിക്കാൻ ഗുരുവിനു തന്നെയേ കഴിയൂ. സുഹാരം എല്ലാ വിധത്തിലും 'സദ്' ആയിരിക്കും. സുന്ദരം, സുരഭിലം, സുരമ്യം. സുരസം (തേൻ നിറഞ്ഞ് വണ്ടുകളെ ആകർഷിക്കുന്ന) സുഭഗം, സുഗമം, സുകുമാരം അത്തരം ഒരു ഹാരം കൊണ്ട് ജ്വലിച്ചു നിൽക്കുന്നവൻ പശുക്കളുടെ, കുലത്തിനെന്നല്ല (ഗോകുലം) ലോകത്തിനു തന്നെ ഇശ്വരിയായവൾ 'ഗോലോകേശ്വരി' അങ്ങനെയുള്ള രാധികയുടെ കൈപിടിച്ചുകൊണ്ട് പ്രപഞ്ചസൃഷ്ടിക്കു കാരണമായ മാരോൽസവജന്യമായ ആനന്ദത്തിൽ, ശരീരമാകെ വിറയ്ക്കുന്ന ഈശ്വരനെ (വിഷ്ണുവിനെ) കാണുന്നവരുടെ കണ്ണിൽ അമൃത് കോരിയൊഴിക്കുന്നവനായി മൂന്നുലോകത്തെയും അത്യന്തം മോഹിപ്പിക്കുന്നവൻ ഈശ്വരൻ. വിഷ്ണുവിനെ (ഹരിയെ) ഈശ്വരനാക്കുന്ന (ഹരൻ) ആ വിദ്യ നോക്കൂ. ശ്രീ എം.ഡി രാമനാഥന്റെ ഹരിയും ഹരനും ഒൻ റേ

എൻ റേ എന്നു തുടങ്ങുന്ന കൃതി ഇതേ തത്വം വളരെ രസകരമായി പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം ഗുരു ഇവിടെ രാധയെ ഗോലോകത്തിന്റെയാണെങ്കിലും ഈശ്വരിയും ആക്കി ! ഇപ്രകാരം അവിടുത്തെ രൂപത്തെ നിത്യവും സ്മരിക്കണം. നിത്യം എങ്കിൽ മൂന്നു ലോകത്തിലെയും ഏത് മാനിനി തന്നെ വശമാകില്ല ! മാനിനി, സ്വയം മാനിക്കുന്നവൾ, കാമുകനോടുപോലും കോപിച്ചിരിക്കുന്നവൾ. അവൾ പോലും ! ഷട്കർമ്മങ്ങളിലെ വശ്യപ്രയോഗത്തെ പ്രതിപാദിക്കുന്നതാണ് ഇതിനു മുൻപത്തെ 'ശ്യാമാ' എന്നു തുടങ്ങുന്ന ശ്ലോകവും ഈ ശ്ലോകവും. ഈ ശ്ലോകവും അവിടെ സ്ത്രീ പുരുഷനെ വശീകരിക്കുന്ന വിദ്യ പറഞ്ഞു. ഇവിടെ പുരുഷൻ സ്ത്രീയെ വശീകരിക്കുന്ന വിദ്യ പറയുന്നു. അവിടെ സ്ത്രീ ദേവിയെ 'ശ്യാമാ' (കറുത്തവൾ ) ആയി ധ്യാനിക്കുന്നു. ഇവിടെ പുരുഷൻ ദേവനെ 'ശ്യാമ' (കറുത്തവൻ) ആയി ധ്യാനിക്കുന്നു. അവിടെ 'ത്രൈലോക്യ വശ്യംകരി' ആണെങ്കിൽ, ഇവിടെ 'ത്രൈലോക്യോത്തരമോഹന' ഇവിടെ ഭവദ്രൂപത്തെ നിത്യം സ്മരിക്കുക ആണെങ്കിൽ അവിടെ തവ മായയെ സതതമാരാധിക്കുകയാണ്. യോഗീന്ദ്രൻ 'നാരിതൻ പ്രേമത്തിന്നടിമപ്പെടുന്നതു' പോലെ മുപ്പാരിലും മാനിനിമാരവന്നു വശമാകില്ലാര് .

**ശ്ലോകം 6**

സർവ്വാധീശ ഭവൽകൃപയ്ക്ക് ചെറുതും പാത്രീഭവിക്കായ്കിലോ

ശ (ഗ?) ർവാദ്യർക്കുമതിവദുഷ്കരമഹോ ത്വന്മായതൻ ലംഘനം

സർവ്വം ചേതസി വാസുദേവമയമായ്ക്കാണുന്നതാരപ്പൂമാൻ

ദുർവ്വാരം ഗുണബന്ധനത്തെയതിലംഘിക്കുന്നു യത്നംവിനാ

കുറിപ്പ് ഃ മൂലം അച്ചടിയിൽ ശർവാദ്യർ എന്ന് അടിച്ചിട്ടുള്ളത് അതിൽ തന്നെ ചേർത്തിട്ടുള്ള ശുദ്ധിപത്രം അബദ്ധം എന്ന് പറഞ്ഞ്, 'ഗർവാദ്യർ' എന്ന് സുബദ്ധമാക്കിയിട്ടുണ്ട്. പക്ഷേ എന്റെ പരിമിതമായ അറിവു വച്ചും മറ്റു പണ്ഡിതരുമായി സംസാരിച്ചതിൽ നിന്നും 'ഗർവാദ്യർ' എന്ന വാക്കിന് വലിച്ചു നീട്ടി എന്തെങ്കിലും അസംബന്ധാർത്ഥം പറയാമെങ്കിലും 'ശർവാദ്യർ' തന്നെയാണ് ഇവിടെ അത്യുചിതം.

**പദാർത്ഥം ഃ**

സർവ്വാധീശ = എല്ലാത്തിന്റെയും മേലെ അധികാരമുള്ളവൻ

കൃപ = വാത്സല്യം

പാത്രീഭവിക്കുക = പാത്രമായിത്തീരുക

ശർവാദ്യർ = ശിവൻ മുതലായവർ

അതിവ = വളരെ

ദുഷ്കരം = സാധിക്കാൻ ബുദ്ധിമുട്ടുള്ള

അഹോ = ആശ്ചര്യദ്യോതകം

ത്വന്മായ = അവിടുത്തെ മായ

ലംഘനം = മറികടക്കുന്നത്

സർവ്വം = എല്ലാം

ചേതസി = ചിദ് സ്ഫുരണമായ മനസ്സിൽ

പൂമാൻ = പുരുഷൻ

ദുർവാരം = മറികടക്കാൻ പറ്റാത്ത

ഗുണബന്ധനം = സ്വഭാവങ്ങളുടെ കെട്ടുപാട്

അതിലംഘിക്കുക = മറികടക്കുക

യത്നം = ശ്രമം

വിനാ = ഇല്ലാതെ

**ശ്ലോകാർത്ഥം ഃ**

എല്ലാത്തിന്റെയും അധീശനായ അവിടുത്തെ വാത്സല്യത്തിനു അല്പം പോലും പാത്രമായില്ലെങ്കിൽ , ശിവൻ മുതലായവർക്കു പോലും അവിടുത്തെ മായയെ തരണം ചെയ്യാൻ വളരെ വിഷമം. എല്ലാം മനസ്സിൽ വാസുദേവമയമായി ആരു കാണുന്നുവോ, അവൻ മറികടക്കാൻ പറ്റാത്ത സ്വഭാവകെട്ടുപാടുകളെ ഒരു ശ്രമവും ചെയ്യാതെ മറികടക്കുന്നു.

**വ്യാഖ്യാ ഃ**

അവിടുന്ന് അധീശനാണ്. ഈശൻ പരമാധികാരമുള്ളവൻ, നിഗ്രഹാനുഗ്രഹശക്തികൾ വ്യക്തം. അധീശൻ മുകളിലാണ്. എന്തിന്റെ മുകളിലല്ല അവിടുന്ന് ? അല്ലാത്തതൊന്നുമില്ല. സർവ്വം. നിഗ്രഹാനുഗ്രഹശക്തികൾക്ക് വിഷയമല്ലാത്തതൊന്നുമില്ല. അങ്ങനെയുള്ള അവിടുത്തെ വാത്സല്യത്തിന് പാത്രമാവണം. അധീശനായ അങ്ങേക്കുപോലും വാത്സല്യം ചൊരിയണമെങ്കിൽ ഒരു പാത്രം വേണമല്ലോ! ഓട്ട പാത്രമായാൽ പറ്റില്ല. അങ്ങനെ അങ്ങയുടെ കരുണാ വാത്സ്യല്യങ്ങൾ സംഭരിക്കുവാൻ പറ്റുന്ന ഒരു പാത്രമാവാൻ പറ്റണം, എത്ര? 'ചെറുതും' അല്പം. അത്ര മതി അങ്ങയുടെ കൃപ. പക്ഷേ ആ ഒരിറ്റു കരുണ അങ്ങയിൽ നിന്നും ഏറ്റു വാങ്ങാൻ കഴിയുന്നൊരു പാത്രമായില്ലെങ്കിൽ ! ശിവൻ തുടങ്ങിയവർ. ശിവൻ ! പിന്നെന്ത്

'ആദ്യർ' സാക്ഷാൽ ശിവനു പറ്റാത്തതാണോ മറ്റുള്ളവർക്ക് പറ്റുന്നത് ! ശിവൻ മുതലായ സകല





ദേവഗണങ്ങൾക്കും ദുഷ്കരം ചെയ്യാൻ വളരെ ബുദ്ധിമുട്ടുള്ള വെറും ദുഷ്കരം തന്നെയല്ല. അതീവ ദുഷ്കരം. ചില കാര്യങ്ങൾ ചെയ്യാൻ ബുദ്ധിമുട്ടുള്ളതാണെങ്കിലും കുറെയൊക്കെ ശ്രമിച്ചാൽ കഴിയും. പക്ഷെ ഇവിടെ ഈ 'അതീവ' യുടെ ചേർച്ചകൊണ്ട് ഗുരു സൂചിപ്പിക്കുന്നത്, തികഞ്ഞ അസാദ്ധ്യത്വം തന്നെ. പറ്റുകയേ ഇല്ല. എന്ത് പറ്റില്ല ? അവിടുത്തെ മായയെ മുറിച്ചു മാറ്റാൻ. എതിർ നിൽക്കാൻ. ആ മായയിൽ നിന്ന് രക്ഷപ്പെടാൻ. ലോകാന്തേ തവ മായ തന്നെ എന്നു തുടങ്ങുന്ന മൂന്നാമത്തെ ശ്ലോകത്തിൽ പറയുന്നുണ്ട്, ആ സ്വന്തം മായയെ തന്നിലേക്ക് തന്നെ ഇല്ലാതാക്കിയിട്ട്, സച്ചിദാനന്ദസ്വരൂപനായി അവിടുന്നു മേവുന്നു. അപ്പോൾ ആ മായയെ ഇല്ലാതാക്കുന്നതു വരെ ശുദ്ധ ചിദാനന്ദമല്ലാത്ത ഭൗതിക രൂപങ്ങളും അവിടുന്നു സ്വീകരിക്കുന്നു. സ്വന്തം മായയെ സ്വയം ഇല്ലാതാക്കുന്നതുവരെ ജനനമരണാദികൾക്ക് വിധേയനാണ് അവിടുന്ന്. പിന്നെന്തു പൂമാൻ. ഭൂജാതനായ പുരുഷൻ ! വാസുദേവമയം. മയം എന്നാൽ ഉണ്ടാക്കപ്പെട്ടത് . ചിന്മയം ചിത്ത് പരിണമിച്ചുണ്ടായത്. തേജോമയം തേജസ്സ് പരിണമിച്ചുണ്ടായത്, അങ്ങനെ വാസുദേവൻ പരിണമിച്ചുണ്ടായത്. എങ്ങനെ വെള്ളം കൊണ്ടുണ്ടാക്കപ്പെട്ട മഞ്ഞു കണങ്ങൾ തിരികെ വെള്ളമാവുകയും വീണ്ടും മഞ്ഞാവുകയും ചെയ്യുന്നു. എങ്ങനെ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ട കുടം മണ്ണായിത്തീരാനും വീണ്ടും കുടമായി തീരാനും സമർത്ഥമാവുന്നു. അതുപോലെ വാസുദേവമയം സ്വയം വാസുദേവനായി മാറാനും വീണ്ടും സർവ പദാർത്ഥങ്ങളായി മാറാനും സമർത്ഥമാണ്. ഇക്കാണുന്നതും കാണാത്തതുമായ എല്ലാത്തിനെയും ഇപ്രകാരം വാസുദേവമയമായി കാണുന്ന പുരുഷനാരോ! പുംസ് എന്ന സംസ്കൃത ധാതുവിൽ നിന്നും പരിണമിച്ചതാണെങ്കിലും സംസ്കൃതത്തിൽ 'പുമാൻ' ഇല്ല. മലയാളത്തിൽ പുരുഷൻ, രക്ഷിക്കുന്നവൻ എന്നിങ്ങിനെ അർത്ഥം കാണാം. പുംസ് എന്ന സംസ്കൃത ധാതുവിന് 'ആത്മാവ്' എന്നർത്ഥമുള്ളതും ഇവിടെ മണിപ്രവാളത്തിലെടുക്കാം. എന്നാൽ പുമാൻ എന്നത് മനുഷ്യൻ എന്ന അർത്ഥത്തിലെ ഗുരു ഇവിടെ സ്വീകരിച്ചിട്ടുള്ളൂ. കാരണം ഗുരുവിനും പരമഗുരുവിനും സ്ത്രീകൾ ശിഷ്യരായിരുന്നു. അതിനാൽ മൃഗാതിരിക്തരായ മനുഷ്യർ എന്ന അർത്ഥം എടുത്താൽ മതി. ദുർവാരം. വാര എന്ന സംസ്കൃത വാക്കിന് തടുത്തു നിർത്തുക എന്നാണർത്ഥം. ദുർവാരം തടുത്തു നിർത്താൻ പറ്റാത്ത. ഗുണബന്ധനം സ്വഭാവങ്ങളുമായുള്ള ചേർച്ച. ഗുണം വൈശേഷികന്റെ സപ്തപദാർത്ഥങ്ങളിലൊന്ന്. 'ദ്രവ്യഗുണകർമ്മസാമാന്യവിശേഷസമവായഅഭാവ സപ്തപദാർത്ഥാ'. ഇവിടെ ഗുണം ഒന്നിനെ മറ്റൊന്നിൽ നിന്ന് വേർതിരിക്കുന്ന സ്വഭാവവിശേഷമാണ്. നന്മ എന്ന അർത്ഥമല്ല ഇവിടെ ബന്ധനം. ഒന്നില്ലാതെ മറ്റേതിനു നിലനിൽക്കാൻ പറ്റാത്ത അവസ്ഥയാണ് ബന്ധനം. സ്വഭാവങ്ങളില്ലാതെ നിലനിൽക്കാൻ പറ്റാത്ത അവസ്ഥയാണ് 'ഗുണബന്ധനം'. അതിനെ തടുത്തു നിർത്തണമെങ്കിൽ അത് ചലനാത്മകമായിരിക്കണം. പുമാൻ, പഞ്ചഭൂതാദി, പഞ്ചഗുണാതി ദശേന്ദ്രിയാതി മുപ്പത്താറ് തത്ത്വങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിലൊന്നത്രെ കാലം. കാലം പ്രവഹിക്കുന്നതാണ്. ഈ തത്ത്വബന്ധനം നിശ്ചലമായിരുന്നെങ്കിൽ, അത് ശുദ്ധജ്ഞാനാവസ്ഥ തന്നെയായേനെ. അതല്ല ആ ഒഴുക്കിനെ ആ ഗുണബന്ധനത്തിനെ അതിലംഘിക്കുന്നു . ലംഘനം തന്നെ നിഷേധം. മറികടക്കൽ അതിലംഘനം ലംഘനത്തിന്റെ ശക്തി കൂട്ടുന്നു അത് തന്നെയാണ് യത്നംവിനാ എന്ന പ്രയോഗത്തിലൂടെ വീണ്ടും സൂചിപ്പിച്ചിരിക്കുന്നത്●

# വിശേഷ ദിവസങ്ങൾ

## 2017 ജൂൺ15 മുതൽ ജൂലൈ 14 വരെ

| | | |
|---|---|---|
| ജൂൺ | 18 | അയ്യങ്കാളി ചരമദിനം |
| | 21 | കൂർമ്മാവതാര ജയന്തി |
| | 25 | കരയോഗം വാർഷിക പൊതുയോഗം |
| ജൂലൈ | 2 | കൊട്ടിയൂർ തൃക്കലശമാട്ടം |
| | 8 | ചമ്പക്കുളം വള്ളംകളി |
| | 9 | ഗുരുപൂർണ്ണിമ |

# ശിരോലിഖിതങ്ങൾ

**പത്മജ മേനോൻ (ഫോൺ: 82898 87472)**

തനിക്ക് പരിചയമുള്ള വീട്. ഇത് മീനാക്ഷിയുടെ വീടല്ലേ എന്നു പറഞ്ഞ് അയാൾ പെട്ടെന്ന് കാറിൽ നിന്നിറങ്ങി. കാറിന്റെ ശബ്ദം കേട്ട് ആരാണെന്നറിയുവാൻ മീനാക്ഷി പുറത്തേക്ക് വന്നു. മുണ്ടും നേര്യതും ഉടുത്ത് നെറ്റിയിൽ വലിയ പൊട്ട് വെച്ച് നില്ക്കുന്ന അവളെ അയാൾ ഇമവെട്ടാതെ നോക്കി നിന്നു. അവൾ അപ്പോഴേക്കും കൃഷണേട്ടാ എന്നു പറഞ്ഞ് ഓടി വന്ന് അയാളെ കെട്ടിപ്പിടിച്ചു. ഒരു കൊച്ചു കുട്ടിയുടെ കൗതുകത്തോടെ അരുണാ നമ്പ്യാർ ഇതെല്ലാം നോക്കി കാണുകയായിരുന്നു. അരുണയെ ചൂണ്ടി മീനാക്ഷി ഇതാരാണെന്നു ചോദിച്ചപ്പോൾ അരുണ പറഞ്ഞു ഞാൻ കൃഷ്ണരാജിന്റെ ഭാര്യ അരുണയാണെന്ന്. ഒരു നിമിഷം മീനാക്ഷിക്ക് തല കറങ്ങുന്നതുപോലെ തോന്നി. വീഴാതിരിക്കുവാൻ അവൾ തൂണിൽ മുറുകെ പിടിച്ചു. മനഃസാന്നിദ്ധ്യം വീണ്ടെടുത്ത് വരൂ. താൻ ഒന്നുമറിയാതെ ............ബാക്കിയുള്ളതു പറയുവാൻ അവൾക്ക് കഴിഞ്ഞില്ല............ ഒരു വിതുമ്പലോടെ അവൾ ധൃതിയിൽ ഉള്ളിലേക്ക് കയറി പോയി. കൃഷ്ണരാജിന് ഇഷ്ടമുള്ള ഇഡ്ഡലിയും സാമ്പാറും ഏത്തപ്പഴം പുഴുങ്ങിയതും ചായയും ആയിരുന്നു അന്നത്തെ പ്രാതൽ. അത് അവർക്കു കൊടുത്ത് മീനാക്ഷി വെറുതെ തല കുനിച്ച് നിന്നു. അരുണ ആ വീട് മുഴുവനും ഓടി നടന്ന് കണ്ടു. ഈ രീതിയിലുള്ള വീട് അവൾ ആദ്യമായി കാണുകയായിരുന്നു. മച്ചിലെ ഭഗവതിയെ അവൾ തൊഴുത് നമസ്കരിച്ചു. ഇത് എല്ലാം എന്നെ പഠിപ്പിച്ചത് രാജ് ആണെന്ന് പറഞ്ഞു. ആമ്പൽകുളവും, മൂക്കുറ്റി പൂക്കളും എല്ലാം കണ്ട് മതിമറന്നു നിന്നു. തൊടിയിലെ നെല്ലിമരത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന നെല്ലിക്കയെ അവൾ അടർത്തി എടുത്ത് കടിച്ചു തിന്നു. മൂവാണ്ടൻ മാവിലെ വലിയ ഊഞ്ഞാലു കണ്ട് അവൾ ഓടി പോയിരുന്നു. മീനാക്ഷിയെയും ഊഞ്ഞാലിൽ ഇരിക്കുവാൻ അവൾ നിർബന്ധിച്ചു. രണ്ടുപേരും ചേർന്നിരുന്ന് ഊഞ്ഞാലാടുന്നതു അയാൾ ദൂരെ നിന്ന് നോക്കി കണ്ടു. പെട്ടെന്ന് അവൾ സമയം നോക്കി എന്നിട്ട് മീനാക്ഷിയോട് പറഞ്ഞു തന്റെ കൃഷ്ണേട്ടനെ എനിക്ക് സ്നേഹിച്ച് കൊതി തീർന്നിട്ടില്ല. പക്ഷേ നന്ദിപൂർവ്വം അതിലേറെ വേദനയോടെ ഞാൻ തിരിച്ച് ഏൽപ്പിക്കുകയാണ്. കൃഷ്ണേട്ടന്റെ ആവശ്യവും, അവകാശവും മീനാക്ഷിക്ക് ആണ്. ഞാൻ ക്ഷണിക്കപ്പെടാതെ കയറി വന്ന അതിഥി മാത്രമാണ്. തന്റെ കൃഷ്ണേട്ടനെ ഞാൻ ഒന്നു ചുംബിച്ച് പോലും അശുദ്ധമാക്കിയിട്ടില്ലാ എന്നു പറയുമ്പോൾ ഗദ്ഗദത്താൽ അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. രാജ്ന്റെ മനസ്സിൽ മുഴുവനും മീനാക്ഷി മാത്രമാണെന്ന് എനിക്കറിയാം. മീനാക്ഷിയിൽ നിന്നും അരുണനമ്പ്യാരിലേക്ക് ഒരു പാട് ദൂരവുമുണ്ട്. ദൂരം പതിയെ കുറഞ്ഞു വരുമെന്ന് പ്രതീക്ഷിച്ച് കാത്തിരിക്കുകയായിരുന്നു. ഞാൻ. എന്റെ ശിരോലിഖിതമാണിത്. എന്നും, എപ്പോഴും ഞാൻ തനിച്ചാണ് . അതാണ് എന്റെ നിയോഗം. അച്ഛനല്ല എന്നറിഞ്ഞിട്ടും എന്നെ സ്പോൺസർ ചെയ്ത മാധവൻ നമ്പ്യാരെ ഞാൻ അച്ഛൻ എന്നു വിളിച്ചു. ആ ബന്ധവും കുറച്ചു നാളെ ഉണ്ടായിരുന്നുള്ളു. എനിക്ക് വേണ്ട പണമെല്ലാം ഏൽപ്പിച്ചിട്ട് അച്ഛനെന്ന് ഞാൻവിളിച്ച മാധവൻ നമ്പ്യാർ ഒരു ദിവസം കാലയവനികക്കുള്ളിൽ മറഞ്ഞു. ഒറ്റപ്പെടുന്നതിന്റെ വേദന എനിക്ക് നന്നായിട്ടറിയാം. അതുകൊണ്ടു തന്നെ മീനാക്ഷിയുടെ കാത്തിരിപ്പിന്റെ വേദന എനിക്കു മനസ്സിലാവും.

പക്ഷേ തളരില്ല ഞാൻ തളരാൻ പാടില്ല, ഒറ്റപ്പെടുമ്പോഴാണ് സഹായിക്കാൻ ആരുമില്ലായെന്നറിയുമ്പോളാണ് , നമ്മൾ ജീവിക്കാൻ പഠിക്കുന്നത്. പിന്നെ അനിയന്ത്രിതമായ ഒരു ഊർജ്ജം ആർജ്ജിച്ച് മുന്നോട്ട് കുതിക്കും. സ്വന്തബന്ധമൊന്നുമില്ലാതെ, സ്വതന്ത്രമായി ആകാശവിഹായസ്സിലെ പറവകളെപ്പോലെ..........അപ്പോൾ ആ കണ്ണുകളിൽ കത്തുന്ന തീക്ഷ്ണതയായിരുന്നു. അരുണാ നമ്പ്യാർ പെട്ടെന്ന് തന്റെ താലിമാല ഊരിയെടുത്ത് മീനാക്ഷിയുടെ കൈയ്യിൽ വെച്ചു കൊടുത്തു. അപ്പോഴെല്ലാം നീർവറ്റാത്ത പുഴ പോലെ മീനാക്ഷിയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. പിന്നീട് കൃഷ്ണരാജിനോട് പറഞ്ഞു എന്റെ സമ്പാദ്യത്തിന്റെ പകുതി ഞാൻ രാജ്ന്റെ പേരിൽ എഴുതി വെച്ചിട്ടുണ്ട്. അതിന്റെ പേപ്പേഴ്സ് എല്ലാം പെട്ടിയിലുണ്ട്. രാജ് അത് സ്വീകരിക്കണം. ഔദാര്യമായി കാണണ്ട. ഞാൻ പറയാറില്ലേ എന്റെ ഗുരുവാണെന്ന്. ഗുരുദക്ഷിണയായി കണ്ടാൽ മതി. പണം സമ്പാദിക്കുക എന്നതിലുപരി വേറൊരു ചിന്തയും എനിക്കില്ലായിരുന്നു. ജീവിതം എന്താണെന്നും, ബന്ധങ്ങളുടെ വിലയും സ്നേഹത്തിന്റെ ആഴവും എന്താണെന്നും എല്ലാം ഞാൻ അനുഭവിച്ച് അറിഞ്ഞു. ബിസിനസ്സ് ആവശ്യങ്ങൾക്കായി നാളെ ഞാൻ ദുബായിലേക്ക് പോകും. പക്ഷേ വർഷത്തിൽ ഒരിക്കൽ ഞാൻ നിങ്ങളുടെ ജീവിതത്തിലേക്ക് കടന്ന് വരും. നിറഞ്ഞ മനസ്സോടെ നിങ്ങളെന്നെ സ്വീകരിക്കണം. സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടുവാനുമായിട്ട്. എനിക്ക് പോകുവാൻ വേറൊരു ഇടമില്ല. സ്നേഹിക്കുവാനും ആരുമില്ല. അവൾ യാത്ര പറഞ്ഞ് പടികൾ ഇറങ്ങി. പെട്ടെന്ന് തിരിച്ച് വന്ന് കൃഷ്ണരാജിന്റെ കൈയ്യിൽ പിടിച്ച് പറഞ്ഞു, ജഹലമലെ ഉീ"േ മ്ീശര ാല അതു പറയുമ്പോൾ അവളുടെ കണ്ണുകൾ പൊട്ടിയൊഴുകുവാൻ വെമ്പുന്ന തടാകങ്ങളെ പോലെയായിരുന്നു. പെട്ടെന്ന് അവൾ തിരിഞ്ഞു നടന്നു. തിരിഞ്ഞ് നോക്കാതെ കൈ വീശി കാണിച്ച് കാറിൽ കയറി. ഒന്നു ശബ്ദിക്കുവാൻ പോലും കഴിയാതെ നിർന്നിമേഷരായി സാലഭഞ്ജികകൾ പോലെ അവർ നോക്കി നിന്നു.

കാലത്തിന്റെ അനന്തമാം വീഥിയിൽ ഋതുവ്യതിയാനങ്ങൾക്കൊപ്പം വെയിലും മഴയും ചിരിച്ചും കരഞ്ഞും മാറിക്കൊണ്ടേയിരുന്നു. വൈയക്തികമായ ഓർമ്മകളിൽ ലയിച്ചുകൊണ്ട് കൃഷ്ണരാജ് ഒറ്റയാൻ നക്ഷത്രം പോലെ വിദൂരതയിൽ കണ്ണും നട്ട് നാലുകെട്ടിൽ ഒതുങ്ങികൂടി ചലനമറ്റ കടൽ പോലെയായ വീട്ടിൽ കൃഷ്ണരാജിന്റെ ഭാവമാറ്റം മീനാക്ഷിയെ ആകുലയാക്കി. നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന നൊമ്പരപ്പെടുത്തുന്ന ബഹിർസ്ഫുരണങ്ങൾ കൃഷ്ണരാജിന്റെ കണ്ണുകളിൽ ദർശിക്കുവാൻ കഴിഞ്ഞു. ജീവിതയാനത്തിൽ നിരാശയും, നിശബ്ദതയും നാലുകെട്ടിനെ ശോകമൂകമാക്കി...... ഇനി എന്തുചെയ്യണമെന്നറിയാതെ വികലചിന്തകൾക്ക് അടിമപ്പെട്ട് മീനാക്ഷി രാത്രിയുടെ യാമങ്ങളിൽ കൃഷ്ണരാജ് അറിയാതെ കണ്ണീർ വാർത്തു.

നിദാഘത്തിലെ വെന്തുരുകുന്ന ചൂടിൽ പുതുമഴ പതിക്കുമ്പോൾ ഉണ്ടാകുന്ന അനുഭൂതി പോലെ ഞങ്ങൾക്ക് ഒരു ദിവസം അരുണാനമ്പ്യാരുടെ ഫോൺകോൾ വന്നു. അരുണ രണ്ടു ദിവസത്തിനകം എത്തുന്നു. ആ വാർത്ത ശ്രവിച്ച ഞങ്ങൾ ആനന്ദോത്സുകരായി അരുണയെ സ്വീകരിക്കുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. ഊഞ്ഞാലിൽ ആടുവാൻ ഇഷ്ടമുള്ള അരുണയ്ക്കുവേണ്ടി കൃഷ്ണരാജ് പുതിയ ഊഞ്ഞാൽ വാങ്ങിക്കെട്ടി. പറമ്പെല്ലാം ചെത്തിമിനുക്കി ഭംഗിയാക്കി. ഇഷ്ടപ്പെട്ട ഭക്ഷണപദാർത്ഥങ്ങൾ ഒരുക്കി വെച്ചു. അരുണ എത്തുന്ന ദിവസം കൃഷ്ണരാജ് രാവിലെ തന്നെ കുളിച്ച് അമ്പലത്തിൽ പോയി പ്രസാദവുമായി വന്നു. കൃഷ്ണരാജിന്റെ പ്രകടമായ മാറ്റം മീനാക്ഷിയുടെ ചിത്തത്തിൽ സന്തോഷത്തിന്റെ തുടികൊട്ടി. അങ്ങനെ ആ ദിവസം വന്നണഞ്ഞു. വിരസമായ ജീവിതത്തിൽ വർണ്ണങ്ങൾ വാരിവിതറികൊണ്ട് കലുഷമായ മനസ്സിൽ തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിപ്പിച്ചുകൊണ്ട് അരുണാനമ്പ്യാർ ഒരു പാട് സമ്മാനങ്ങളുമായി ഞങ്ങളുടെ സവിധം എത്തി. തമോഭരത്തിലെ തമോജ്യോതിസ്സായി അരുണ ഞങ്ങൾക്കു ചുറ്റും പറന്നു നടന്നു. നാളുകളേറെയായി ഞങ്ങൾക്ക് അന്യമായിരുന്ന ഉണർവും, ഉത്സാഹവും സുചിന്തയും നാലുകെട്ടിൽ നൃത്തം ചവുട്ടി.

ഇന്ന് ലീവു കഴിഞ്ഞ് അരുണ തിരിച്ച് പോകുകയാണ്. അന്തസംഘർഷങ്ങൾക്ക് അടിമപ്പെട്ടുപോയ മൂവരിലും വിഷാദാത്മകത കുടിയേറി പാർത്തു. യാത്ര പറഞ്ഞ് അരുണ പോകാൻ ഇറങ്ങിയപ്പോൾ മീനാക്ഷി അരുണയുടെ കൈയ്യിൽ പിടിച്ചു പറഞ്ഞു അരുണക്ക് തിരിച്ചു പോകാതെയിരുന്നുകൂടെ.........? അരുണ കൃഷ്ണേട്ടനെ വേദനയോടെ എനിക്ക് തിരിച്ചേൽപ്പിച്ചെങ്കിലും എന്റെ പഴയ കൃഷ്ണേട്ടനെ എനിക്ക് കിട്ടിയിരുന്നില്ല. അതിന് കാരണം അരുണയുമാണെന്ന് ഞാൻ മനസ്സിലാക്കി. കൃഷ്ണേട്ടന്റെ മനസ്സിൽ എന്നോടൊപ്പം തന്നെ അരുണയുമുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഞാൻ ഒഴിഞ്ഞുമാറാൻ തയ്യാറാണ്, പക്ഷേ അരുണക്ക് ഒരിക്കലും പഴയ രാജ്നെ തിരിച്ചു കിട്ടില്ല എന്നുറപ്പാണ്. കൃഷ്ണേട്ടന് നമ്മൾ രണ്ടുപേരും അപരിഹരണീയമാണ്. അരുണ പോകരുത് പൂർണ്ണ മനസ്സോടെയുള്ള എന്റെ അപേക്ഷയാണ്........ ഒരു സ്വപ്നത്തിലെന്നപോലെ ഇതെല്ലാം കേട്ട അരുണ കൃഷ്ണരാജിനെ നോക്കിയപ്പോൾ കൃഷ്ണരാജ് അത്ഭുതസ്തബ്ധനായി നിൽക്കുകയായിരുന്നു. മീനാക്ഷി പറഞ്ഞു നമ്മുടെയെല്ലാം ഹ്രസ്വജീവിതത്തിൽ നമ്മൾക്ക് കൈമാറാൻ പറ്റുന്നത് നിസ്വാർത്ഥസ്നേഹവും കളങ്കമില്ലാത്ത പരസ്പര വിശ്വാസവും മാത്രമാണ്. അതിഗാഢവും, അഗാധവുമായ സ്നേഹബന്ധം നിരു വറ്റാത്ത ഉറവപോലെയാണ്. നമ്മൾക്ക് ഇനി ഈ നാല് കെട്ട് സ്വർഗ്ഗമാക്കാം എന്നു പറഞ്ഞപ്പോൾ കൃഷ്ണരാജും, അരുണയും ഒപ്പം തന്നെ മീനാക്ഷിയെ കെട്ടിപ്പിടിച്ചു. അരുണ ഉറക്കെ ഉറക്കെ പൊട്ടിച്ചിരിക്കുന്നുണ്ടായിരുന്നു. എന്നിട്ട് പറഞ്ഞു മനസ്സിൽ ഒരു പാട് ദുഃഖങ്ങൾ ഉള്ളവരാണ് പുറമേയ്ക്ക് പൊട്ടിച്ചിരിക്കുക....... പക്ഷേ ശരിക്കും സന്തോഷം കൊണ്ടാണ്ട്ടോ..........ഞാൻ പൊട്ടിച്ചിരിക്കുന്നത് എന്നു പറഞ്ഞപ്പോൾ ആ സന്തോഷത്തിന്റെ ശബ്ദവീചികൾ നാലുകെട്ടിൽ പ്രതിധ്വനിക്കുന്നുണ്ടായിരുന്നു●

# മൊബൈൽ ഫോൺ

**യു.എസ്. രവീന്ദ്രൻ**

എന്റെ സുഹൃത്താണ് കോട്ടയത്തുള്ള ബിജു. ഏകദേശം പതിനാലു വർഷങ്ങൾക്കു മുൻപ് ബിജുവിന് നെഞ്ചിന്റെ ഇടതു ഭാഗത്ത് ഒരു ചൊറിച്ചിൽ അനുഭവപ്പെട്ടു. അവിടെ ഒരു ചുണങ്ങും പ്രത്യക്ഷപ്പെട്ടു. ദിവസം ചെല്ലുന്തോറും ചുണങ്ങ് വലുതായി ഒറ്റരൂപനാണയത്തിന്റെ വലിപ്പമായി. ഒരു തടിപ്പും കണ്ടു തുടങ്ങി. ഡോക്ടറെ കാണിച്ചപ്പോൾ പുരട്ടുവാൻ ഒരു മരുന്നു കൊടുത്തു. ഡോക്ടർ ഒരു ഉപദേശവും നൽകി. മൊബൈൽഫോൺ പോക്കറ്റിൽ ഇടരുതെന്ന്. 14 വർഷം മുൻപ് മൊബൈൽ ഫോൺ ഇന്നത്തെപ്പോലെ അത്ര സാധാരണയല്ലാത്തതുകൊണ്ട് ഞങ്ങളെല്ലാം ബിജുവിന്റെ മൊബൈൽഫോൺ കൗതുകത്തോടെ നോക്കുമായിരുന്നു. ബിജുവിന്റെ അസുഖത്തിന്റെ കാരണം മൊബൈൽ ഫോണിൽ നിന്നുള്ള റേഡിയേഷൻ ആണെന്നു മനസ്സിലാക്കിയപ്പോൾ ഞങ്ങൾ തിരിച്ചറിഞ്ഞു മൊബൈൽ ഫോൺ എത്രത്തോളം കൗതുകമാണോ അതിനേക്കാൾ കൂടുതൽ അപകടകരവുമാണെന്ന്. തല്കാലം അസുഖം തൊലിപുറത്തെ ചുണങ്ങിൽ അവസാനിച്ചു. മരുന്നു പുരട്ടി ഭേദമാക്കി. ഉള്ളിലേക്ക് വ്യാപിക്കുന്നതിനുമുമ്പ് കാരണം കണ്ടുപിടിച്ചതുകൊണ്ട് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടായില്ല. ഇന്ന് മൊബൈൽഫോൺ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എല്ലാവരും അറിഞ്ഞിരിക്കേണ്ട കുറച്ചു കാര്യങ്ങൾ സമർപ്പിച്ചു കൊള്ളട്ടെ.

മൊബൈൽ ഫോൺ ഡയൽ ചെയ്ത് മറ്റൊരാളുമായി സംസാരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ നടക്കുന്നു.

1. ഡയൽ ചെയ്തു തുടങ്ങുമ്പോൾ അയാളുടെ ഫോണിൽ നിന്നും ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ ഫോണിന്റെ ആന്റിന വഴി തൊട്ടടുത്തുള്ള അടിസ്ഥാന നിലയത്തിലേക്ക് (Base Station) എത്തുന്നു.

2. ഫോൺ വിളിക്കുന്ന ആളിന്റേയും ഫോൺ വിളി സ്വീകരിക്കാനുദ്ദേശിക്കുന്ന ആളിന്റേയും ആധികാരികത പരിശോധിക്കുവാൻ അടിസ്ഥാന നിലയം (Base Station) നിയന്ത്രണ നിലയത്തിലേക്ക് (Switching Station) എലക്ട്രോമാഗ്നറ്റിക്ക് തരംഗങ്ങൾ അയയ്ക്കുന്നു.

3. ഈ Switching Station ഫോൺവിളി സ്വീകരിക്കാൻ ഉദ്ദേശിക്കപ്പെട്ടയാളുടെ Base Station ലേയ്ക്ക് തരംഗങ്ങളയ്ക്കുന്നു.

4. ഈ Base Station സ്വീകർത്താവിന്റെ മൊബൈൽ ആന്റിനയിലേക്ക് തരംഗങ്ങളയ്ക്കുന്നു.

5. അവസാനമായി സ്വീകർത്താവും ഫോണെടുക്കുമ്പൊൾ ടെലഫോൺ ബന്ധം പൂർത്തിയായി സംഭാഷണം ആരംഭിക്കുന്നു.

മൊബൈൽ ഫോണിൽ എങ്ങനെ റേഡിയേഷനുണ്ടാകുന്നു ?

1. റേഡിയേഷൻ മൊബൈൽ ഫോണിൽ നിന്നും എല്ലാ ദിശകളിലും പ്രസരിക്കുന്നു.

2. കൂടതൽ റേഡിയേഷൻ ഊർജ്ജവും അന്തരീക്ഷത്തിൽ നഷ്ടപ്പെടുന്നു.

3. കുറച്ചു റേഡിയേഷൻ ഊർജ്ജം മാത്രമേ Base Station ൽ എത്തുന്നുള്ളു.

4. ചെറിയ ഒരു ഭാഗം റേഡിയേഷൻ ഊർജ്ജം സംസാരിക്കുന്ന ആളുടെ തലയിൽ പതിക്കുന്നു.

എലക്ട്രോമാഗ്നറ്റിക് സിഗ്നലുകളാണ് മൊബൈൽ ഫോൺ ആന്റിനയിൽ നിന്നും പുറപ്പെടുന്നതെന്ന് പറഞ്ഞുവല്ലോ. ഈ അതി ആവർത്തിയിലുള്ള (Hi- Frequency) സിഗ്നലുകൾ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു എന്ന് തെളിഞ്ഞിട്ടുണ്ട്. മൊബൈൽ ഫോണിൽ നിന്നുള്ള റേഡിയേഷൻ മൈക്രോവേവ് ഓവനിൽ നിന്നുള്ള തരംഗങ്ങൾക്ക് സമാനമാണ്. (ഒരു ലക്ഷം ആവർത്തികൾ $10^{10}$ Cycles/Sec). ഫെഡറൽ കമ്മ്യൂണിക്കേഷൻ മൊബൈൽ ഫോണിന്റെ വികിരണശക്തി (Specific absorbtion rate- SAR) 1.6 watts/kg ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു.

## മൊബൈലിന്റെ SAR എങ്ങനെ കണ്ടു പിടിക്കാം?

ആരോഗ്യപരമായ കാഴ്ചപ്പാടിൽ SAR കുറഞ്ഞ മൊബൈൽ ഫോണാണ് നല്ലത്. മൊബൈൽ ഫോൺ വാങ്ങുമ്പോൾ കിട്ടുന്ന മാന്യൂവലിൽ ആ ഫോണിന്റെ SAR രേഖപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ഫോൺ നിർമ്മാതാക്കളുടെ വെബ്സൈറ്റിൽ (http:// wwwmmfai . info/public/sar. cfm) നാം ഉപയോഗിക്കുന്ന മൊബൈൽ ഫോണിന്റെ മോഡലിന്റെ നേരെ അതിന്റെ SAR രേഖപ്പെടുത്തിയിട്ടുണ്ടാവും. അല്ലെങ്കിൽ ഫെഡറൽ കമ്യൂണിക്കേഷൻ വെബ്സൈറ്റിൽ (http://www.fcc.gov/oct/ea/fccid/ ) നാം ഉപയോഗിക്കുന്ന മൊബൈലിന്റെ fcc ID-enter ചെയ്താൽ അതിന്റെ SAR അറിയുവാൻ സാധിക്കും.

സാധാരണ ഉപയോഗിക്കുന്ന മൊബൈലകളുടെ Specific absorbtion rate- SAR താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| i phone 3 G | - | SAR 1.35 w/kg |
| HTC Touch | - | SAR 1.25 w/kg |
| Black Berry curve | - | SAR 1.51w/kg |
| Blak Berry Perl | - | SAR 1.22 w/kg |
| Motorola Rz 3x | - | SAR 0.14 w/kg |
| Samsung SGH 800 | - | SAR 0.23 w/kg |
| Samsung Sync | - | SAR 1.51 w/kg |
| Nokia N-95 | - | SAR 1.27w/kg |

മൊബൈൽ ഫോണിൽ 15 മിനിട്ടുകളോളം സംസാരിച്ച ഒരാളുടെ തലയുടെയും മുഖത്തിന്റെയും ഊഷ്മാവ് ശരീരത്തിന്റെ ഊഷ്മാവിനേക്കാൾ രണ്ടു മുതൽ മൂന്നു വരെ ഡിഗ്രി കൂടുതലായിരിക്കും. നിരന്തരമായുള്ള റേഡിയേഷൻ തലച്ചോറിലെ നാഡികളെ പ്രതികൂലമായി ബാധിക്കുന്നു. കണ്ണിന്റെ നാഡികളെ പ്രതികൂലമായി ബാധിക്കുന്നു. തന്മൂലം ഓർമ്മശക്തിയും കാഴ്ചശക്തിയും ക്രമേണ കുറയാനുള്ള സാധ്യതയുണ്ട്. പ്രായമുള്ളവരിൽ ഈ സാധ്യത 25% മാണെങ്കിൽ പത്തു വയസുവരെയുള്ള കുട്ടികളിൽ 50% വും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളിൽ 75% വുമാണെന്ന് പഠനങ്ങൾ പറയുന്നു. കുട്ടികളുടെ തലയോട്ടിയുടെ ഘനം മുതിർന്നവരുടെതിനേക്കാൾ കുറവായതുകൊണ്ടും സെല്ലുകൾ വളരുന്നതുകൊണ്ടും കൂടുതൽ ദ്രവ്യമുള്ളതുകൊണ്ടും റേഡിയേഷൻ കുട്ടികളെ മുതിർന്നവരേക്കാൾ കൂടതൽ പ്രതികൂലമായി ബാധിക്കുന്നു എന്നും പഠനങ്ങൾ തെളയിച്ചിട്ടുണ്ട്. വളർന്നു വരുന്ന സെല്ലുകളെ റേഡിയേഷൻ ബാധിക്കുന്നതിനാൽ സെല്ലുകളുടെ വികലമായ വളർച്ചക്കും തന്മൂലം തലച്ചോറിൽ ട്യൂമർ കാൻസർ മുതലായവ ഉണ്ടാകാനുള്ള സാധ്യതയും കൂടുതലാണ്. കൂടുതൽ സമയം മൊബൈൽ ഫോൺ ഉപയോഗിച്ചാൽ തളർച്ച , തലവേദന, ഉറക്കക്കുറവ്, ഓർമ്മക്കുറവ് ചെവിക്കകത്ത് മൂളൽ, സന്ധിവേദന തുടങ്ങിയ അസുഖങ്ങൾ അനുഭവപ്പെട്ടേക്കാം.

മൊബൈൽഫോൺ വാങ്ങുമ്പോൾ തിരഞ്ഞെടുക്കേണ്ട SAR ഗുണനിയന്ത്രണം പോലെ ഉപയോഗിക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉണ്ട്. മൊബൈൽഫോൺ ശരീരത്തിൽ നിന്നും കഴിയുന്നതും അകലെ സൂക്ഷിക്കുന്നതാണ് നല്ലത്. ഒരു ഹാൻഡ് ഫ്രീസെറ്റ് ഉപയോഗിക്കുവാൻ പറ്റുമ്പോഴൊക്കെ അത് ഉപയോഗിക്കുകയാണെങ്കിൽ റേഡിയേഷന്റെ കാഠിന്യം കുറഞ്ഞിരിക്കും. മൊബൈൽ ഉപയോഗിക്കുമ്പോൾ കൈകൊണ്ട് പൊത്തിപിടിക്കുന്നതുമൂലം കൂടുതൽ മറഞ്ഞിരുന്നാൽ സിഗ്നൽ അയയ്ക്കുവാൻ മൊബൈലിന് കൂടുതൽ ഊർജം ഉപയോഗിക്കേണ്ടി വരും. തൽഫലമായി റേഡിയേഷനും കൂടും. ഫോണിന്റെ അടിയിൽ വിരലുകൾ കൊണ്ട് പിടിച്ച് മാത്രം ഉപയോഗിക്കുക. ഫോൺ കൂടുതൽ തുറന്നിരിക്കുന്നതുകൊണ്ട് കുറച്ച് ഊർജ്ജം ഉപയോഗിച്ചാൽ മതിയല്ലോ. സിഗ്നൽ ശക്തി കുറഞ്ഞതാണെങ്കിൽ ഫോണിന് കൂടതൽ ഊർജ്ജം ഉപയോഗിക്കേണ്ടി വരും. അതുകൊണ്ട് റേഡിയേഷനും കൂടും. നല്ലപോലെ സിഗ്നൽ കിട്ടുന്ന സ്ഥലത്തു നിന്നു മാത്രം ഫോൺ ചെയ്യുക. ഇത് പരിചയം മൂലം മനസ്സിലാക്കാം. ലാൻഡ്ഫോൺ ഉപയോഗിക്കാൻ സൗകര്യമുള്ളപ്പോൾ അതുമാത്രം ഉപയോഗിക്കുക. ആരോഗ്യപരവും ആദായകരവുമാണ് ലാൻഡ്ഫോൺ.

1. ഡ്രൈവ് ചെയ്യുമ്പോൾ ഒരിക്കലും ഫോൺ ഉപയോഗിക്കരുത്. വാഹനം നിറുത്തിയശേഷം മാത്രം ഫോണിൽ സംസാരിക്കുക.

2. കൂടുതൽ വൈദ്യുതോപകരണങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഉദാഹരണമായി ഹോസ്പിറ്റൽ, എയർക്രാഫ്ട് തുടങ്ങിയവ മൊബൈൽ ഫോൺ വിളി കഴിയുന്നതും ഒഴിവാക്കുക

3) കുളിമുറിയിലേക്കും കിടപ്പുമുറിയിലേക്കും മൊബൈൽ ഫോൺ കൊണ്ടുപോകാതിരിക്കുക.

4) കുട്ടികളെ മൊബൈൽ ഫോണിൽ കൂടുതൽ സമയം സംസാരിക്കുവാൻ അനുവദിക്കാതിരിക്കുക. റേഡിയേഷൻ മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികൾക്ക് ദോഷകരമാണ്●



കരയോഗ സൗഹൃദം 1192 ഇടവം

*(യാത്രാവിവരണം)*

# ഒരു സുന്ദരയാത്ര



**കെ. സുകുമാരൻ (ഫോൺ: 98954 38272)**

കൊച്ചി നഗരത്തിന്റെ ഹൃദയ ഭാഗത്ത് സാമുദായിക, സാംസ്കാരിക, സേവന മേഖലകളിൽ സുവർണ്ണ രേഖകളാൽ ചരിത്രം വിരചിച്ചുകൊണ്ട് അഭിമാനത്തോടെ തലയുയർത്തി നില്ക്കുന്ന എറണാകുളം കരയോഗത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിദേശയാത്ര 2017 ഏപ്രിൽ മാസം 22-ാം തീയതി കൊച്ചി അന്താരാഷ്ട്രവിമാനത്താവളത്തിൽ നിന്നും പുലർച്ചെ 1.30 ന് തായ്‌ലന്റ്, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളെ ലക്ഷ്യമാക്കി ആരംഭിച്ചു. എയർ ഏഷ്യയുടെ 180 പേർക്ക് യാത്രചെയ്യാവുന്ന വിമാനത്തിൽ 74 പേരും നമ്മുടെ സംഘത്തിലുള്ളവരായിരുന്നു. തായ്‌ലന്റിന്റെ തലസ്ഥാനമായ ബാങ്കോക്കിനെ ലക്ഷ്യമാക്കി പറന്ന വിമാനം ഇന്ത്യൻ സമയത്തേക്കാൾ $1_{1/2}$ മണിക്കൂർ മുന്നോട്ട് ഉള്ള 6 മണിയോടെ യാത്ര മുഴുമിപ്പിച്ചു. വിമാനത്തിന്റെ പാർശ്വഭാഗത്തെ വാതായനം വഴി ഉയർന്ന കെട്ടിടത്തിന്റെ ഇടയിൽ പച്ചപ്പ് പുതച്ചു നിൽക്കുന്ന നഗരം അതിമനോഹരമായി തോന്നി.

അടുത്ത യാത്ര ഗൈഡോടു കൂടിയ 'പട്ടയ' ബസ്സ് യാത്രയായിരുന്നു. ലോകത്തിലേക്ക് വച്ച് ഏറ്റവും വലിയ 'ശ്രീരച ടൈഗർ സൂ'വിലേക്കാണ് പോയത്. അവിടെ പുലികൾ നിരവധി. കൂടാതെ സന്ദർശകന്റെ കൈയ്യിൽ വന്നിരുന്ന് പാല് കുടിക്കുന്ന പുലിക്കുട്ടികൾ. പട്ടയ എന്ന സ്ഥലം വളരെ വിസ്തൃതമാണ്. വൈകിട്ട് 'ഗ്രാന്റ് ബെല്ല' എന്ന ഹോട്ടലിൽ താമസിക്കുവാൻ തിരുമാനിച്ചു. പിന്നീട് അവിടെ നിന്നും അൽക്കസാർ എന്ന ഒരു നിത്യേന നടക്കുന്ന കലാരൂപം കാണാനായി തീയേറ്ററിൽ പോയി. ഡാൻസ്, പാട്ട്, വേഷവൈവിധ്യം എന്നിവ കൊണ്ട് ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ ടിക്കറ്റ് വച്ച് നടത്തുന്ന ഈ പരിപാടി വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ടതാണ്. ഏഷ്യയിലെ വലിയ ഒരു കലാവിരുന്ന് എന്നതിലുപരി നിത്യേന എന്നതും ഇതിന്റെ പ്രത്യേകതയാണ്.

പട്ടയയിൽ നിന്നും കോറൽ ഐലന്റ് എന്ന നാലര കിലോമീറ്ററോളം വ്യാപിച്ച് കിടക്കുന്ന ഐലന്റിനെ ലക്ഷ്യമാക്കി ബസ്സിൽ യാത്ര ആരംഭിച്ചു എങ്കിലും ഐലന്റ് ആയതിനാൽ ബസ്സ് യാത്ര നിർത്തി ഏതാനും പേർക്ക് (140 പേർ വരും) ഇരിക്കാവുന്ന സ്പീഡ് ലോൺജിൽ കയറി കയറാനും ഇറങ്ങാനും മറ്റും ഓളങ്ങളുടെ മത്സരം നല്ല ബുദ്ധിമുട്ടുണ്ടാക്കി. സെഫ്റ്റി ജാക്കറ്റും മറ്റും അണിഞ്ഞിട്ടും പേടി കുറയാതെ 15 മിനിറ്റ് കടലിൽ കൂടി യാത്ര ചെയ്ത് കോറൽ ഐലന്റിൽ എത്തി. കുറച്ചു ദൂരം വെള്ളത്തിൽ നടന്നു വേണം കരയിൽ എത്താൻ. ധാരാളം സന്ദർശകർ കുളിക്കാനും നീന്താനുമായി ഈ കടലോരം ഉപയോഗിക്കുന്നു. ഇതും ഒരു വേറിട്ട അനുഭവം തന്നെ.

പട്ടയയിൽ നിന്നും ബസ്സിൽ ബാങ്കോക്ക് യാത്ര തുടങ്ങി. അവിടെ മാർവൽ എന്ന ഹോട്ടലിൽ ആയിരുന്നു താമസം. 5.5 ടൺ സ്വർണ്ണം കൊണ്ട് ഉണ്ടാക്കിയ ബുദ്ധപ്രതിമ കണ്ടു. ചൈന ടൗൺ, ഫ്ളവർ മാർക്കറ്റ്, വയ്പോ എന്ന അമ്പലവും ബാങ്കോക്കിൽ ആണ്. കൂടാതെ സഫാരി വേൾഡ്, മറൈൻ പാർക്ക് എന്നിവ കണ്ടു. സീബ്ര, ജിറാഫ് എന്നു വേണ്ട എല്ലാ മൃഗങ്ങളും അവരുടെ പരിസ്ഥിതിയിൽ ജീവിക്കുന്ന പാർക്ക് നമുക്ക് ബസ്സിൽ ഇരുന്നു മാത്രമേ കാണാൻ കഴിയു. ഇതു കൂടാതെ ഡോൾഫിൻ ഷോ, സീലയൺ ഷോ, ബേർഡ് ഷോ എന്നിവയും ബാങ്കോക്കിൽ ഉണ്ട്. ഈ വക പക്ഷിമൃഗാദികളെ പരിശീലിപ്പിച്ച് ഓരോ തരം പ്രകടനം സന്ദർശകർക്ക് നൽകുന്ന ആത്മാനുഭൂതി അത്യന്തം ഹൃദ്യമാണ്. ബാങ്കോക്കിലെ നാണയം ബാത് എന്ന ഒന്നാണ് . ഒരു ബാത് നമ്മുടെ 1.90 രൂപയാണ്.

ബാങ്കോക്കിൽ രണ്ട് വിമാനത്താവളങ്ങളുണ്ട്. ഒരു പഴയ വിമാനത്താവളവും, മറ്റൊന്ന് സുവർണ്ണഭൂമി എന്ന പുതിയ അന്തർദേശീയ വിമാനത്താവളവും. പുതിയ വിമാനത്താവളം കാണാൻ ഭാഗ്യമുണ്ടായി. ഇന്ത്യൻ സമയത്തെക്കാളും $2_{1/2}$ മണിക്കൂർ മുന്നോട്ടുള്ള സ്ഥലമായ സിങ്കപ്പൂരിലാണ് ചെന്നെത്തിയത്. അവിടെ ഹോട്ടൽ ബോസ് എന്ന ബഹുനില സമുച്ചയത്തിലായിരുന്നു താമസം. ലേസർഷോ, ഫ്ളവർഡോം, ക്ലൗഡ് ഫോറസ്റ്റ് എന്നിവ സിങ്കപ്പൂരിന്റെ മാത്രം പ്രത്യേകതകളാണ്. ലക്ഷകണക്കിന് സന്ദർശകർ ആണ് ഇതൊക്കെ കാണാനായി





തമ്പടിക്കുന്നത്. ലൈറ്റ് ഷോ, ഗാർഡൻ ബൈദിബെ എന്നിവയും സിങ്കപ്പൂരിന്റെ മാത്രം പ്രത്യേകതകളാണ്. സിങ്കപ്പൂരിന്റെ യൂണിവേഴ്സൽ സ്റ്റുഡിയോ വിവിധ തരം പ്രദർശന ശാലകളുടെ ഒരു സമുച്ചയം ആണ്. മഡഗാസ്കർ, സ്കൈഫൈഡിറ്റി എന്നു വേണ്ട ഡൈഡോ ഡെറോസ് പാർക്ക് മുതലായവ എടുത്തു പറയേണ്ടവയാണ്. ഏകദേശം മൂന്നു മണിക്കൂർ നടന്നു കണ്ടാൽ കാല് കഴയ്ക്കുമെന്നല്ലാതെ കാഴ്ചകൾക്ക് അറുതിയില്ല, സെന്തോസ ഐലന്റ് മറ്റൊരു കാഴ്ചയാണ്. വഞ്ചിപോലത്തെ യാനപാത്രത്തിൽ സഞ്ചരിച്ചാണ് പ്രകൃതിസിദ്ധമായ പരിസരത്ത് ജീവിക്കുന്ന പക്ഷികളെ കാണുക. സ്കൈറൈഡിൽ നമുക്ക് സിങ്കപ്പൂർ നഗരം അപ്പാടെ കാണാൻ പറ്റും. വിങ്സ് ഓഫ് ടൈംസ് എന്ന ലേസർ ഷോ നടക്കുന്നത് കടൽ തീരത്താണ്. ഏകദേശം 4000-ത്തോളം ആളുകൾ ഷോ കാണാനായി എത്തുന്നു. സിങ്കപ്പൂരിലെ മുസ്തഫമാൾ മറക്കാൻ വയ്യ.

സിങ്കപ്പൂരിൽ നിന്നും മൂന്നര മണിക്കൂർ ബസ്സിൽ യാത്ര ചെയ്ത് കോലാലംപൂരിൽ എത്തി. ഇടയ്ക്ക് വിമാനയാത്ര പോലെ ഇമിഗ്രേഷൻ കാര്യങ്ങൾ ഉണ്ടായി. ഏകദേശം 375 കിലോമീറ്റർ യാത്ര ചെയ്തു. വഴിയിൽ മുഴുവനും പാം മരങ്ങളും തേക്കും മാത്രമേ പ്രധാനമായും കണ്ടുള്ളു. ആറുവരിപാത, നടുവിൽ ചെടികളാൽ സമൃദ്ധമായ മീഡിയൻ. പാതയുടെ ഇടത്തെ അറ്റം ടൂവീലർ, പിന്നെ ഫോർവീലർ, മീഡിയനോട് ചേർന്ന് ഹെവിഡ്യൂട്ടി വാഹനങ്ങൾ. ഗതാഗതസംവിധാനം ഇങ്ങനെ ഭംഗിയായി ക്രമീകരിച്ചിരിക്കുന്നു. നിയമപരമായ കാര്യങ്ങളിൽ എന്തൊരു ശ്രദ്ധ! കോലാലംപൂരിലെ കെ.എൽ. ടവറിന്റെ ഉയരം 1381 അടിയാണ്. ലോകത്തിലെ ഉയരത്തിൽ ഏഴാമത്തെ കെട്ടിടമാണ് ഈ ടവർ. കോലാലംപൂരിൽ ഡബ്ലിയു. പി. എന്ന ഹോട്ടലിൽ ആയിരുന്നു താമസം. ഇവിടുത്തെ ഏറ്റവും വലിയ ആകർഷണം ജെന്റിങ് ഹൈലാൻസ് എന്നതാണ്. ബസ്സിൽ കൂറ്റൻ മലമടക്കുകളിൽ കൂടി പോയി ഹിമാലയ തുല്യമായ ഉയരത്തിൽ എത്തും. എന്നിട്ട് കേബിൾകാർ വഴി രണ്ടരകിലോമീറ്റർ യാത്ര ചെയ്യും. അതും അങ്ങോട്ടും ഇങ്ങോട്ടും എട്ടുപേർക്കാണ് ഒരു കേബിൾ കാർ. ഭയത്തിന്റെ കുപ്പായം ധരിക്കാതെ കേബിൾ കാർ യാത്ര പൂർണ്ണമാവില്ല. പിന്നെ നാട് മുഴുവൻ കണ്ടു എന്ന അനുഭവവും. റിമോട്ടിലാണ് കാറുകൾ സഞ്ചരിക്കുന്നത്. കേബിൾ കാറിന്റെ സ്റ്റേഷനുകൾ ഇടയ്ക്കിടെ ഉണ്ട്. കോലാലംപൂരിലെ 'ഗുഹാക്ഷേത്രം' എന്ന സുബ്രഹ്മണ്യക്ഷേത്രം പ്രസിദ്ധമാണ്. ഇത്രയും വലിയ സുബ്രഹ്മണ്യപ്രതിമ ഒരിടത്തും കാണില്ല. 272 പടികൾ കയറി വന്ന് ആണ് അമ്പലമുറ്റത്ത് എത്തുക. അവിടെ പാറക്കൂട്ടങ്ങൾ മെഴുകുതിരി ഉരുകി വീഴുന്നതുപോലെ കാണാം.

കോലാലംപൂരിൽ വലിയ ഒരു രാജകൊട്ടാരം, പാർക്ക്, നാഷണൽ മോനുമെന്റ്സ്, ഇൻഡിപെൻഡന്റ് സ്ക്വയർ കൂടാതെ പെട്രോനാസ് എന്ന ഒരു വലിയ വ്യവസായ സമുച്ചയം. പെട്രോനാസിലെ രണ്ടു ടവറുകൾ ഇടപ്പാത കൊണ്ടു ബന്ധിപ്പിച്ചിരിക്കുന്നു. ഈ സൗധത്തിൽ കയറി നിന്നാൽ കോലാലംപൂർ നഗരം ഭംഗിയായി കാണാം. റിങ്കറ്റ്, ഡോളർ എന്നീ കറൻസികൾ കോലാലംപൂർ, സിങ്കപ്പൂർ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്നു.

മിക്കവാറും എല്ലാ സ്ഥലങ്ങളിലും 84% ജനങ്ങളും ഫ്ളാറ്റിലാണ് താമസം. അതിനാൽ നഗരത്തിലെ സാധാരണക്കാരന്റെ ജിവിതരിതി കാണാൻ പറ്റിയില്ല. ഒരു തുള്ളി ജലം പോലും പാഴാക്കാതെ സൂക്ഷിക്കുന്ന ഒരു പ്രകൃതം ആ നാടിനെ പച്ചപ്പ് നിറഞ്ഞതാക്കുന്നു. വൃത്തിയുടെ കാര്യത്തിൽ എല്ലാ രാജ്യക്കാർക്കും മാതൃകയാണിവിടം. സിഗ്നൽ ലൈറ്റും പദയാത്രക്കാരന്റെ റോഡിലെ അച്ചടക്കവും മറ്റൊരു പ്രത്യേകത. പ്രായാധിക്യം വന്നവർക്കായി ചവിട്ടുപടികൾ കൂടാതെ റാംപ്, എസ്കലേറ്റർ എന്നിവയും സുലഭമാണ്. ജലം ഒഴുക്കാൻ പറ്റാത്തിടത്തൊക്കെ ഫൗണ്ടൻ പണിത് ജലത്തിന്റെ സാമീപ്യം ഉറപ്പാക്കുന്നു. 2017 മെയ് 1-ാം തീയതി രാത്രി 12 മണിക്ക് യാത്രാസംഘം കൊച്ചി വിമാനത്താവളത്തിൽ വന്നു. മനസ്സിൽ ഡോൾഫിൻ, പക്ഷികൾ, പെൻഗ്വിൻ, യാന്ത്രിക പണികൾ, ആകാശയാത്ര എന്നു വേണ്ട പച്ചപ്പിന്റെ ഒരായിരം ഓർമ്മകളുമായി.●

## കലാസാംസ്കാരിക ക്ലാസ്സുകൾ

**എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, വയലിൻ, യോഗ, കരാട്ടേ ക്ലാസ്സുകൾ നടത്തി വരുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

**വിളിക്കേണ്ട നമ്പർ: 0484 2361160**
**(Extn. 35, 38)**

***ജനറൽ സെക്രട്ടറി***
***എറണാകുളം കരയോഗം***

# 3-ാമത് അന്താരാഷ്ട്ര യോഗദിനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 94470 77203)

2014 ഡിസംബർ 11 നാണ് ഐക്യരാഷ്ട്രസഭ ജൂൺ21 ന് അന്താരാഷ്ട്രയോഗദിനമായി പ്രഖ്യാപിച്ചത്. 2015 ജൂൺ 21 ലോകമെങ്ങും യോഗദിനമായി കൊണ്ടാടുകയും ചെയ്തു. ആ പരിപാടി ഗിന്നസ് ബുക്കിൽ ഇടം നേടുകയും ചെയ്തു. യോഗയുടെ ആരോഗ്യരംഗത്തുള്ള പ്രസക്തിയാണ് ഇതിലൂടെ തെളിഞ്ഞത്.

ലോകം പിരിമുറുക്കത്തിലാണ്. അതോടു ചേർന്നു വരുന്ന Psycho-Somatic രോഗങ്ങളുടെ പിടിയിലാണ്. പ്രമേഹം പോലുള്ള രോഗങ്ങൾ ഒരിക്കൽ വന്നാൽ ജീവിതം മുഴുവനും വിട്ടുപിരിയാതെ കൂടെ കൂടുകയും ചെയ്യും. മുറിവോ ചതവോ പനിയോ ഒക്കെ അലോപ്പതി ചികിത്സകൊണ്ട് സുഖപ്പെടും. പക്ഷെ അതിലും എത്രയോ മാരകമായവയാണ് മനസ്സിൽ തുടങ്ങി ശരീരത്തിൽ പ്രത്യക്ഷപ്പെടുന്ന രോഗങ്ങൾ. അതിന് മനസ്സിൽ തന്നെ പരിഹാരം തേടണം. പക്ഷെ മനശ്ശാസ്ത്രം അതിനു തക്കവണ്ണം സജ്ജമായി കാണുന്നില്ല. ഇവിടെയാണ് യോഗയുടെ പ്രസക്തി. ലോകം മുഴുവൻ യോഗയിലേക്കു തിരിയാൻ കാരണവും മറ്റൊന്നല്ല.

Psycho-Somatic എന്നത് ഒരു പുതിയ പദമാണോ? പുതിയ ആശയമാണോ? അല്ല എന്നു പറയേണ്ടി വരും. രാമായണത്തിൽ ശ്രീരാമൻ ഏറെ ദുഃഖിതനായി നിരാശനായി ക്ഷീണമനസ്കനായിരിക്കുന്ന സന്ദർഭമുണ്ട്. അപ്പോഴാണ് വിശ്വാമിത്രൻ അവിടെ വരുന്നത്. രാമന്റെ അവസ്ഥ അദ്ദേഹം മനസ്സിലാക്കി. വൈരാഗ്യപൂർണമായ മനസ്സുമായിരിക്കുന്ന രാമനെ കണ്ട വിശ്വാമിത്രൻ ശ്രീരാമന്റെ കുലഗുരുവായ വസിഷ്ഠനോട് രാമനെ മനശ്ശാസ്ത്രപരമായി ഉപദേശിക്കാൻ ആവശ്യപ്പെട്ടു. അതിദീർഘമായ ഈ ഉപദേശമാണ് വസിഷ്ഠ രാമായണം അഥവാ യോഗവാസിഷ്ഠം എന്നറിയപ്പെടുന്നത്. രാമായണത്തെക്കാളും വലുപ്പമുണ്ട് ഈ പുസ്തകത്തിന്.

'മന ഃ പ്രശമന ഉപായ ഃ യോഗ ഃ' എന്നാണ് വസിഷ്ഠൻ യോഗയ്ക്ക് നല്കുന്ന നിർവചനം. മനസ്സിനെ പ്രശമനം ചെയ്യാനുള്ള ഒരു ഉപായമാണ് യോഗ. ഇടയിൽ യോഗചികിത്സയിലേക്കും വസിഷ്ഠൻ കടന്നു കയറുന്നുണ്ട്. മനസ്സിന്റെ വികാരാതിരേകത്തെ, പിരിമുറുക്കത്തെ വസിഷ്ഠൻ ആധി എന്നു വിളിച്ചു. ഈ ആധി പ്രാണനെ ബാധിക്കും ദഹനത്തെയും രക്തചക്രമണത്തെയും ശ്വാസത്തെയും ഒക്കെ ബാധിക്കും. ഈ പ്രാണന്റെ താളം തെറ്റലാണ് പിന്നീട് ശരീരത്തിൽ വ്യാധിയായി പ്രത്യക്ഷപ്പെടുന്നത്. ഇത്തരം ആധിയിൽ നിന്നുണ്ടാകുന്ന വ്യാധി (രോഗം) യാണ് ആധിജ വ്യാധി ആധിയിൽ ജനിച്ച വ്യാധി ; Psycho somatic ailments. സൈക്കോ എന്നാൽ മനസ്സ് ആധി. soma എന്നാൽ ശരീരം. അതിൽ വരുന്ന രോഗം വ്യാധി.

തത്വ ചിന്തയുടെ തലത്തിലെത്തിയാൽ വ്യക്തിത്വത്തിന് അഞ്ചു തലങ്ങളുണ്ട്, കോശങ്ങളുണ്ട്. കോശമെന്നാൽ ഉറയെന്നാണർത്ഥം. നമ്മുടെ ഉള്ളിലുള്ള ജീവാത്മാവിനെ, ബോധസത്തയെ പൊതിഞ്ഞുകൊണ്ട് അഞ്ച് ഉറകൾ. ഏറ്റവും സൂക്ഷ്മമായ കോശമാണ് ആനന്ദമയകോശം. അവിടെ പൂർണ്ണ സ്വാതന്ത്ര്യമാണ്. മനസ്സ് ആനന്ദ പൂർണ്ണമാണ്.

ആനന്ദമയക്കോശത്തിന്റെ അടുത്ത തലമാണ് ബുദ്ധിയുടേത്. വിജ്ഞാനമയ കോശമെന്ന് സംസ്കൃതത്തിൽ പറയും. മനസ്സിന്റെ ആഴം കൂടിയ ഭാഗമാണിതെന്നു പറയാം. മനസ്സ് സംശയക്കാരനാണെങ്കിൽ ബുദ്ധി നിശ്ചയക്കാരനാണ്. പ്രപഞ്ചനിയമങ്ങൾക്കും താളത്തിനും അനുസരിച്ചാണ് ബുദ്ധി പ്രവർത്തിക്കുക. ആഗ്രഹങ്ങളോ ദുഃഖങ്ങളോ ബുദ്ധിയെ ബാധിക്കില്ല. ഇഷ്ടാനിഷ്ടങ്ങളില്ല.

എന്നാൽ മനസ്സിന്റെ ലോകത്തേക്ക്, മനോമയകോശത്തിലേക്കു കടന്നാൽ ഇഷ്ടാനിഷ്ടങ്ങളായി, വികാരപ്രകടനങ്ങളായി , സംശയങ്ങളായി, ചഞ്ചലതയായി. പ്രമേഹക്കാരനോട് ബുദ്ധി പറയും 'മധുരം കഴിക്കരുത്. കുഴപ്പമുണ്ടാക്കും'. മനസ്സോ ? 'കൊതി സഹിക്ക വയ്യ. ഇതു കഴിക്കുക തന്നെ. വരുന്നതു വരട്ടെ'. നിയന്ത്രിക്കാൻ പ്രയാസമാണിത്. വികാരങ്ങളുടെയൊക്കെ തുടക്കം മനസ്സിലാണ് . ചിന്തകളുടെ ഒരു കുതിച്ചോട്ടമാണ് പിന്നെ. ആവർത്തിച്ചു വരുന്ന ചിന്തകൾ മനസ്സിനെ വലിച്ചു മുറുക്കും. മനസ്സ് അസ്വസ്ഥമാവും. ആധി പിടിക്കും. ഇതു രോഗമല്ല, അസ്വസ്ഥത മാത്രം.

എന്നാൽ മനസ്സിന്റെ അസ്വസ്ഥത ഉടനെ സാധിക്കുന്നത് പ്രാണനെയാണ്. കഠിനദുഃഖം വന്നാൽ വിശപ്പു കെടുന്നത് അനുഭവമല്ലെ. ? കഠിനദേഷ്യം വന്നാൽ ശ്വാസത്തിന് വേഗത കൂടുകയും ശ്വാസം മുട്ടുകയും ചെയ്യുന്നതും അനുഭവമല്ലെ ? പ്രാണന്റെ പ്രവർത്തനമാണ് തടസ്സപ്പെടുന്നത്. ഇങ്ങിനെ ദഹനവും ശ്വസനവും രക്തചക്രമണവും നാഡീചലനവും താളം തെറ്റിയാൽ ശരീരം അവശമാവും, രോഗത്തിനടിപ്പെടും. പ്രാണമയകോശത്തിലെ ദോഷം അന്നമയകോശത്തെ ബാധിക്കുമെന്നർത്ഥം. ഇവയാണ് Psycho-Somatic രോഗങ്ങൾ. 70% ത്തിലധികം രോഗങ്ങളും ഇത്തരമാണ്.

ലോകത്തിന്റെ അന്തരീക്ഷം മത്സരത്തിന്റെതാണ്. അതാണ് മനസ്സിനെ ബാധിക്കുന്നത്. വേഗതകൂടിയ മനസ്സിനെയാണ് പിരിമുറുക്കമെന്നു പറയുന്നത്. ഈ വേഗത കുറക്കുകയാണ് പുനരധിവാസ പദ്ധതി , മനസ്സിന്റെ വേഗതയെ ശമിപ്പിക്കുന്ന യോഗപദ്ധതി.

അഹിംസ, സത്യം, അസ്തേയം (കക്കാതിരിക്കൽ) മുതലായ ചില സദാചാരങ്ങൾ നാം ശീലിക്കണമെന്ന് യോഗ പറയുന്നു. അതിലൂടെ പിരിമുറക്കം കുറയും. ശൗചം, സന്തോഷം മുതലായ ശീലങ്ങൾ നാം ജീവിതത്തിൽ പകർത്തണം. അത് വ്യക്തിജീവിതത്തിന് ഒരു നല്ല ശൈലിയുണ്ടാക്കിത്തരും. യോഗഭാഷയിൽ യമ നിയമങ്ങൾ എന്നാണിവ അറിയപ്പെടുന്നത്.

എല്ലാ സന്ധികൾക്കും ഇളക്കം കൊടുക്കുന്ന ശാസ്ത്രീയമായ ഒരു വ്യായാമ പദ്ധതി കൂടിയാണ് യോഗാസനങ്ങൾ. അവയ്ക്ക് ആത്മീയമായ മാനവുമുണ്ടെന്ന് ഇവിടെ മറക്കുന്നില്ല. മനസ്സിന് സ്ഥിരതയും സുഖവും നല്കാനും ആസനങ്ങൾക്കു കഴിയും. ശരീരത്തിന് സുഖവും സൗന്ദര്യവും ആരോഗ്യവും നല്കുന്ന പദ്ധതിയാണ് ആസനങ്ങൾ

ശ്വാസത്തിനെ താളത്തിലാക്കുന്ന പ്രാണായാമവും നമ്മുടെ മനസ്സിനെ വഴി തെറ്റിക്കുന്ന ഇന്ദ്രിയങ്ങളുടെ ലോകത്തിൽ നിന്നുള്ള പിൻമാറ്റവും യോഗാംഗങ്ങൾ തന്നെ. ശ്വാസത്തിലെ താളക്രമം മനസ്സിലും പരിവർത്തനമുണ്ടാക്കുമെന്നത് നിത്യാനുഭവമാണ്.

മനസ്സിന്റെ വേഗത പിന്നെയും കുറഞ്ഞ് മനസ്സിലൂടെ കടന്നു പോകുന്ന ചിന്തകളുടെ എണ്ണം വളരെ കുറയുമ്പോൾ മനസ്സ് ഏകാഗ്രമായി എന്നു പറയും. ഒരു അഗ്രം (അറ്റം, മുന) മാത്രമുള്ളത് ഏകാഗ്രം. അതു തന്നെ പിന്നെയും വേഗത കുറഞ്ഞാൽ ധ്യാനമായി മാറും. അതിന്റെ പാരമ്യത്തിൽ സമാധിയെന്ന ആനന്ദകരമായ അവസ്ഥയും അനുഭവിക്കാറാകും. സമാധിയെന്നാൽ മരണമല്ല എന്ന കാര്യം ഓർമ്മപ്പെടുത്തട്ടെ. പതഞ്ജലി മുനിയുടെ അഷ്ടാംഗയോഗം ഇത്തരം ഒരു ലോകത്തേക്കാണ് നമ്മെ നയിക്കുന്നത്. യോഗദർശനം സംസ്കൃതത്തിലായതിനാൽ പെട്ടെന്ന് മനസ്സിലാക്കാൻ പ്രയാസമെന്നേയുള്ളൂ. മനസ്സിലാക്കിയാൽ നിത്യജീവിതത്തിൽ പ്രയോജനപ്രദമായ ഒരു ദിവ്യ ഔഷധം തന്നെയാണ് ഈ രാജയോഗം.

ഭക്തിയോഗം, കർമ്മയോഗം ജ്ഞാനയോഗം എന്നൊക്കെ ധാരാളം കേൾക്കുന്ന വാക്കുകളാണ്. ഇവ യോഗ തന്നെയല്ലേ ? തീർച്ചയായും. എല്ലാറ്റിലും മനസ്സിന്റെ ശമനം തന്നെയാണ് വിഷയം.

സ്നേഹത്തിന്റെ യോഗമാണ് ഭക്തിയോഗം. നമ്മുടെ കാമമെന്ന മനസ്സിന്റെ വികാരത്തെ ത്യാഗപ്രേരണയിലൂടെ സ്നേഹത്തിലേക്കും ആത്മസമർപ്പണത്തിലൂടെ ഭക്തിയിലേക്കും നയിക്കാൻ ഭക്തിയോഗത്തിനു കഴിവുണ്ട്. വികാരങ്ങളുടെ ഉദാത്തീകരണമാണ് ഇവിടെ നടക്കുന്നത്. അതിലൂടെ മനസ്സിന് അലിവു കിട്ടുന്നു.പിരിമുറുക്കം അയയുന്നു. അഹങ്കാരത്തെ അകറ്റുന്നു. ജീവിതത്തെ ഈശ്വരന്റെ അനുഗ്രഹമാക്കാൻ സഹായിക്കുന്നു. സാധാരണക്കാരുടെ യോഗം ഭക്തിയോഗം തന്നെ.

നമ്മുടെ മനസ്സിനെ മയക്കുന്ന സുഖങ്ങളുടെ യഥാർത്ഥ രൂപത്തെ അന്വേഷിച്ചു ചെല്ലുന്നതാണ് ജ്ഞാനയോഗം. ആഗ്രഹങ്ങളുടെ പിറകെ ചെന്നാൽ അത് ആഗ്രഹങ്ങളെ ഇല്ലാതാക്കുകയല്ല, അവയെ വർദ്ധിപ്പിക്കുകയാണ് ചെയ്യുക എന്ന് ഭഗവദ്ഗീത പറയുന്നു. തീയിൽ നെയ്യൊഴിക്കുന്നതുപോലെയാണിത്. തീ കെടുകയല്ല കത്തിക്കയറുകയാണ് ചെയ്യുക. ഇങ്ങിനെ സുഖത്തിന്റെ യഥാർത്ഥ രൂപം മനസ്സിലാക്കി മനസ്സിന്റെ ശാന്തത വീണ്ടെടുക്കുന്നതാണ് ജ്ഞാനയോഗം.

നാം ചെയ്യുന്ന കർമ്മങ്ങളാണ് , പ്രവൃത്തികളാണ് മനസ്സിൽ കലക്കമുണ്ടാക്കുന്നതെന്നു ചിന്തിക്കുകയും കർമ്മങ്ങളെല്ലാമുപേക്ഷിച്ച് സ്വസ്ഥമാവാമെന്നും കണക്കു കൂട്ടുകയും ചെയ്യുന്നവരുണ്ടാകും. കർമ്മത്തിന്റെ ഈ ലോകത്തെ ഭയപ്പെടാതെ സൂക്ഷ്മമായി ചിന്തിച്ച് അതിനെ മറികടക്കാനുള്ള വഴിയാണ് ഭഗവദ്ഗീത മുന്നോട്ടു വെക്കുന്നത്. ഒന്നും ചെയ്യാതിരിക്കാൻ ആർക്കും പറ്റില്ല. കർമ്മത്തെ പൂർണമായി ഒഴിവാക്കാൻ ആർക്കും പറ്റില്ല. അപ്പോൾ എന്താണ് വഴി ? കർമ്മമാണോ നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കുന്നത്, അതോ അതിന്റെ ഫലമാണോ?

രണ്ടുമല്ല, ഫലത്തിലുള്ള നമ്മുടെ ആഗ്രഹമാണ് അതിനോടുള്ള അഭിനിവേശമാണ് കുഴപ്പക്കാരൻ എന്നറിയുമ്പോഴാണ് യോഗമാവുന്നത്.

ഇങ്ങിനെ ഏതു മാർഗമായാലും ലക്ഷ്യം. 'ചിത്തവൃത്തി നിരോധം' തന്നെയാണെന്നു തെളിയുന്നു. ശരീര(കർമ) യോഗത്തിലൂടെയും മനസ്സിന്റെ (ഭക്തി) യോഗത്തിലൂടെയും, ബുദ്ധിയുടെ (ജ്ഞാന) യോഗത്തിലൂടെയും ഇച്ഛാശക്തി (രാജയോഗം) യിലൂടെയും മനസ്സിന് വരുതിയിലാക്കുന്നതാണ് യോഗമെന്നു തെളിയുന്നു.

ഇതു തന്നെയാണ് ലോകത്തിന്റെ മുന്നിലുള്ള സുവർണ്ണ പാത. ഇതിലൂടെയാണ് ലോകം സഞ്ചരിക്കാൻ തുടങ്ങിയിരിക്കുന്നത്. അതു ഭാരതത്തിലുത്ഭവിച്ചതാണെന്ന് നമുക്ക് അഭിമാനം നല്കുന്നു. പക്ഷേ ഇതു മാനവികതയുടെ സ്വത്താണ്. നമ്മളതിൽ ബൗദ്ധികസ്വത്തവകാശം ചോദിക്കുന്നില്ല. നമുക്കുള്ളത് എല്ലാവർക്കും സൗജന്യമായി പങ്കുവെയ്ക്കുന്നു. യോഗയുടെ സത്തയും അതു തന്നെ. ജൂൺ 21 ലൂടെ ഇന്ത്യൻ പ്രധാനമന്ത്രി ലോകത്തോട് പങ്കു വെയ്ക്കുന്നതും ഇതു തന്നെ. ഈ മൂന്നാമത്തെ ലോകയോഗദിനം നമുക്കൊന്നിച്ച് ആഘോഷിക്കാം●

കവിത

# നിശീഥിനി

രാജലക്ഷ്മീദേവി. എസ് (ഫോൺ : 9495684766)

ചേതോഹരമായ ഒരു രാവിന്റെ അന്ത്യവും, പ്രതീക്ഷാനിർഭരമായ പുലർവേളയുടെ ഉദയവും

മിന്നാമിനുങ്ങുകൾ ആയിരം ഇന്നെന്റെ
കൺമുന്നിൽ പാറി പറന്നിടുന്നു
നീലാംബരത്തിലെ താരകൾ ഭൂമിയിൽ
ആരോ വിതറിയതെന്നപോലെ

പാതിരാപ്പൂവിലും പാലമരത്തിലും
വൈഢൂര്യരത്നം പതിച്ചപോലെ
അപ്സരകന്യകൾ മാറിലണിയുന്ന
രത്നാഭരണവിഭൂഷപോലെ

ഗന്ധർവ്വവീണകൾ മീട്ടുമീരാത്രിയിൽ
ഉന്മാദഗന്ധമൊഴുകിയെത്തും
അപ്സരകന്യകളീഭൂവിലാകവേ
സ്വർഗ്ഗീയനർത്തനമാടി നില്കും

പാതിരാക്കാറ്റിൽ പനിനീരുമായുടൻ
ആതിരാതെന്നലരികിലെത്തും
ആരോമലാൾക്കൊരു രോമാഞ്ചമെന്നപോൽ
ആയിരം മുല്ലകൾ പൂത്തു നിൽപ്പൂ.

ആദിത്യദേവനുദിക്കാൻ സമയമായ്
ഭൂമിക്കു ചേലകൾ മാറ്റിടേണം.
രാവിൻയവനികമെല്ലെമടക്കണം
ഗായത്രീമന്ത്രം ജപിച്ചിടേണം

വീണ്ടും വരാമന്നുമെല്ലെ പറഞ്ഞുടൻ
വാർതിങ്കൾ വാനിൽ മറഞ്ഞുമെല്ലെ
ഗന്ധർവ്വസന്ധ്യയും വൈഢൂര്യരത്നവും
മിന്നീമറഞ്ഞു പുലർവേളയിൽ

## രാമായണ പ്രഭാഷണം

എറണാകുളം കരയോഗവും ബോധാനന്ദശ്രുതിസേവാട്രസ്റ്റും സംയുക്തമായി 2017 ജൂലായ് മാസം 21,22,23 തീയതികളിൽ തൃദിനരാമായണപ്രഭാഷണം സംഘടിപ്പിക്കുന്നു. ഈ മൂന്നു ദിവസവും വൈകിട്ട് 6.00 മണി മുതൽ 7.30 വരെ ടി.ഡി.എം ഹാൾ യമുനയിൽ വെച്ച് സംബോധ് ഫൗണ്ടേഷൻ മുഖ്യാചാര്യൻ സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിയുടെ നേതൃത്വത്തിലാണ് പരിപാടി നടത്തുന്നത്. എല്ലാ സജ്ജനങ്ങളുടേയും സാന്നിദ്ധ്യസഹകരണങ്ങൾ ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

## വിമൻസ് ഫോറം 2017 ജൂൺ മാസത്തെ പരിപാടി

| തീയ്യതി | പരിപാടി | സമയം | അവതാരക |
|---|---|---|---|
| 21.06.2017 (International Yoga Day) | Yoga and Wellness | 4.00 P.M. | ശ്യാമള കർമ്മചന്ദ്രൻ |





# നെഞ്ചിൻ കൂട്ടിലെ കിളി

പറവൂർ രാജഗോപാൽ (ഫോൺ : 98472 91483)

രാത്രി മുഴുവൻ മോൻ കരഞ്ഞുകൊണ്ടേയിരുന്നു. പുറത്ത് ചീവിടുകളുടെ താളങ്ങൾ ഏറ്റുവാങ്ങി ഇരുട്ടിന്റെ കനത്ത വിരി വീണു കിടക്കുന്നു. രാത്രിയുടെ അഭിശപ്തമായ താളലയങ്ങൾക്കിടയിലും കാതു കടമെടുത്തു നിന്നത്, നെഞ്ചിൻകൂട് പുറപ്പെടുവിച്ചുകൊണ്ടിരുന്ന വിമ്മിട്ടങ്ങളുടെ നേർത്തതും കുറുകിയതുമായ ചിലമ്പിക്കലുകളാണ്.

അയാൾ കൈകൾ ഉയർത്തി അവന്റെ ഉയർന്നു പൊങ്ങുന്ന നെഞ്ചിൻ കൂടിൽ തലോടിക്കൊണ്ടിരുന്നു.

ഓഫീസിൽ നിന്നും അൽപം വൈകിയാണ് ഇറങ്ങാൻ കഴിഞ്ഞത്. അത്യാവശ്യമായി അയക്കേണ്ടുന്ന ഫയലുകളിൽ ഒപ്പുവച്ച കടലാസുകൾ തപ്പിപ്പെറുക്കി ചേർത്തു കെട്ടുന്നതിനിടെ ഒന്നുരണ്ടു വട്ടം ക്ലാർക്ക് സ്വാമി തിരക്കി.

എന്താ നായര് സാറിന് ഒരു അന്ധാളിപ്പ് ?

തലേന്നാൾ ഉറങ്ങാതിരുന്ന കരഞ്ഞുകൊണ്ടിരുന്ന മകനേയും ഒക്കത്തേറ്റി മുറിക്കുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. ഉറക്കം കൺപോളകളെ മാടിവിളിച്ചിരുന്നെങ്കിലും ഒന്നു കണ്ണടച്ചത് വെളുപ്പാൻ കാലത്താണ്.

മോന്റെ 'മ്മേ' എന്നുള്ള കരച്ചിലിനിടയിലും, അവൾ, അവന്റെ അമ്മ, തന്റെ ഭാര്യ തളർന്നുറങ്ങുകയായിരുന്നു.

ഒന്നു രണ്ടു വട്ടം അവളെ കലുക്കി വിളിച്ചാലോ എന്നു ചിന്തിച്ചു.കുഞ്ഞ് രണ്ടു പേരുടേയും കൂടിയാണ്. തനിക്കുള്ളതിലും കൂടുതൽ ഉത്തരവാദിത്വം വേണ്ടത് അവൾക്കല്ലേ? പിന്നെ മടിച്ചു. ഒന്നിനും പറ്റിയ മൂഡിലായിരുന്നില്ല അവൾ.

ക്ലബ്ബിൽ ഇന്നു ഉണ്ടായിരുന്നിരിക്കുക ആരുടെ വക ഫങ്ഷനാകുമോ, ആവോ...

ആനി ജെനറ്റിന്റെ ബർത്ത്ഡേ

മാഗി ഐസക് പുതുതായി വാങ്ങിയ സാരിയുടെ പേരിൽ, അതോ മാലതി ദാസിന്റെ ഹസ്സിന്റെ ഹാങ്ങിങ്ങോ?

മുറിക്കുള്ളിൽ തടസ്സപ്പെടുന്ന കാറ്റിൽ കലർന്ന ഗന്ധം മുന്തിയ എന്തിന്റെയൊക്കെയോ പേരുകൾ ഓർമ്മപ്പെടുത്തിയിരിക്കണം.

അവൾ താരാട്ടുപാടിയുറക്കുന്നതിലും ഭംഗിയായി പാടിയുറക്കാൻ തീർച്ചയായും തനിക്കു കഴിയണം. അവളുടെ ഉറക്കുപാട്ടിൽ വാദ്യോപകരണങ്ങളുടെ ചെകിടടക്കുന്ന ധ്വനികളാകും ഉയരുക. അതു മോന്റെ അസ്വസ്ഥതകൾ വർദ്ധിപ്പിക്കാനേ തരപ്പെടൂ.

കുഞ്ഞുന്നാളിൽ അമ്മയുടെ നാവിൻ തുമ്പിൽ നിന്നുകേട്ട പ്രിയപ്പെട്ട ഉറക്കുപാട്ട് മറന്നിട്ടില്ല.

'ഉറങ്ങുറങ്ങെൻ കൺമണിയേ

ഉഷസ്സുകണ്ടുണരാൻ....

ഇനിയുറങ്ങെൻ പൊൻമകനേ

ഉദയം കണ്ടുണരാൻ....'

ഇടയ്ക്ക് മോന്റെ കരച്ചിൽ ഉച്ചത്തിലാവുമ്പോഴെല്ലാം കൂടെ കരയാനാവാതെ മൂളിക്കൊണ്ടിരുന്നു.

'ടർർ....ഏയ് കരയണ്ടാട്ടോ, കുട്ടനൊറങ്ങിക്കോട്ടോ'

തികഞ്ഞ ക്ഷീണഭാരത്തോടെയെത്തുമ്പോൾ മോന്റെ സമീപം ബെഡ്ഡിൽ മാല്യേടത്തിയുണ്ട്. അവരുടെ വിരൽത്തുമ്പുകൾ അവന്റെ നെഞ്ചിൽ പരതി നടക്കുന്നു. മോൻ ഉറക്കത്തിന്റെ വക്കോളമെത്തിയിരിക്കെ, അവന്റെ ദൈന്യത അവരുടെ കണ്ണുകളിൽ വ്യക്തമായിരുന്നു.

സുനന്ദ എവ്ടെ മാല്യേടത്തി?

അവൾ ഇറങ്ങിക്കഴിഞ്ഞിരിക്കുമെന്നാണു കരുതിയത്. പകിട്ടുള്ള സാരി വാരി വലിച്ചു ചുറ്റാൻ ബദ്ധപ്പെടുന്നതിനിടെ തെളിഞ്ഞ ചിരി ഈർഷ്യയായിരുന്നു ഉളവാക്കിയത്.

'ഇന്നെങ്ങോട്ടാണാവോ?'

'ഇന്ന് മിസിസ്സ് മേനോന്റെ ബർത്ത്ഡേ സെലിബ്രേഷനല്ലേ; നിങ്ങൾ വരുന്നോ?'

മൂന്നു നാളുകളായി മോന്റെ അസുഖം സങ്കീർണ്ണമായി കണ്ടിട്ട്. അവനെ പരിശോധിച്ച ഡോക്ടർ സാരമില്ലെന്നു പറഞ്ഞെങ്കിലും പ്രത്യേകം തന്നെ വിളിച്ച് ഉപദേശിച്ചിരുന്നു. 'കുഞ്ഞിന് എല്ലാവരുടേയും സാമീപ്യം അറിയണം. പ്രത്യേകിച്ച് അമ്മയുടെ. റിമംബർ'.

ഇതെല്ലാം ഡോക്ടർ എന്തിനു തന്നോട് പറയുന്നുവെന്നു തോന്നി. എല്ലാം പറയേണ്ടിയിരുന്നത് അവ

ളോടാണ്. അതിനവൾ വീട്ടിലുണ്ടായിട്ടു വേണ്ടേ.

അവളും അവളുടെ ഒരു സെറ്റപ്പും. പല്ല് ഞെരിച്ചു. എല്ലാം കേട്ടുകൊണ്ട് മാള്യേടത്തി നിശ്ചലയായി നിന്നിരുന്നു.

അകത്ത് അവളുടേതു കൂടിയായ ഒരു ജീവൻ കിടക്കുന്നുണ്ടെന്നതു മറന്നിരിക്കുന്നു.

'മോൻ....'

'ഓ അവനിപ്പൊ എങ്ങനൊണ്ട്?'

വലിയ വട്ടത്തിൽ നെറ്റിയിൽ പൊട്ട് പിടിപ്പിക്കുന്നതിനിടെ തിരക്കിട്ട് വന്ന് അവൾ വന്ന് നെറ്റിയിൽ കൈ ചേർത്തു കൊണ്ട് പറഞ്ഞു.

'ഓ ഹീ ഈസ് നോർമൽ നൌ'

തൊഴിക്കാനാണ് തോന്നിയത്. അതൊഴിവാക്കി പറഞ്ഞു.

'ഇന്നെവിടേം പോകണ്ട. നീ ഇവിടിരുന്നു മോനെ നോക്ക്.'

'നിങ്ങൾ എവിടെ പോകുന്നു?'

'അതല്ല. നീ കൂടെ...'

'അതിനു മാള്യേടത്തിയുണ്ടല്ലൊ.'

അവർ അവന്റെ ആരാണെന്ന് ചോദിക്കാൻ തോന്നി. പ്രസവിച്ച അമ്മയോ അതോ അമ്മയുടെ അമ്മയോ?

ഒരു ബന്ധവുമില്ലാത്ത മാള്യേടത്തി അവനെ പൊന്നു പോലെ നോക്കുമെന്നെറിയാം. വെറുമൊരു വേലക്കാരി എന്നതിലുമുപരി അവർ സ്ത്രീയാണെന്ന് ബോദ്ധ്യം വന്നിരിക്കുന്നു. ഒന്നും പറയേണ്ടതായി വന്നില്ല. അതിനു മുൻപേ തന്നെ അവൾ ഇറങ്ങിക്കഴിഞ്ഞിരുന്നു. അവളേയും കൊണ്ട് സുസുക്കി വളവുകൾ തിരിഞ്ഞ് അതിർത്തികൾ പിന്നിട്ട് അകലങ്ങളിൽ എത്തിയിരിക്കണം.

വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ സംഗമത്തിന്റെ വേളകൾ അപൂർവ്വ സംഭവങ്ങളായിരുന്നു. അന്നു തൊട്ടേ!

മുറിയിലെ വോൾപെയിന്റിംങ് പൊടി മറ കൊണ്ട് തെളിച്ചം നഷ്ടപ്പെട്ടു കണ്ടെങ്കിലും കീഴെ എഴുതി പിടിപ്പിച്ച വരികൾ വായിക്കാൻ കഴിഞ്ഞു.

''ഈഫ് ദൗ വുഡ്സ് മാരി വൈസ്, മാരി തൈൻ ഈകൽ'' പ്രശസ്ത ചിന്തകന്റെ വരികൾ വിൺവാക്കുകളല്ലെന്നു ബോദ്ധ്യം വന്നിരിക്കുന്നു.

പാളിവീണവാക്കുകൾ അച്ഛന്റേതായിരുന്നു. പതറിപ്പോയ ശബ്ദവും.

ഉയർന്നവരുമായി ബന്ധം വേണ്ടെന്ന് പലവട്ടം ശഠിച്ചതാണ്. എങ്കിലും അച്ഛന്റെ ജീവിതം കണ്ട അഭിപ്രായങ്ങൾക്കു മുന്നിൽ അന്നു തത്വചിന്തകന്റെ ഭാവനയിലെ നിറം പിടിപ്പിച്ച പ്രമാണം (അച്ഛന്റെ അഭിപ്രായത്തിൽ) മുട്ടുമടക്കി. ഇന്നു വീണ്ടും ആ ഭാവനയിലെ നിറം പിടിപ്പിച്ച പ്രമാണങ്ങൾക്ക് നവജീവൻ.

മോന്റെ നെഞ്ചിൻ കൂട് ക്രമാതീതമായി ഉയർന്നുതാഴുന്നതും നോക്കിയിരിക്കാൻ കെൽപ്പുണ്ടായിരുന്നില്ല. എഴുന്നേറ്റു. ഒപ്പം ചോർന്നു പോകുന്ന കാലിന്റെ പെരുപ്പ്.

'ഫ്ളാസ്കിൽ കടുംകാപ്പീണ്ട്, കഴിക്കായിരുന്നു', മാള്യേടത്തിയാണ്.

പുറത്തുനിന്നും ഒഴുകി വന്ന പട്ടിയുടെ ഓരിയിടലിൽ മോൻ ഉണർന്നു വീണ്ടും കരയാൻ തുടങ്ങി. ഉയർന്നു പൊങ്ങുന്ന ശ്വാസമിടിപ്പുകളിൽ അവന്റെ കൊച്ചു ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു.

പെട്ടെന്നാണ് മാള്യേടത്തി വിളിച്ചു പറഞ്ഞത്.

ടാക്കട്ടറെ വിളി മോനേ....

ഓടുകയായിരുന്നു. പെരും മഴയത്ത് ഒരു കുട കൂടിയില്ലാതെ. നിത്യേന നടന്നു പരിചയിച്ച വഴികൾ പോലും തിരിച്ചറിയാതെ കിടന്നു.

അകലെ നിന്നു കണ്ട ഹെഡ് ലൈറ്റിനു നേരെ ഇരുകൈകളും ഉയർത്തി വീശി. വണ്ടി നിന്നു. ഉള്ളിലിരുന്ന കറുത്ത മനുഷ്യന്റെ കാരുണ്യം കാറിന്റെ ഹെഡ് ലൈറ്റുകൾ നീലച്ചായമടിച്ച ഗേറ്റിൽ പതിച്ചു.

ഡോക്ടർ സുശീല ഗോപാൽ. ചൈൽഡ് സ്പെഷ്യലിസ്റ്റ്. കാളിംഗ് ബല്ലിൽ വിരലമർത്തി. കതകു തുറക്കപ്പെട്ടു.

''ഡോക്ടർ എന്റെ.... ഒന്നു വരണം... പ്ലീസ്.''

'ഓ, സോറി. എന്റെ എച്ച് ഇല്ല. വരാൻ ബുദ്ധിമുട്ടാണ്.' വിയർത്തുപോയി. കിതപ്പിൽ ഒരു വിധത്തിലാണ് കാര്യങ്ങൾ പറഞ്ഞു ധരിപ്പിച്ചത്.

"'ഓ.കെ.ഞാൻ വരാം'

ഇഞ്ചക്ഷൻ നൽകി തിരികെ പോകുമ്പോൾ അവർ പറഞ്ഞു 'ഒന്നുറങ്ങട്ടെ' 'മോന്റെ നെഞ്ചിൻ കൂട് ക്രമാതീതമായി ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു.' നിമിഷങ്ങളിൽ നിശ്ചലമായിക്കൊണ്ടിരുന്ന അവന്റെ നെഞ്ചിൽ തഴുകിയിരിക്കെ അറിഞ്ഞൂ മേന്റെ ശരീരം തണുത്തുറഞ്ഞിരിക്കുന്നു.

മോന്റെ ശരീരം കെട്ടിപ്പിടിച്ച് കമഴ്ന്ന് കിടന്ന് അയാൾ ഏങ്ങി ഏങ്ങി കരഞ്ഞു തീരുമ്പോൾ, ഇടറിയ കാൽവയ്പ്പുകളോടെ കടന്നു വന്ന അവൾ ഭ്രാന്തിയെപ്പോലെ വിളിച്ചു.

'മോനേ!'

ഒരമ്മയുടെ തേങ്ങലുകൾ നാലുചുവരുകളിൽ തട്ടി പ്രതിഫലിച്ചു●





# ഉപനിഷത്തുകളിലൂടെ.......
# ഉദ്ദാലകനും പുത്രനായ ശ്വേതകേതുവും

**ഡോ. എൻ. ഗോപിനാഥൻ നായർ (ഫോൺ: 92492 05553)**

ഛാന്ദോഗ്യോപനിഷത്തിലെ ആറാം അദ്ധ്യായത്തിലാണ്, ഉദ്ദാലകൻ തന്റെ പുത്രനായ ശ്വേതകേതുവിന്, ഗുരുകുലത്തിൽനിന്നും ലഭിക്കാതെ പോയ അറിവ് അഥവാ ജ്ഞാനം ഉപദേശിക്കുന്നത്.

സുപ്രസിദ്ധമായ 'തത്ത്വമസി' എന്ന ഉപനിഷത് മഹാവാക്യം വരുന്നത് ഈ അദ്ധ്യായത്തിലാണ്. ജീവ ബ്രഹ്മൈക്യത്തെ പറ്റി ഒൻപത് പ്രാവശ്യം ആവർത്തിച്ച് സമർത്ഥിക്കുന്ന സന്ദർഭം ഉള്ള ഈ അദ്ധ്യായം ഛന്ദോഗ്യോപഷത്തിന്റെ ജീവനായ ഭാഗമാണ്. ഉപാസനയിൽ നിന്ന് ജ്ഞാനത്തിലേക്ക് പ്രവേശിക്കുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്.

ഛന്ദോഗൻ എന്നാൽ 'സാമ ഗായകൻ' എന്നാണ്. സാമവേദവുമായി ബന്ധപ്പെട്ട ഈ ഉപനിഷത്തിൽ ഏതാണ്ട് 130 വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. വളരെ പ്രാചീനമായ ഉപനിഷത്തിൽ ബ്രഹ്മതത്വത്തിന്റെ മർമ്മം ഗ്രഹിക്കുവാൻ സഹായകരമായ വചനങ്ങൾ ഏറ്റവും കൂടുതലുള്ളതായി കാണുന്നു.

പിതാവിന്റെ നിർദ്ദേശം അനുസരിച്ച് പന്ത്രാണ്ടാമത്തെ വയസ്സിൽ ശ്വേതകേതു, വേദപഠനത്തിനായി ഗുരുകുലത്തിലേക്കു പോകുന്നു. 24–ാമത്തെ വയസ്സിൽ പഠനം പൂർത്തിയാക്കി മടങ്ങിയെത്തുന്നു. താൻ വേദങ്ങളെല്ലാം പഠിച്ച് , വിദ്വാനായി തീർന്നു എന്ന ധാരണയിൽ അഭിമാനത്തോടൊപ്പം എന്നാൽ ഒരൽപ്പം അഹങ്കാരത്തോടെയുമാണ് പിതാവിന്റെ സവിധത്തിലെത്തുന്നത്. വിദ്യ നേടി വിജ്ഞാനിയായിട്ടും വിനയാന്വിതനല്ലാത്ത പുത്രനോട് ജ്ഞാനം പരീക്ഷിക്കാനായി പിതാവ് ചില ചോദ്യങ്ങൾ ചോദിക്കുന്നു. ശരിയായ ഉത്തരങ്ങൾ അറിയാത്തതിനാൽ ശ്വേത കേതു പിതാവിനോട് പറഞ്ഞത് ഗുരു ഇവയൊന്നും തന്നെ പഠിപ്പിച്ചിട്ടില്ലെന്നും അതിനാൽ പിതാവ് തന്നെ ഇതെല്ലാം തനിക്ക് ഉപദേശിച്ചു തരണമെന്നുമാണ് . ഇതേ തുടർന്ന് ആചാര്യനും കൂടിയായ ഉദ്ദാലകൻ പുത്രനായ ശ്വേതകേതുവിന് അറിഞ്ഞിരിക്കേണ്ടതായ ബ്രഹ്മതത്വം ഉപദേശിക്കുന്നു.

ഒരുവൻ മണ്ണ് കൊണ്ട് പലതരം പാത്രങ്ങൾ ഉണ്ടാക്കുന്നു. അവയെല്ലാം പല പേരുകളിലാണ് അറിയപ്പെടുന്നത്. എന്നാൽ മണ്ണു മാത്രമാണ് സത്യമായിട്ടുള്ളത് . മറ്റുള്ളതെല്ലാം മനസ്സിന്റെ വികാര വിചാരങ്ങളാണ്. മണ്ണിന്റെ രൂപഭേദങ്ങളാണ്. അതുപോലെ ലോഹം കൊണ്ട് നിർമ്മിക്കുന്ന ഉപകരണങ്ങളും ആയുധങ്ങളും പലപേരുകളിലാണ് അറിയപ്പെടുന്നത്. എന്നാൽ ലോഹം ഒന്നു മാത്രമാണ് സത്യമായിട്ടുള്ളത്.

ആദിയിൽ പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതിന് മുൻപ് ഏകവും അദ്വിതീയവുമായ സത് മാത്രമാണ് ഉണ്ടായിരുന്നത്. സത്തിൽ നിന്നാണ് മറ്റു പലതും ഉണ്ടായത്. ആദ്യം അഗ്നിയും അതിനുശേഷം ജലവുമുണ്ടായി. ജലത്തിൽ നിന്നാണ് ഭക്ഷ്യയോഗ്യമായ അന്നാദികൾ ഉണ്ടായത്. ഭക്ഷിക്കപ്പെടുന്ന അന്നം ശരീരത്തിൽ മൂന്നായി വിഭജിക്കപ്പെടുന്നു. സ്ഥൂലമായ ഭാഗം മലമായും മധ്യമമായ ഭാഗം മാംസമായും ഏറ്റവും സൂക്ഷ്മമായ ഭാഗം മനസ്സായും മാറുന്നു. അതേപോലെ പാനം ചെയ്യുന്ന ജലവും മൂന്നായി വിഭജിച്ച് മൂത്രമായും രക്തമായും സൂക്ഷ്മമായ ഭാഗം പ്രാണനായും മാറുന്നു. വെണ്ണ, നെയ്യ് പോലുള്ള തേജോമയമായ ആഹാരത്തിന്റെ സ്ഥൂലമായ ഭാഗം അസ്ഥിയായും മധ്യഭാഗം മജ്ജയായും സൂക്ഷ്മമായ ഭാഗം വാക്കായും പരിണമിക്കുന്നു.

സന്ദർഭോചിതമായ ഒരു വസ്തുത ഇവിടെ എടുത്ത് പറയേണ്ടിയിരിക്കുന്നു. ആധുനിക കാലഘട്ടത്തിൽ മാംസാഹാരത്തിന് വളരെ പ്രാധാന്യമേറുകയും സസ്യാഹാരം പ്രായേണ കുറഞ്ഞു വരികയും ചെയ്യുമ്പോൾ മനുഷ്യമനസ്സിനെ അത് സാരമായി സ്വാധീനിക്കുന്നു. ശാന്തശീലനും വിവേകിയും വിനയാന്വിതനുമായ ഒരു വ്യക്തിയുടെ സ്ഥാനത്ത് അസ്വസ്ഥനും അഹങ്കാരിയും ആക്രമവാസനയും ഉള്ളവനായി ഒരുവന്റെ മനസ്സ് രൂപപ്പെടുവാനുള്ള സാധ്യത വളരെയധികം വർദ്ധിക്കുന്നു. അതിനാൽ നാമെല്ലാം സത്വഗുണ പ്രധാനമായ ആഹാരത്തിനാണ് മുൻഗണന കൊടുക്കേണ്ടത്. ക്രമാതീതമായ എരിവും പുളിയും മസാലക്കൂട്ടുകളും (രജോഗുണം) അടങ്ങിയതും പഴയതും ദുർഗന്ധമുള്ളതുമായ (തമോഗുണം) ആഹാരപദാർത്ഥങ്ങൾ വർജ്ജിക്കുന്നതാണ് ഉത്തമം.

ആചാര്യൻ പുത്രനായ ശിഷ്യന് ഉപദേശം തുടരുന്നു. ഹേ സൗമ്യ ; ഒരുവൻ നിദ്രയിൽ ലയിക്കുമ്പോൾ, അവൻ ജീവഭാവം വെടിഞ്ഞ് ബ്രഹ്മവുമായി താദാത്മ്യം പ്രാപിച്ചവനായിത്തീരുന്നു. എന്നാൽ അയാൾ മരണപ്പെടുമ്പോൾ പ്രാണൻ ശരീരമുപേക്ഷിച്ച് തേജസ്സിൽ ലയിക്കുന്നു. ആ തേജസ്സ് (ജീവാത്മാവ്) ബ്രഹ്മതേജസ്സിൽ (ബ്രഹ്മാത്മാവ്) ലയിച്ച് അതിന്റെ

ഭാഗമായിത്തീരുന്നു. ആ തേജസ്സ് , ആ ചൈതന്യം നിന്നിലുണ്ട്. 'അത് നീ ആകുന്നു.' 'തത്ത്വമസി' എന്ന മഹാവാക്യം ആചാര്യൻ പുത്രനായ ശ്വേതകേതുവിന് ഉപദേശിക്കുന്നു. 'അത് നീ തന്നെയാണ്' എന്ന് ഉദാഹരണ സഹിതം വീണ്ടും ഉറപ്പിക്കുന്നു.

ഈ ജഗത്തെല്ലാം നിറഞ്ഞു നിൽക്കുന്ന ചൈതന്യത്തിന്റെ ഒരംശമാണ് എല്ലാ ജീവജാലങ്ങളിലും ഉള്ളത്. അതാണ് അവയെ എല്ലാം നിലനിർത്തുന്നത്. ബ്രഹ്മത്തിൽ നിന്നും ഉത്ഭവിക്കുന്ന ആ ചൈതന്യം അവസാനം ബ്രഹ്മത്തിൽ തന്നെ ലയിക്കുന്നു.

തേനീച്ചകൾ പലതരം വൃക്ഷങ്ങളിൽ നിന്നും ശേഖരിക്കുന്ന പലതരം തേൻ കൂട്ടിലെത്തുമ്പോൾ ഒന്നായിത്തീരുന്നു. പിന്നീട് അവയെ വേർ തിരിച്ചറിയാൻ സാധിക്കുന്നില്ല.

സമുദ്രജലം മേഘമായി മഴയായി പലപല തുള്ളികളായി ഭൂമിയിൽ പതിക്കുന്നു. ഈ ജലം പലപല നദികളിലൂടെ ഒഴുകി സമുദ്രത്തിൽ എത്തിച്ചേരുന്നു. അങ്ങനെ ഒന്നായിത്തീർന്ന സമുദ്രജലത്തിൽ നിന്ന് ഓരോ നദികളിലൂടെ ഒഴുകിയെത്തിയ ജലം പ്രത്യേകം എടുത്തു കാണിക്കാനോ, വേർതിരിച്ചറിയാനോ സാധിക്കുന്നില്ല.

ഒരു വടവൃക്ഷത്തിന്റെ കായ് എടുത്ത് പിളർന്നാൽ അകത്ത് അനേകം സൂക്ഷ്മങ്ങളായ ബീജങ്ങൾ കാണപ്പെടുന്നു. അതിൽ നിന്നും ഒരു ബീജമെടുത്ത് വീണ്ടും പിളർന്നാൽ അകത്ത് ഒന്നും ഉള്ളതായി കാണാൻ സാധിക്കുന്നില്ല. നഗ്നനേത്രങ്ങൾക്ക് കാണാൻ സാധികത്ത ഈ അതിസൂക്ഷ്മമായ ഭാഗത്തുനിന്നാണ് വിശാലമായ വടവൃക്ഷം മുളയ്ക്കുന്നത്. ആത്മാവിന്റെ അവസ്ഥയും ഇതുപോലെയാണെന്ന് ഉദ്ദാലകൻ സമർത്ഥിക്കുന്നു.

ഒരു പാത്രത്തിലെ ജലത്തിലേക്ക് കുറച്ച് ഉപ്പെടുത്ത് നിക്ഷേപിച്ചാൽ അല്പനേരത്തിനുള്ളിൽ ഉപ്പ് അപ്രത്യക്ഷമാകുന്നു. ഉപ്പ് പൂർണ്ണമായും ജലത്തിൽ ലയിച്ചു ചേരുന്നു. പാത്രത്തിലെ ഏതു ഭാഗത്തുനിന്നും ജലമെടുത്തു രുചിച്ചാലും ഉപ്പുരസമനുഭവപ്പെടും. അതായത്, കാണാൻ സാധിക്കാത്ത ഒരു വസ്തുവിനെ അനുഭവിച്ചറിയാൻ സാധിക്കുന്നു. വിശ്വത്തിന്റെ മൂലമായി സത്തെന്ന് പറയുന്ന അണുഭാവമാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിക്കുന്നത്. അതു തന്നെയാണ് സത്യം, അതു തന്നെയാണ് ജഗത്തിന്റെ ആത്മാവ്. അല്ലയോ ശ്വേതകേതു 'അത് നീ ആകുന്നു.'

ഒരു വ്യക്തി മരണപ്പെടുമ്പോൾ ശരീരത്തിൽ നിന്നും വിട്ടുപോകുന്ന ജീവചൈതന്യം നഗ്നനേത്രങ്ങൾക്ക് എങ്ങിനെ അദൃശ്യമായിരിക്കുമോ അതുപോലെ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഈശ്വര ചൈതന്യവും അദൃശ്യമായി തന്നെ സ്ഥിതി ചെയ്യുന്നു. ഈ അഗോചരസത്യത്തെ യോഗമാർഗ്ഗത്തിലൂടെ സാക്ഷാത്കരിച്ച് അറിഞ്ഞവരാണ് നമ്മുടെ ഋഷിശ്വരൻമാർ. ആ സാക്ഷാത്കാരം തന്നെയാണ് നമ്മുടെ ഉപനിഷത്തുകൾ നമുക്ക് ഉപദേശിച്ച് തരുന്നതും●

(വ്യക്തിവിശേഷം)

## ഏ.വി. കുട്ടിമാളു അമ്മ (1905–1985 )

സ്ത്രീകൾ മുഖ്യധാരയിലേക്കിറങ്ങാൻ അങ്ങേഅറ്റം വിമുഖത കാണിച്ചിരുന്ന ഒരു കാലത്ത്, ഗാന്ധിജിയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടയായി സ്വാതന്ത്ര്യസമരത്തിന്റെ മുൻനിരയിലേക്കിറങ്ങി മലബാർ പ്രദേശത്തെ ജനതതിക്ക് നേതൃത്വം നൽകിയ, കടുത്ത യാതനകൾ സഹിച്ച ഒരു ഏകാന്ത സാഹസികയാണ് ശ്രീമതി. ഏ.വി. കുട്ടിമാളു അമ്മ. തെക്കേ മലബാറിലെ പ്രശസ്ഥ തറവാടായ ആനക്കര വടക്കേടത്ത് തറവാട്ടിൽ 1905 ഏപ്രിൽ 23 ന് ജനിച്ചു. മദ്രാസ് പ്രസിഡൻസി സ്കൂളിൽ വിദ്യാഭ്യാസം കഴിഞ്ഞ അവർ, 1928 ൽ പ്രശസ്ത അഭിഭാഷകനും, ദേശീയ നേതാവും, നഗര സഭാ അദ്ധ്യക്ഷനും, മദ്രാസ് മന്ത്രിസഭയിലെ അംഗവുമായി തീർന്ന കോഴിപ്പുറത്തു മാധവമേനോന്റെ ഭാര്യയായി. ഭർത്താവിൽ നിന്നുള്ള സഹകരണവും പ്രോത്സാഹനവും കൂടി ആയതോടെ പൊതുരംഗത്ത് കൂടുതൽ സജീവമാകുവാൻ അവർക്കു സാധിച്ചു. ഗാന്ധിജി നേതൃത്വം കൊടുത്ത സിവിൽ നിയമലംഘനം, വിദേശവസ്ത്ര ബഹിഷ്കരണം മുതലായ സമരമുഖങ്ങളിലും അവർ സജീവമായി. 1932 ൽ പ്രസവം കഴിഞ്ഞ സമയത്തുപോലും കൈകുഞ്ഞുമായി സമരമുഖത്ത് എത്തി അറസ്റ്റുവരിക്കുവാൻ അവർ തയ്യാറായി. രണ്ടു വർഷത്തോളം ജയിലിൽ കഴിഞ്ഞ അവർ മറ്റു സ്വാതന്ത്ര്യ സമരസേനാനികൾക്കും ആവേശവും, മാതൃകയുമായി. അവരുടെ നിസ്വാർത്ഥ സേവനങ്ങളുടെ അംഗീകാരമെന്ന നിലയിൽ, 1932 ൽ കോൺഗ്രസ്സ് സംഘടന അവരെ നേതൃത്വത്തിലേക്ക് ഉയർത്തി. കിറ്റ് ഇൻഡ്യ സമരത്തിൽ പങ്കെടുത്ത് അറസ്റ്റു വരിച്ച അവർ എ. ഐ. സി. സി. അംഗം, മാതൃഭൂമി ഡയറക്ടർ, ദേശീയ മഹിളാ സമാജം പ്രസിഡന്റ് എന്നീ ഉന്നത പദവികളും അലങ്കരിച്ചു. ഇംഗ്ലീഷ് ഹിന്ദി, ബംഗാളി എന്നീ ഭാഷകൾ കൈകാര്യം ചെയ്യാൻ അതീവനൈപുണ്യം അവർക്കുണ്ടായിരുന്നു. മലബാർഹിന്ദിപ്രചാരസഭയുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രശസ്തയായ അമ്മുസ്വാമിനാഥന്റെ ഇളയ സഹോദരിയാണ് ശ്രീമതി. ഏ. വി. കുട്ടിമാളു അമ്മ. പലേ തുറകളിലും തന്റെ സാന്നിദ്ധ്യം വ്യക്തമായി അറിയിച്ച ആ മഹിളാരത്നം 1985 ഏപ്രിൽ 14 ന് ഈ ലോകത്തോട് വിട പറഞ്ഞു.





# ചൊവ്വയുടെ ഗ്രഹനില

സി. രാമചന്ദ്രൻ (ഫോൺ: 99958 20684)

സൗരയൂഥത്തിലെ എട്ടുഗ്രഹങ്ങളിൽ നാലമത്തേതാണ് ചൊവ്വ. ജ്യോതിഷികൾ കുജൻ എന്നു പറയുകയും, കു എന്ന് എഴുതുകയും ചെയ്യും. മാഴ്സ് എന്ന് അസ്ട്രോണമിയിൽ ഉള്ള നാമം ഗ്രീക്കു ഭാഷയിലെ മൂലത്തിൽ നിന്നുമാണ്.

സൂര്യനോട് അടുത്ത ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയെ പൊതുവെ അകം ഗ്രഹങ്ങൾ എന്നാണ് പറയുക. അതിന്റെയെല്ലാം ഉപരിതല തറ ഉറപ്പുള്ള വല്ക്കങ്ങൾ (ടെറസ്ട്രിയൽ) എന്നുമറിയപ്പെടുന്നു. അകം ഗ്രഹങ്ങളിൽ അവസാനത്തേതാണ് ചൊവ്വ.

ചൊവ്വയ്ക്കപ്പുറം വ്യാഴം,ശനി,യൂറാനസ്, നെപ്ട്യൂൺ എന്നിവയാണ് പുറം ഗ്രഹങ്ങൾ. അതിശീതാവസ്ഥയിലുള്ള വാതകങ്ങളാണ് ഇതിന്റെ പ്രകൃതിയിലുള്ളതെന്നതിനാലും വലുപ്പത്തിൽ ഭീമാകാരമായിരിക്കുന്നതിനാലും ഇവയെ വാതക ഭീമൻമാർ എന്നും അറിയപ്പെടുന്നു.

ശുക്രൻ ഭൂമിയേക്കാൾ സൂര്യനോട് അടുത്ത് നില്ക്കുകയാൽ ചൂടു വളരെ കൂടുതലാണ്. ചൊവ്വക്കാകട്ടെ ഭൂമിക്കപ്പുറം സൂര്യനിൽ നിന്നും അകലെയാകയാൽ അന്തരീക്ഷ ഊഷ്മാവ് തണുത്തതും ശരാശരി മൈനസ് 75 ഡിഗ്രി സെന്റീഗ്രേഡുമാണ്. ചൊവ്വയ്ക്ക് അന്തരീക്ഷമില്ലാത്തതിനാൽ ഹരിത വാതക പ്രഭാവവുമില്ല. എന്നാൽ ഭൂതകാലത്തിലെന്നോ, അന്തരീക്ഷവും വെള്ളവും ഉണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്നുണ്ട്. അതുകൊണ്ടു തന്നെ അവിടെ ജീവികളുണ്ടായിരുന്നതായും കരുതുന്നുണ്ട്. എന്നാൽ ഇന്നവിടെ ജൈവസാന്നിദ്ധ്യത്തിനു പറ്റിയ പരിതസ്ഥിതിയോ പരിസ്ഥിതിയോ ഇല്ല.

സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ ഏറ്റവും ദീർഘതയുള്ള പഥം ചൊവ്വയ്ക്കാണ്. ഭൂമിയ്ക്ക് 23 ഡിഗ്രി എന്നപോലെ ചൊവ്വയ്ക്ക് 25 ഡിഗ്രി ചരിവുണ്ട്. ഇതു രണ്ടും ഋതുക്കൾ മാറി മാറി വരുന്നതിനു കാരണമാണ്. ചൊവ്വയ്ക്ക് 1500 കി.മീറ്റർ വ്യാസമുള്ള അകക്കാമ്പും 3500 കി.മീറ്റർ കനത്തിൽ മദ്ധ്യ ആവരണവും, 200 കി.മീറ്റർ കനത്തിൽ വല്ക്കവുമാണുള്ളത്. അതീവ നേർമ്മയുള്ള അന്തരീക്ഷത്തിൽ 95% വും കാർബൺഡൈ ഓക്സൈഡാണ്. കാന്തിക മണ്ഡലം തീരെ ദുർബ്ബലമാണ്. ചൊവ്വയുടെ ഉത്തരാർദ്ധ ഗോളം താരതമ്യേന പരന്നപ്രതലമാണ്. ദക്ഷിണാർദ്ധ ഗോളം ഗർത്തങ്ങളും കുന്നുകളും നിറഞ്ഞ നിരപ്പില്ലാത്തതുമാണ്. സൗരയൂഥത്തിലെ ഏറ്റവും വലിയ അഗ്നിപർവ്വതം ചൊവ്വയിലെ ഒളിമ്പസ് മോൺസ് ആണ്. താർഡിസ് എന്നു പേരു നൽകപ്പെട്ട 3500 ച. കി മീറ്റർ വിസ്തീർണ്ണമുള്ള ഒരു വലിയ പീഢഭൂമിയുമുണ്ട്. ഇതിനു സമീപം നിർജ്ജീവങ്ങളായ രണ്ടു വലിയ അഗ്നിപർവ്വതങ്ങളുമുണ്ട്. പഴയകാല ചൊവ്വനോക്കികളെ അത്ഭുതപ്പെടുത്തിയ ഒന്നാണ് ചൊവ്വയിലെ തോടുകൾ. അതു ചൊവ്വാമനുഷ്യന്റെ ജലസേചന പദ്ധതികളാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ചൊവ്വയ്ക്ക് രണ്ടുപഗ്രഹങ്ങൾ ഉണ്ട് ഫോബോസും, ഡിമോസും. ചൊവ്വ നിരീക്ഷകനായിരുന്ന പെർഡിവൽ ലോവൽ ചൊവ്വയിൽ ബുദ്ധിയുള്ള ജീവികളുണ്ടെന്നു വിശ്വസിച്ചിരുന്നു. ജീവികളെ കണ്ടെത്താനുള്ള പരിശ്രമത്തിൽ പരാജയപ്പെട്ട് അദ്ദേഹം 1916 ൽ ഹൃദയാഘാതത്താൽ മരിച്ചു.

ചൊവ്വ ഭാരതത്തിൽ വളരെ പ്രസിദ്ധി നേടിയത് ഇസ്രോയുടെ മംഗൾയാൻ വിക്ഷേപണത്തോടെയാണ്. അതിനു മുൻപ് ഹൈന്ദവ സ്ത്രീകളിൽ ഒരു വിഭാഗത്തിന്റെ വിവാഹാലോചനകൾ മുടക്കുന്ന ഒരു വില്ലന്റെ സ്ഥാനമായിരുന്നു അതിനുണ്ടായിരുന്നത്. 1960 മുതൽ തന്നെ സോവ്യറ്റ് യൂണിയന്റെയും നാസയുടേയും ഉപഗ്രഹങ്ങൾ ചൊവ്വയെ നിരീക്ഷിക്കുകയും വിവരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്പിരിറ്റ്റോവർ എന്ന വാഹനം ചൊവ്വയിലറങ്ങി സഞ്ചരിച്ച് പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇതെല്ലാം തന്നെ ചൊവ്വയിൽ ജീവനുണ്ടെന്ന വിശ്വാസങ്ങളെ തകർത്തെറിഞ്ഞു.

യുദ്ധത്തിന്റെ ദേവതയായി ഗ്രീക്കുകാർ ആരാധിച്ചിരുന്ന ഈ ചുവപ്പു ഗോളത്തിന് ആ വർണ്ണമുണ്ടായത് ഉപരിതലത്തിലെ തുരുമ്പുപൊടി കൊണ്ടാണ്. രണ്ടുവർഷത്തിൽ ഒരിക്കൽ നാലു മാസത്തോളം ഈ ഗ്രഹത്തെ കാണാനാകും. മറ്റു

കാലങ്ങളിൽ അത് പകൽ സൂര്യനോടടുത്താകയാലാണ് കാണാൻ കഴിയാത്തത്. ചൊവ്വയുടെ ഒരു ദിവസത്തിന് 24 മണിക്കൂർ 37 മിനിറ്റ് 23 സെക്കന്റ് ദൈർഘ്യമുണ്ട്. ഏതാണ്ട് ഭൂമിക്കു സമാനം. സൂര്യനെ വലം വയ്ക്കാൻ ഏതാണ്ട് 687 ദിവസമെടുക്കും.

ധ്രുവങ്ങളിലെ വെള്ളത്തൊപ്പി ഉറഞ്ഞ കാർബൺഡൈ ഓക്സൈഡിന്റേതാണ്. ഋതുഭേദങ്ങൾക്കനുസരിച്ച് ഈ തൊപ്പി വലുതാകുകയും ചെറുതാകുകയും ചെയ്യും. ഈ തൊപ്പിക്കുള്ളിൽ ഐസു രൂപത്തിൽ ജലവും ഉണ്ടത്രെ! ഇന്നത്തെ തെളിവുകൾ വച്ച് അനുമാനിക്കുന്നത് ചൊവ്വയിൽ ആകെയുള്ള മഞ്ഞുകട്ടകൾ ഉരുകുകയും ബാഷ്പം ദ്രവീകരിക്കുകയും ചെയ്താൽ പോലും ഭൂമിയുടെ ഒരു ചെറുതടാകത്തിൽ കൊള്ളാനുള്ളത്രയേ വരൂ എന്നാണ് കണക്കാക്കുന്നത്. തണുത്ത് മരവിച്ച മൈതാന സമാനമായ പ്രതലങ്ങൾക്കടിയിൽ ഉറഞ്ഞ ജലപാളികൾ കണ്ടേക്കാമെന്ന് ചില ശാസ്ത്രജ്ഞൻമാർ കരുതുന്നുണ്ട്.

ചൊവ്വയുടെ ഉപഗ്രഹങ്ങൾക്ക് നമ്മുടെ ചന്ദ്രനെ പോലെ അഴകില്ല. അത് ഉരുളക്കിഴങ്ങു പോലെ വിലക്ഷണങ്ങളാണ്. ഒന്നുകിൽ ഗുരുത്വക്കുറവുമൂലം ഗോളാകൃതി കൈവരിക്കാൻ കഴിയാതെ പോയത്, അല്ലെങ്കിൽ വലിയ ചിന്നഗ്രഹങ്ങളുമായി ഇടിച്ച് വിരൂപമായതുമാകാം.

ആകാശഗോളങ്ങളുടെ ചലനം വൃത്താകാരമായ സഞ്ചാരപഥത്തിലൂടെയാണെന്നാണ് പൗരാണികർ വിശ്വസിച്ചിരുന്നത്. ചൊവ്വയുടെ ഭ്രമണപഥം നിരീക്ഷിക്കുമ്പോഴാണ് ഇത്ര ശരിയല്ലെന്ന് കെപ്ലർക്ക് ബോധ്യമായത്. ജ്യോതിഷികൾ ഭീതിയോടെ കണ്ടിരുന്ന ചൊവ്വയുടെ വക്രഗതിയുടെ കാരണവും കെപ്ളർ കണ്ടെത്തി. മനുഷ്യർ ചില കാലങ്ങളിൽ ചില കോണുകളിൽ ആപേക്ഷികമായി നിരീക്ഷിക്കുമ്പോഴുണ്ടാകുന്ന ഒരു ദൃഷ്ടി പിശകു മാത്രമാണത് – സൂര്യൻ ഉദിച്ചസ്തമിക്കുന്നു എന്നു നമുക്കു തോന്നുന്നതു പോലെ തന്നെ. അല്ലെങ്കിൽ തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ അടുത്തുള്ള വസ്തുക്കൾ വേഗത്തിൽ പിറകോട്ടു പോകുന്നു എന്നു അകലെയുള്ളവ കൂടെ വരുന്നു എന്നും തോന്നുന്നതുപോലെ .

മനുഷ്യന്റെ ശ്രദ്ധ ഇന്നു ഗൗരവപൂർവ്വം ചൊവ്വയിലേയ്ക്കു തിരിഞ്ഞിട്ടുണ്ട്. ശുക്രൻ ഒരു വിധത്തിലും ജീവയോഗ്യമല്ലാത്തതിനാൽ എഴുതിതള്ളുകയേ നിവൃത്തിയുള്ളൂ. എന്നാൽ ഉറപ്പുള്ള തറ , നേർത്ത അന്തരീക്ഷം, ആവശ്യത്തിനു ഗുരുത്വം എന്നിങ്ങനെ പല ഗുണങ്ങളുമുള്ള ചൊവ്വയിൽ മനുഷ്യനിങ്ങുവാനും, ജീവയോഗ്യമായ ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കുവാനും, കോളനി സ്ഥാപിക്കുവാനുമുള്ള പദ്ധതിയാണ് ഇപ്പോൾ നാസയ്ക്കുള്ളത്. സാങ്കേതികമായ പരിമിതികളേക്കാൾ സാമ്പത്തിക സ്ഥിതിയാണ് അതിനെ പിറകോട്ട് വലിക്കുന്നത്. വികസിത രാജ്യങ്ങളെയെല്ലാം പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു ആഗോള സഹകരണ സംരംഭമായിരിക്കും ഇതിന് അഭികാമ്യവും പ്രായോഗികവും.

**<u>ചൊവ്വയുടെ അടിസ്ഥാന വിവരങ്ങൾ</u>**

| | |
|---|---|
| സൂര്യനിൽ നിന്നുള്ള ശരാശരി ദൂരം | : 23 കോടി കി. മീറ്റർ |
| പരിക്രമണ കാലം | : 687 ദിവസം |
| ഭ്രമണ കാലം | : 24 മണിക്കൂർ 37 മിനിറ്റ് |
| പരിക്രമണ വേഗം | : 24 കി.മീറ്റർ /സെക്കന്റ് |
| ശരാശരി ഉപരിതല താപം | : 75 ഡിഗ്രി |
| വ്യാസം | : 6794 കി.മീറ്റർ |
| സാന്ദ്രത | : 4 ഗ്രാം /സി. സി ● |


## ജീവനക്കാരെ ആവശ്യമുണ്ട്

1. മാനേജർ
2. അക്കൗണ്ടന്റ്
3. ക്യാഷർ
4. സൂപ്പർവൈസർ
5. ഓഫീസ് അസിസ്റ്റന്റ്
6. റിസപ്ഷനിസ്റ്റ്
7. ഡ്രൈവർ കം വാച്ച്മാൻ

**താല്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോസഹിതം 15 ദിവസത്തിനുള്ളിൽ അപേക്ഷിക്കുക.**

**ജനറൽ സെക്രട്ടറി**

**Ernakulam Karayogam**
**TDM Hall Complex**
**D.H.Road, Kochi-682016**
**Ph: 0484 2361160, Ext.35,38,33**
**Email : ekmkgm@gmail.com**






# തവാങ്ങ് ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം



**എം.ആർ. ഹരിരാജ് (ഫോൺ: 9447072461)**

*"മുൻവിധികൾക്കും, അസഹിഷ്ണുതകൾക്കും, സങ്കുചിതമനസ്സിനും യാത്രകൾ വിനാശകരമത്രേ. നമ്മിൽ പലർക്കും ഈ ഒറ്റക്കാരണത്താൽ യാത്ര ആവശ്യമാണ്. മനുഷ്യനെപ്പറ്റിയും ആശയങ്ങളെപ്പറ്റിയും വിപുലവും, പരിപൂർണവും, കരുണവുമായ വീക്ഷണങ്ങൾ ലോകത്തിന്റെ ഒരു ചെറുകോണിൽ ആജീവനാന്തം കഴിഞ്ഞാൽ ഉണ്ടാകയില്ല."*

*മാർക്റ്റ്വിൻ*

എന്തിന് യാത്ര ചെയ്യുന്നു? ഈ ചോദ്യത്തിന് പലർക്ക് പലതാണുത്തരം. കാഴ്ചകൾക്കായി മാത്രം യാത്ര ചെയ്യുന്നവരുണ്ട്. എവിടെ ചെന്നാലും അവർക്ക് കാണാൻ എന്തെങ്കിലും വേണം. അവരാണ് ചിലയിടങ്ങളിൽ പോയി വന്ന് കഴിയുമ്പോൾ 'ഒ ഒന്നും കാണാനില്ലന്നേ' എന്ന് പരാതിപ്പെടുന്നത് . സുന്ദരമായ വനപാതയിലൂടെ നടന്ന് ചെന്ന് ഒരു മുളങ്കൂട്ടിൽ കൂടി കളകളം പാടി ഒഴുകുന്ന അരുവി കാണുമ്പോൾ, 'ഇതിലെന്താ ഇത്ര കാണാൻ' എന്ന വർ അത്ഭുതപ്പെടും.

മറ്റ് ചിലരാകട്ടെ മദ്യപിക്കാൻ മാത്രമാണ് യാത്ര. എവിടെ ചെന്നാലും അവർ കുപ്പി പൊട്ടിക്കും. അതിനി കാട്ടിലാകട്ടെ മരുഭൂമിയിലാകട്ടെ. അവരുടെ ആനന്ദവും ലഹരിയും ഒക്കെ ആ ദ്രാവകത്തിലാണ്.

ഇനി ചിലർ ഫോട്ടോ എടുക്കാൻ മാത്രമായാണ് യാത്ര പോകുന്നത്. ചെന്നയിടത്തെ അറിയുകയോ, അവിടെ കൂടുതൽ സഞ്ചരിക്കയോ അവരുടെ ഇഷ്ടമല്ല. കണ്ട് മടുത്ത ഫോട്ടോകൾ അവരും എടുക്കും. ചിലർക്ക് സെൽഫിയിലാണ് അഭിനിവേശം. സമൂഹമാധ്യമങ്ങളിലെ ലൈക്കുകൾക്കും കമന്റുകൾക്കമായാണോ ചിലർ യാത്ര പോകുന്നതെന്ന് അത്ഭുതപ്പെടണം നമ്മൾ.

ഇനി ചിലർ യാത്ര പോകുന്നത് വാണിഭത്തിനാണ്. ചെല്ലുന്നയിടങ്ങളിലെ കടകൾ കയറിയിറങ്ങുക. ഉപ്പ് മുതൽ കർപ്പൂരം വരെ വാങ്ങി കൂട്ടുക. തെറ്റിദ്ധരിക്കരുത്. മറ്റുള്ളവർക്ക് സമ്മാനം നല്കാനാണേ.

ഇതൊന്നുമല്ലാതെ അനുഭവങ്ങൾക്ക് വേണ്ടി യാത്രപോകാം. ഓരോ കാഴ്ചയും ഓരോ രുചിയും, ഓരോ ശബ്ദവും, ഓരോയിടവും ഒരനുഭവലോകം സൃഷ്ടിക്കുന്നുണ്ട്. അതിൽ ലയിച്ചമരുമ്പോഴാണ് മനസ്സ് വിശാലമാകുന്നതും. പ്രപഞ്ചം നമ്മിൽ വന്ന് നിറയുന്നതും. ചെല്ലുന്നയിടത്തെ കണ്ടും വായിച്ചും അറിയുമ്പോഴാണ് നമ്മുടെ ചക്രവാളങ്ങൾ വികസിക്കുന്നത്. യാത്ര അങ്ങനെ അനുഭവങ്ങൾക്കായി വേണം എന്നാണ് എന്റെ മതം.

വർഷം തുടങ്ങുമ്പോൾ തന്നെ കലണ്ടറിൽ അവധി ദിവസങ്ങൾ അടയാളപ്പെടുത്തി യാത്രകൾ ആസൂത്രണം ചെയ്യുന്ന ശീലം എനിക്ക് പല വർഷങ്ങളായുണ്ട്. അരുണാചൽ പ്രദേശിലെ തവാങ്ങിലേക്കുള്ള യാത്ര കഴിഞ്ഞ വർഷം പരിപാടിയിട്ടതാണ്. അന്ന് കുടുംബവുമൊത്ത് തവാങ്ങിലേക്ക് പുറപ്പെട്ടെങ്കിലും വഴിയിൽ വച്ച് വാമഭാഗത്തിന് അനാരോഗ്യമുണ്ടാകയാൽ യാത്ര വേണ്ടെന്ന് വച്ച് മടങ്ങേണ്ടി വന്നു. അതിനാൽ ഈ വർഷം

ചില സുഹൃത്തുക്കൾ തവാങ്ങിലേക്ക് പോരുന്നോ എന്ന് ചോദിച്ചപ്പോൾ രണ്ടാമതൊന്ന് ചിന്തിക്കേണ്ടി വന്നില്ല.

അരുണാചൽ പ്രദേശ് ഇന്ത്യയിൽ തന്നെയാണെങ്കിലും അവിടേക്ക് കടക്കാൻ പ്രത്യേക അനുമതി വേണം. ഇന്ത്യൻ പൗരൻമാർക്ക് ഇന്നർ ലൈൻ പെർമിറ്റ് (ILP) എടുത്താലെ അരുണാചലിലേക്ക് കടക്കാനാവൂ. ഇന്റർനെറ്റ് വഴി അനായാസമായി ILPഎടുക്കാവുന്നതാണ്. അതല്ലെങ്കിൽ ഗുവഹാട്ടി, തേസ്പൂർ എന്നിവിടങ്ങളിലെ അരുണാചൽ സർക്കാരിന്റെ ഓഫീസിൽ നിന്നും നേരിട്ട് ILPഎടുക്കാം. പക്ഷേ അതിന് ഒരു ദിവസം നഷ്ടമാകും.

കൊച്ചിയിൽ നിന്ന് ഗുവഹാട്ടി വരെ ഞങ്ങൾ വിമാനത്തിലാണ് യാത്ര ചെയ്തത്. രാവിലെ മദ്രാ

സിലേക്കും, അവിടെ നിന്ന് ഉച്ച തിരിഞ്ഞ് ഗുവ ഹാട്ടിക്കുമുള്ള വിമാനം. വിമാനത്താവളത്തിൽ കാത്തിരിക്കുന്നത് ചെലവേറിയ പരിപാടിയാണ്. കട്ടൻ ചായക്കുപോലും വെളിയിലുള്ളതിന്റെ നാലി രട്ടിയാണ് വില . എങ്കിലും വേനലിലെ മദ്രാസ് കാ ലാവസ്ഥ ഭയന്ന് ഞങ്ങൾ വിമാനത്താവളത്തിൽ തന്നെ ഇരുന്നു.

വൈകിട്ട് മൂന്ന് മണിയോടെ ഗുവഹാട്ടിയി ലെത്തി. അവിടെ നിന്ന് തവാങ്ങ് വരെ പതിനഞ്ച് മണിക്കൂറോളം റോഡ് യാത്രയുണ്ട്. ആദ്യ ദിനം തേസ്പൂരിൽ ചെന്ന് അവിടെ തങ്ങി. അടുത്ത ദി വസം തവാങ്ങിലേക്ക് യാത്ര ചെയ്യുകയാണ് സാ ധാരണ എല്ലാവരുടേയും പതിവ്. എന്നാൽ അതിന് പകരം കാസിരംഗയിലേക്ക് പോകാനാണ് ഞങ്ങൾ തിരുമാനിച്ചത്. രാത്രി കാസിരംഗയിൽ തങ്ങി, അതി രാവിലെ കാസിരംഗ നാഷണൽ പാർക്കിൽ ഒരു സഫാരിയും നടത്തി. തുടർന്ന് തവാങ്ങിലേക്ക് യാ ത്ര തുടരാനാണ് പരിപാടി. ഇങ്ങനെ ചെയ്യുന്നതിൽ ഏതാണ്ട് അൻപത് കിലോമീറ്റർ അധിക യാത്ര യുണ്ട്. എന്നാൽ കാസിരംഗ കൂടി കണ്ട് പോരാം എന്ന ഗുണവുമുണ്ട്.

ഗുവഹാട്ടിയിൽ നിന്നു തന്നെ ഞങ്ങൾ തവാങ്ങ് വരെ പോയി വരുന്നതിന് വാഹനം എടു ത്തിരുന്നു. ഇന്നോവ വാഹനമാണ് എടുത്തത്. ഇതും കൊച്ചിയിൽ നി ന്ന് തന്നെ ബുക്കചെയ്തു. ഒരു ദിവസത്തേക്ക് 4500 രൂപയാണ് വാടക. യാത്ര, ഡ്രൈവറുടെ ചെലവുകൾ എല്ലാം ഇതിൽ ഉൾപ്പെ ടുന്നുണ്ട്. കുറച്ച് വിലപേശൽ നടത്തി. അല്പം വി ലക്കിഴിവൊക്കെ വാങ്ങിച്ചെടുത്തിരുന്നു ഞങ്ങൾ. എയർപോർട്ടിൽ ഡ്രൈവർ ധൻജിത് വാഹനവുമായി കാത്ത് നിന്നിരുന്നു. അങ്ങനെ ഞങ്ങൾ ഗുവഹാട്ടി യിൽ നിന്നും കാസിരംഗയിലേക്ക് യാത്ര തിരിച്ചു.

## അടക്കാ ചന്ത

അസമീസ് ഭാഷയിൽ 'ഗുവ' എന്നാൽ അടക്ക എന്നും 'ഹട്ടി' എന്നാൽ അങ്ങാടി എന്നു മാണർത്ഥം. ഈ പുരാതന നഗരം ക്രിസ്തുവിനു മുൻപ് രണ്ടാം നൂറ്റാണ്ടിൽ തന്നെ ബ്രഹ്മപുത്രയുടെ കരയിലുള്ളവയിൽ ഏറ്റവും പ്രധാനമായ ജനവാ സകേന്ദ്രങ്ങളി ലൊന്നായിരുന്നത്രെ. നരകാസുരന്റെ രാജധാനിയായിരുന്ന പ്രഗ്യോതിഷയാണിന്നത്തെ ഗുവഹട്ടിയെന്ന് വിശ്വാസമുണ്ട്. ധാരാളം ക്ഷേത്രങ്ങ ളിവിടെയുണ്ടെന്നതിനാൽ ഗുവഹട്ടിക്ക് കിഴക്കിന്റെ ക്ഷേത്രനഗരമെന്നും പ്രസിദ്ധിയുണ്ട്. കാലാവസ്ഥ കൊണ്ടും സംസ്കാരം കൊണ്ടും ആസാമിന് കേരള ത്തോടുള്ള സാമ്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും. ഇക്കുറി ഗുവഹട്ടിയിലൂടെ കടന്ന് പോവുകയല്ലാതെ ഇവിടെ ഇറങ്ങാൻ പരിപാടിയില്ല. എന്നാൽ ഗുവ ഹട്ടിയും ഒന്ന് രണ്ട് നാൾ തങ്ങാവുന്നയിടമാണ്. വിമാനത്താവളത്തിൽ നിന്ന് കാസിരംഗയിലേക്കുള്ള വഴിയുടെ അരികിൽ തന്നെയാണ് പ്രസിദ്ധസംഗീ തജ്ഞനും കവിയുമായ ബുപൻ ഹസാരികയുടെ സ്മാരകം. അൻപത്തൊന്ന് ശക്തി പീഠങ്ങളിലൊ ന്നായ കാമാഖ്യക്ഷേത്രവും ഇവിടെയാണ്. അവിടെ ഇപ്പോഴും മൃഗബലിയും മറ്റും നടക്കുന്നയിടമാണ്.

ഏകദേശം 180 കിമി ദൂരമുണ്ട് കാസിരംഗ ക്ക്. നാലുമണിക്കൂറോളമുള്ള റോഡ് യാത്രയിൽ ഇടക്കൊക്കെ നാം കേരളത്തിലൂടെയാണോ സഞ്ചരി ക്കുന്നതെന്ന് സംശയിച്ച് പോകും. അത്രയുണ്ട് സാ മ്യങ്ങൾ. വീടുകളിൽ തെങ്ങും കവുങ്ങും വാഴയും മാത്രമല്ല, ഒരുവേള കച്ചിത്തുറു കൂടി കണ്ടെന്ന് വരും. കരയുള്ള വെള്ള മുണ്ട് ഇവിടെയും പരമ്പരാഗത വേഷമത്രെ. ഉടുക്കുന്ന രീതിക്കിത്തിരി വ്യത്യാസം കാണാം. കരയിൽ ചില ചിത്രപ്പണികളും അധിക മുണ്ട്.

നമ്മുടെ വിഷുക്കാലത്തെ ഇവർ 'ബിഹു' എന്ന പേരിൽ കൊണ്ടാടുന്നു. ആസാമിലെ ഏറ്റ വും പ്രധാനമായ ആഘോഷങ്ങളിലൊന്നാണിത്. ഏപ്രിൽ മുഴുവൻ ഈ ആഘോഷപരിപാടികൾ തുടരുക പതിവാണ്.

വൈകിട്ട് ഗുവഹട്ടിയിൽ നിന്ന് തിരിച്ച യാ ത്ര രാത്രിയാണ് കാസിരംഗയിലെത്തിയത്. ഇടക്ക് ഭക്ഷണം കഴിക്കാനിറങ്ങിയതും, കടുത്ത ഗതാഗത ക്കുരുക്കുമൊക്കെ തരക്കേടില്ലാതെ വൈകിച്ചിരുന്നു. രാവിലെ അഞ്ച് മണിക്ക് തുടങ്ങിയ യാത്രയുടെ ക്ഷീണങ്ങൾ കട്ടിലിലേക്കഴിക്കാൻ തയ്യാറായാണ് ATDC യുടെ ആരണ്യ ലോഡ്ജിൽ ചെന്ന് കയറിയ ത്. എങ്കിലും ദൂരെയൊരിടത്ത് ബിഹു നൃത്തത്തിന്റെ സംഗീതം കേട്ടപ്പോൾ എന്നാൽ അത് കണ്ടിട്ടടുത്ത കാര്യം എന്ന് കരുതി ഞാനും അനീഷും ഇറങ്ങിയ താണ്. പക്ഷേ രാത്രിയെ മൂടി എത്തിയ മഴ ഞങ്ങ ളെ പിന്നോട്ട് വിളിച്ചു. യാത്ര തുടങ്ങിയല്ലേയുള്ളു. ഉടനെ ജലദോഷവും പനിയുമൊന്നുംവരുത്തണ്ട എന്ന തീരുമാനത്തിൽ വിദൂരതയിൽ നിന്നൊഴുകി വരുന്ന ബിഹുവിന്റെ ഈണങ്ങളും അതിനു താള മിടുന്ന മഴയുടെ ശീലുകളും കേട്ട് ഞങ്ങൾ മയങ്ങി.

(തുടരും)





# 10-ാം ചരമവാർഷികം

## 24.06.2017



## സി. ഉണ്ണികൃഷ്ണൻ

(Retd. DLB Engineer)

ശ്രീപത്മം

Near എൻ.എസ്സ്.എസ്സ്. കരയോഗം, ഇളംകുളം

# ERNAKULAM KARAYOGAM

D.H.ROAD,TDM HALL COMPLEX, COCHIN 682016
PH.2361160(30 Lines) Extn : 35/38

## NAVARATHRI CELEBRATIONS 2017 COMPETITIONS

| DATE | TIME | ITEM | SECTION |
|---|---|---|---|
| 16/07/2017 | 9.30 a.m. | Lalitha sahasranamam | Sub Juniors |
| (Sunday) | | Vishnu Sahasranamam | '' |
| | | Bhagavath Geetha, Narayaneeyam | '' |
| | | Harinamakeerthanam | '' |
| | | Ramayanam, Njanappana | '' |
| | | Pathinaluvritham, Krishnagatha | '' |
| | 1.00.pm. | Lalitha Sahasranamam | Juniors |
| | | Vishnu Sahasranamam | '' |
| | | Bhagavath Geetha, Narayaneeyam | '' |
| | | Harinama Keerthanam, | '' |
| | | Ramayanam,Njanappana, | '' |
| | | Pathinaluvritham , Krishnagatha | '' |
| 06/08/2017 (Sunday) | 9.30.am | Lalitha Sahasranamam | Seniors |
| | | Vishnu Sahasranamam | '' |
| | | Bhagavath Geetha,Narayaneeyam, | '' |
| | | Harinama Keerthanam | '' |
| | | Ramayanam,Devimahatmyam | '' |
| | | Maha Bharatham,Pathinaluvrutham | '' |
| | | Krishnagatha | '' |
| | 3.00 pm. | Veena, Violin, Mridangam | Combined |
| | | Ottamthullal, Kathakali, Cholliyattom | Combined |
| | | Kathakalipadam | '' |
| | | Sopanasangeetham (Ashtapathi) | '' |
| 13/08/2017 (Sunday) | 9.30 a.m | Namavali (Single) | Sub Juniors |
| | | Namavali (Single & Group) | Juniors |
| | | Namavali (Single & Group) | Seniors |
| | | Patriotic Song | Combined |
| | 2.00p.m. | Speech (English & Malayalam) | Juniors & Seniors |
| | 3.00 p.m. | Light Music | Sub JuniorsJuniors & Seniors |
| 15/08/2017 (Tuesday) | 9.00 a.m. | Carnatic Music | Sub Juniors, Juniors |
| | 11.00 a.m. | Painting | Sub Juniors, Juniors & Seniors |
| | 12.00 Noon | Floral arrangement | Combined |
| | 2.00 p.m. | Carnatic Music | Seniors |
| | 5.00 p.m. | Purana-Quiz | Sub Juniors |
| | | Purana Quiz (writteen test) | Juniors & Seniors |
| 20/08/2017 (Sunday) | 9.30 am | Recitation in Malayalam | Sub Juniors & Juniors |
| | 10.30 am | Aksharaslokam | Juniors & Seniors |
| | 2.00 pm | Essay(English,Malayalam,Hindi) | Juniors & Seniors |
| | 3.00pm | Recitation in Malayalam | Seniors |
| | 5.00pm | Karayogam Smaranikageetham | Sub Juniors , Juniors & Seniors |
| 17/9/2017 (Sunday) | 9.30 am. | Thiruvathirakali | Combined |
| | | Folk dance (Single) | Sub-Juniors, Juniors & Seniors |
| | | Folk dance (Group) | Sub-Juniors, Juniors & Seniors |
| | 2.00 pm. | Handwriting (English, Malayalam & Hindi) | Sub-Juniors, Juniors & Seniors |
| 21/09/2017 | 8.30 a.m. | Bharathanatyam | Seniors |
| (Thursday) | | Kuchippudi, Mohiniyattom, | |
| 24/09/2017 (Sunday) | 8.30 a.m. | Bharathanatyam | Juniors |
| | | Kuchippudi, Mohiniyattom | |





# നവരാത്രിയാഘോഷ മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

## സബ് ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - അരുണാം കരുണാതരംഗിതാക്ഷിം.................വിഭാവയേ ഭവാനിം (ധ്യാനം 4 വരികൾ)
2. വിഷ്ണുസഹസ്രനാമം - ഈശാന.......................കൃതിരാത്മവാൻ (4 വരികൾ, 21 മുതൽ 22 വരെ)
3. ഭഗവദ്ഗീത - അസ്മാകംതു..........................സൗമദത്തിർസ്തഥൈവച (7 മുതൽ 8 വരെ) പ്രഥമോഅദ്ധ്യായ;
4. നാരായണീയം - എവം ദുർലഭ്യവസ്തു...............മേവാശ്രയാമ; (ഒന്നാംദശകം 2)
5. ഹരിനാമകീർത്തനം - ഓങ്കാരമായ പൊരുൾ...........ഉണ്ടാകയെങ്കിലിഹ നാരായണായ നമ; (1 മുതൽ 2 വരെ) 8 വരികൾ
6. രാമായണം - നമസ്തേ രാമ1 രാമ...........ജഗൽപതേ (6 വരികൾ ബാലകാണ്ഡം അഹല്യാസ്തുതി)
7. ജ്ഞാനപ്പാന - സുകൃതം ചെയ്തു.............ദുരിതം ചെയ്തു ചത്തവർ (8 വരികൾ)
8. പതിനാലുവൃത്തം - പ്രഥമവൃത്തം - മുരരിപുതന്നുടെ..............തിരുവുടൽ കണ്ടഥ നാരായണ ജയ (10 മുതൽ 11 വരെ)
9. കൃഷ്ണഗാഥ - കാളീയ മർദ്ദനം ബാലകന്മാരുമായ്...................ആനന്ദമേറ്റം വളർത്തിനിന്നാർ (1 മുതൽ 4 വരെ)

## ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - ദേവർഷിഗണ..............മന്ത്രിണീ പരിസേവിതാ (6 വരികൾ) (24 മുതൽ 26 വരെ)
2. വിഷ്ണുസഹസ്രനാമം - വേദ്യോ വൈദ്യഃ ..............ഗോവിന്ദോ ഗോവിദാംപതിഃ 6 വരികൾ (31 മുതൽ 33 വരെ)
3. ഭഗവദ്ഗീത - അശോച്യാനന്വശോചസ്ത്വം..................മുഹ്യതി ദ്വിതീയോഅദ്ധ്യായ 6 വരികൾ (11 മുതൽ 13 വരെ)
4. നാരായണീയം - നിലാഭം..........മയ്യനാഥേ (നൂറാം ദശകം 2 മുതൽ 3 വരെ)
5. ഹരിനാമകീർത്തനം - ചമ്മട്ടി പൂണ്ടു...............പരമെന്തെന്തുജാതമിഹ നാരായണായനമഃ (37 മുതൽ 39 വരെ) 12 വരികൾ
6. രാമായണം - സത്യത്തെ ലംഘിക്കയില്ലൊരു.......................വാണീടുവൻ അയോദ്ധ്യാകാണ്ഡം 14 വരികൾ
7. ജ്ഞാനപ്പാന - ഒന്നുകൊണ്ടു ചമച്ചൊരു..........................ബ്രഹ്മാവിന്നുമെളുതല്ല നിർണ്ണയം 16 വരികൾ
8. പതിനാലുവൃത്തം - പഞ്ചമവൃത്തം അഞ്ചുപേർക്ക്........................കൂട്ടിയാലിതുവരും ജയശൗരേ (14 മുതൽ 15 വരെ)
9.കൃഷ്ണഗാഥ - കാളിയ മർദ്ദനം അച്ഛനുമമ്മയും മറ്റുള്ളലോകരും.........ഏതുമേ മിണ്ടുവാൻ വല്ലീലപ്പോൾ (51 മുതൽ 65 വരെ)

## സീനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - സർവ്വശക്തിമയീ........................യോഗിശ്വരേശ്വരീ (8 വരികൾ)(52 മുതൽ 55 വരെ)
2. വിഷ്ണുസഹസ്രനാമം - ചതുർമൂർത്തി..........................മഹാഭുതോ മഹാനിധിഃ 10 വരികൾ (95 മുതൽ 99 വരെ)
3. ഭഗവദ്ഗീത - ഏവം ബഹുവിധാ..................ദ്രക്ഷ്യസ്യാത്മന്യഥോ മയി 8 വരികൾ (32 മുതൽ 35 വരെ) ചതുർത്ഥോഅദ്ധ്യായ
4. നാരായണീയം - വേണുനാദ കൃത. ..................സവധുകുലം (69 ാം ദശകം 4 മുതൽ 5 വരെ)
5. ഹരിനാമകീർത്തനം - രവികോടിതുല്യമൊരു.................പിടിപ്പതിനയയ്ക്കുന്നതെന്നു ഹരിനാരായണായനമഃ
(58 മുതൽ 61 വരെ ) 16 വരികൾ
6. രാമായണം - പ്രകൃതിചപലനു....................പതിച്ചു വമിച്ചിതു ചോരയും (സുന്ദരകാണ്ഡം 16 വരികൾ )
7. ദേവീമാഹാത്മ്യം - ധ്യാനം വിദ്യുദ്ദാമസമപ്രഭാം...................ത്രിനേത്രാം ഭജേ
8. ഭാരതം - ശല്യപർവ്വം യോഗ്യമല്ലേതുമേ മാരുതി.......................ദാരങ്ങളോടും രമിച്ചു നിരന്തരം (14 വരി)
9. പതിനാലുവൃത്തം - ചതുർദ്ദശവൃത്തം ഹരേകൃഷ്ണ ഗോവിന്ദ...................താരങ്ങൾ ഹാരങ്ങളല്ലോ ദിശോബാഹവസ്തേ നമസ്തേ നമസ്തേ (1 മുതൽ 3 വരെ)
9. കൃഷ്ണഗാഥ - ഉലുഖല ബന്ധനം പാലഞ്ചും പുഞ്ചിരി...............ചെന്നവാറെ (91 മുതൽ 95 വരെ)

## മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ

പ്രായ പരിധിഃ

1. സബ്ജൂനിയർ 8 വയസ്സു വരെ, 2. ജൂനിയർ 8 വയസ്സു മുതൽ 12 വയസ്സു വരെ, 3. സീനിയർ 12 വയസ്സു മുതൽ 16 വയസ്സു വരെ പൊതുവെ മൽസരങ്ങളിൽ 16 വയസ്സിനു മീതെയുള്ളവർക്ക് ചേരുവാനുള്ള അർഹതയില്ല, പക്ഷെ വീണ, വയലിൻ,മൃദംഗം, ഓട്ടൻ തുള്ളൽ, കഥകളിപദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തിഗാനം എന്നിവയിലുള്ള മത്സരങ്ങളിൽ 18 വയസ്സുവരെയുള്ള വർക്ക് ചേരാവുന്നതാണ്. തിരുവാതിരകളി മൽസരങ്ങളിൽ 18 വയസ്സിനുമുകളിലുള്ളവർക്ക് ചേരാവുന്നതാണ് (പങ്കെടുക്കാ

വുന്നവർ 8, പിന്നണിയിൽ പാട്ടു മാത്രവും കൈമണിയും ഉപയോഗിക്കാം പാട്ടുകാർ രണ്ടു പേരിൽ കൂടരുത്). 2017 ജൂലൈ 1 നുള്ള വയസ്സാണ് മുകളിൽ കൊടുത്തിരിക്കുന്ന പ്രായപരിധിയുടെ അടിസ്ഥാനം. ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം (ഫോക്ഡാൻസ്), ഓട്ടൻതുള്ളൽ, കഥകളി, ചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണിവാദ്യ സംഘങ്ങളെ സ്വന്തം ചെലവിൽ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. (സി.ഡി. ഉപയോഗിക്കാവുന്നതാണ്) ഇത് തിരുവാതിര മത്സരത്തിന് ബാധകമല്ല ഒറ്റയ്ക്കായൊ/ഗ്രൂപ്പായൊ ഉള്ള ഓരോ ഇനത്തിലും പങ്കെടുക്കുന്നതിനായി ആൺകുട്ടികളും പെൺകുട്ടികളും യഥാക്രമം അഞ്ചു പേർ/മൂന്ന് ഗ്രൂപ്പ് വീതമില്ലെങ്കിൽ അവർക്കായി വെവ്വേറെ മത്സരം നടത്തുന്നതല്ല. ഓരോ ഇനത്തിലും മത്സരിക്കുന്നതിന് വെവ്വേറെ അപേക്ഷാഫോറം പൂരിപ്പിച്ച് കൊടുക്കേണ്ടതാണ്.

2. ജനന തിയതിക്കുള്ള തെളിവ് മൽസരങ്ങളിൽ ചേരുന്നവർ തങ്ങളുടെ അപേക്ഷകളോടൊപ്പം ജനന തിയതിക്കുള്ള തെളിവെന്ന നിലയിൽ സ്ക്കുളിൽ നിന്നുള്ള സർട്ടിഫിക്കറ്റോ മറ്റേതെങ്കിലും രേഖകളോ ഹാജരാക്കേണ്ടതാണ്.

3. 2017 ജൂലൈ 1 മുതൽ കരയോഗം ഓഫിസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഒരോ ഫോറത്തിനും ഇരുപത് രൂപാ വീതം കൊടുക്കേണ്ടതുണ്ട് ഡാൻസ് ഇനങ്ങളിൽ(ഭരതനാട്യം,കുച്ചുപ്പുടി,മോഹിനിയാട്ടം) 100 രൂപയാണ് അപേക്ഷഫീസ്

4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2017 ജൂലൈ 14ാം തിയതി വരെ സ്വീകരിക്കുന്നതാണ് ജൂലൈ 14ാം തിയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാ ഫോറത്തിനും 50 രൂപ വീതവും ഡാൻസ് ഇനങ്ങളിൽ 250രൂപ വീതവും ഈടാക്കുന്നതാണ്.

## 2017 മെയ് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**സി.പി.അച്യുതമേനോൻ**
L/0081, ശ്രീവത്സം, തോട്ടക്കാട്ട്
ടി.ഡി. റോഡ്, കൊച്ചി 682011



**ഗോപാലകൃഷ്ണമേനോൻ**
L/3203, കൃഷ്ണകൃപ, ശങ്കരൻ നായർ കോളനി
മാർക്കറ്റ് റോഡ്, നോർത്ത് കോമ്പാറ
ടാറ്റപുരം, കൊച്ചി 682014

## മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നവരുടെ ശ്രദ്ധയ്ക്ക്

### മാംഗല്യം മെമ്പർഷിപ്പ് കാമ്പെയ്ൻ

**എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് മെമ്പർഷിപ്പ് കാമ്പെയ്ൻ പീരിയഡിൽ 2000/ രൂപ ഫീസ് നല്കിയാൽ മതിയാവും. 6 മാസക്കാലം വരെ 100 ഡേറ്റ ഓൺ ലൈനിൽ നിന്നും പ്രിന്റെടുക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. രജിസ്ഷ്രേൻ കാലാവധി രജിസ്ട്രേഷൻ ചെയ്ത ദിവസം മുതൽ 6 മാസക്കാലമായിരിക്കും. കാലാവധിക്കുശേഷം 1000/ രൂപ അടച്ച് ഒരു പ്രാവശ്യം മാത്രമേ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കുകയുള്ളു. കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്തവരുടെ പരസ്യം കരയോഗ സൗഹൃദമാഗസിനിൽ രജിസ്ട്രേഷൻ ചെയ്ത തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ഒരു പ്രാവശ്യം സൗജന്യമായി പ്രസിദ്ധീകരിക്കുന്നതായരിക്കും. വീണ്ടുംപരസ്യം ചെയ്യുന്നതിന് 750 രൂപ വീതം നല്കേണ്ടതാണ്.**





# വാക്ക് ഊർജ്ജവും സേവനവുമാകുമ്പോൾ

**ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)**

ഈ ലോകത്തിൽ ഗുണവാനും വീര്യവാനും ധർമ്മജ്ഞനുമായ മഹദ്വ്യക്തി ആരെന്ന ചോദ്യം വാത്മീകി നാരദനോടു ചോദിച്ചു. ഇതിനു മറുപടിയായി നാരദൻ വിവരിച്ച വാക്കുകൾ, അതു കൂടാതെ രാമചരിതം പാരായണം ചെയ്യുന്നവൻ പാപമുക്തനാകുമെന്നും സ്വർഗ്ഗത്തിലെത്തിയാൽ പുത്രപൗത്ര പരിജനങ്ങളോടെ ആദരിക്കപ്പെടുമെന്നും പറഞ്ഞു. ഇതാണ് വാത്മീകിമഹർഷിയെ രാമായണത്തിന്റെ സൃഷ്ടിയിലേക്ക് എത്തിച്ചേരാൻ പ്രേരിപ്പിച്ചത്. നാരദന്റെ വാക്കുകളുടെ പ്രതിധ്വനി മുഴങ്ങിക്കേട്ട വാത്മീകിയുടെ നാവിൽ നിഷാദൻ വീഴ്ത്തിയ പക്ഷിയെ കണ്ടപ്പോൾ പറഞ്ഞ സമാക്ഷരമായ പാദബന്ധത്തോടുകൂടിയതും തന്ത്രീലയ സമന്വിതവുമായ ശ്ലോകം ബ്രഹ്മാവിന്റെ അനുഗ്രഹത്താൽ സരസ്വതീപ്രസാദമായി രാമകഥയായി മാറി. വാക്കുകളുടെ ശക്തി പ്രതിധ്വനിയായി മനസ്സിന്റെ കോണിൽ മുഴങ്ങിയപ്പോൾ വാത്മീകി പറയുന്നത് കരതലത്തിലെ ആമലകംപോലെ പണ്ടു സംഭവിച്ചതെല്ലാം യോഗസിദ്ധിയിൽ തെളിഞ്ഞുകണ്ടുവെന്നാണ്. ഇരുപതിനായിരം ശ്ലോകങ്ങളും അഞ്ഞൂറു സർഗ്ഗങ്ങളും ആറു കാണ്ഡങ്ങളും പിന്നീട് ഉത്തരകാണ്ഡവും പാരായണമാധുര്യവും ഗാനമാധുര്യവും ഒത്തിണക്കി മാനവസമൂഹത്തെ ദീർഘായുസ്സും സമൃദ്ധിയും നൽകി പാപമുക്തരാക്കാൻ സാധിച്ചുവെന്നത് വാത്മീകിമഹർഷിയുടെ മാനവധർമ്മത്തെ എടുത്തുകാട്ടുന്നു.

വാക്കുകളുടെ ശക്തിയാണ് രാമായണത്തിലുടനീളം മുഴങ്ങിക്കേൾക്കുന്നത്. അത് വരമായാലും ശാപമായാലും സന്തോഷം കൊണ്ടായാലും അനുഗ്രഹം കൊണ്ടായാലും ശക്തി മുഴുവൻ പദങ്ങൾക്കുതന്നെയാണ്. രത്നാകരൻ വാത്മീകിയായതും പദശക്തിപ്രഭാവത്താ ലാണല്ലോ. ദശരഥന്റെ പുത്രകാമേഷ്ടിയാഗം തന്നെ സമുന്നതരായ ഋഷിവര്യന്മാർ ഇച്ഛിച്ചതുപോലെ പുത്രന്മാരുണ്ടാകുമെന്നു പ്രവചിച്ചതിന്റെ ഫലമാണ്. അതുപോലെതന്നെ താടകവധത്തിനു മുൻപ് രാമൻ പറയുന്നു, തന്റെ പിതാവ് കൗശികമുനിയുടെ വാക്ക് ശങ്ക കൂടാതെ അനുസരിക്കണമെന്നും പിതാവിന്റെ വാക്കുകൾ അനുസരിക്കുക ധർമ്മമാണെന്നും തറപ്പിച്ചു പറയുന്നു. പിതാവിന്റെ വാക്കുകൾ അനുസരിക്കുക എന്നത് തന്റെ കർത്തവ്യമാണെന്നു മനസ്സിലുറപ്പിച്ച ശ്രീരാമനെയാണ് പിന്നീട് വനവാസത്തിനു പോകുമ്പോഴും പലരും പിൻതിരിയാൻ പ്രേരിപ്പിച്ചപ്പോഴും മുന്നോട്ടുപോകാൻ പ്രചോദിതനാക്കിയത്. താടക തന്നെ അഗസ്ത്യമുനിയുടെ ശാപവാക്കുകളാൽ രാക്ഷസിയായി മാറിയെന്നാണ് കഥ. വിശ്വാമിത്രൻ തന്റെ യുദ്ധപാടവവും ദിവ്യശക്തികളുമെല്ലാം രാമന് നൽകുന്നു, രാമൻ ഇതെല്ലാം സ്വീകരിക്കന്നു. രാമൻ അവയെല്ലാംതന്നെ "മാനസാ മേ ഭവിഷ്യദ്ധമതി "എന്നു പറഞ്ഞ് മനസ്സിലേക്കവയെല്ലാം ആവാഹിക്കുകയും പിന്നീടുള്ള യുദ്ധരംഗങ്ങളിലെല്ലാംതന്നെ ഈ വാക്യങ്ങൾ ശക്തിയായി മാറുകയുമാണുണ്ടായത്.

പുരുവംശത്തിൽ പെട്ട അഹല്യയുടെ ശാപം ക്രൂദ്ധനായി തീർന്ന ഗൗതമന്റെ വാക്കുകളിലൂടെയാണ് സംഭവിക്കുന്നത്. ശാപമോക്ഷത്തിനുള്ള ഉപാധിയും ഗൗതമമഹർഷി പറഞ്ഞു കൊടുത്തു. അഹല്യയോടും ഇന്ദ്രനോടും ഗൗതമമഹർഷി പറഞ്ഞ വാക്കുകൾ ഈ രണ്ടുപേരുടേയും ജീവിതം നരകതുല്യമാക്കി. ഇന്ദ്രൻ തിരിച്ചു ചെന്ന് ഈ ശാപമേറ്റത് നിങ്ങൾക്കുവേണ്ടിയാണെന്ന് പറഞ്ഞ് സ്വയം കുറ്റക്കാരനായെന്നു പറയുന്നു. മനസ്സിൽ നിന്നും ശാപവാക്കുകൾ പുറത്തേക്കു വന്നതോടുകൂടി ശാപമോക്ഷം നേടാനുള്ള വഴിയാണ് പിന്നീട് ഇന്ദ്രൻ അന്വേഷിക്കുന്നത്. വിശ്വാമിത്രമഹർഷിയും വസിഷ്ഠമഹർഷിയും തമ്മിൽ ദീർഘകാലമുണ്ടായ വാക്കുതർക്കങ്ങൾ പ്രസിദ്ധമാണല്ലോ. ക്ഷത്രിയബലമാണോ ബ്രഹ്മബലമാണോ വലുത്? ഈ യുദ്ധം നാശനഷ്ടങ്ങൾക്കു കാരണമായി തീർന്നു. വസിഷ്ഠാശ്രമത്തിനു സർവ്വനാശം സംഭവിച്ചപ്പോൾ മൂഢാ ഇനി നീ ഇരിക്കില്ലായെന്നും ഉള്ള ശാപം വിശ്വാമിത്രനെ ഒരു സ്ഥലത്തും സ്ഥിരമായി ഇരിക്കുവാൻ സമ്മതിച്ചില്ല. സഞ്ചരിക്കുന്ന സ്ഥലമെല്ലാം മാറിമാറി സഞ്ചരിച്ചതും ഇടക്കുണ്ടാകുന്ന പ്രശ്നങ്ങളുമെല്ലാം തന്നെ ഇതിൽനിന്നുണ്ടായതാണ്. അവസാനം

ബ്രഹ്മർഷി പദം ലഭിക്കുന്നതുവരെ തുടർന്ന യുദ്ധം മാനസികമായുണ്ടായ വേദനയുടേയും വാശിയുടേ തുമായിരുന്നു.

ദശരഥൻ പുത്രന്മാരായ രാമലക്ഷ്മണഭരത ശത്രുഘ്നന്മാരുടെ വിവാഹശേഷം സന്തുഷ്ടനായി വാഴുന്ന കാലം തന്റെ ശരീരത്തിൽ വരുന്ന മാറ്റങ്ങ ളും ഭൂമിയിൽ കണ്ട ചില മാറ്റങ്ങളും അദ്ദേഹത്തെ ഉത്കണ്ഠാകുലനാക്കി. രാമനെ രാജാവാക്കുവാൻ തീരുമാനിച്ചു. പൗരമുഖ്യന്മാർ രാജാവിനോട് രാമ ന്റെ ഗുണഗണങ്ങൾ വർണ്ണിക്കുന്നിടത്ത്,

'നിഖിലേനാനുപൂർവ്യാ ചപിതാ പുത്രാനി പൗരസാൻ'

പിതാവ് പുത്രന്മാരോടെന്നപോലെയാണ് രാമൻ ക്ഷേമാന്വേഷണം ചെയ്യുന്നത് എന്നു വിശദീകരിക്കു ന്നു. ആ പുരുഷവ്യാഘ്രൻ ഹിതകരമായി ഭാഷണം ചെയ്യുന്നവനാണെന്നും പറയുന്നു. അതുകൊണ്ട് ഞങ്ങൾ രാമനെ യുവരാജപദവിയിൽ ദർശിക്കാ നാഗ്രഹിക്കുന്നുവെന്നും പറയുന്നു. വാക്കുകൾ മി തമായും മധുരതരവുമായും ഉപയോഗിക്കുന്നതിന്റെ പരിണിതഫലമാണ് ഈ പ്രസ്താവനകൾ. അന്നു ദശരഥൻ രാമനു കൊടുത്ത ഉപദേശങ്ങൾ രാമന്റെ സ്മൃതിമണ്ഡലത്തിൽ എക്കാലവും ശക്തിമത്തായി തന്നെ വർത്തിച്ചിരുന്നുവെന്ന് പില്കാലാനുഭവങ്ങൾ തന്നെ തെളിയിക്കുന്നുണ്ട്. രാമനോടു താൻ കാ ണുന്ന ദുർലക്ഷണങ്ങളും ഭയവും വെളിപ്പെടുത്തുന്നു. എന്തുകൊണ്ടോ ഭയം ദശരഥനെ അലട്ടുന്നു. നല്ലതു വരുമ്പോൾ ചില ആപത്തുകൾ സംഭവിച്ചേക്കാമെ ന്നുള്ള ഒരു അന്ധവിശ്വാസം ദശരഥനിൽ രൂഢമൂല മായിരിക്കുന്നുവെന്നതും ഒരു കാരണമായിരിക്കാം.

മന്ഥരയെന്ന ദാസിയുടെ വാക്കുകൾ ആദ്യം നീരസത്തോടെയാണെങ്കിലും പിന്നീട് കൈകേയി ക്കു ഹിതമായി. മന്ഥരയുടെ വാക്കുകൾ കേട്ടിട്ട് കൈകേയി വാത്മീകിയുടെ ഭാഷയിൽ പറഞ്ഞാൽ

'ഉത്തസ്ഥൗ ഹർഷ സമ്പൂർണ്ണാ ചന്ദ്രലേഖ വ ശാരദീ'

ശരത്കാലത്തെ ചന്ദ്രക്കലയേപ്പോലെ സന്തോ ഷത്തോടെ എഴുന്നേറ്റുവെന്നാണ്.

രാമൻ തനിക്കേറ്റവും പ്രിയപ്പെട്ടവനാണ്. സൗ മ്യനായ രാമന് യുവരാജാഭിഷേകം നടക്കുന്നുവെന്നു പറഞ്ഞു സന്തോഷിച്ച കൈകേയി നിമിഷങ്ങൾക്കകം,

'ആദ്യ രാമമിദഃ ക്ഷിപ്രം വനം പ്രസ്ഥാപയാ മൃഹം

യൗവരാജേന ഭരതം ക്ഷിപ്രമേവ്യാഭിഷേചയ'

ഇതാ ഇപ്പോൾതന്നെ ഞാൻ രാമനെ കാട്ടിലേ ക്ക് അയക്കുന്നു എന്നാണ് പറയുന്നത്. മന്ഥരയുടെ വാക്കുകൾ അത്രമാത്രം കൈകേയിയുടെ മനസിൽ വിഷം നിറച്ചുവെന്നു മനസ്സിലാ ക്കാം. പിന്നീട് അതി നുള്ള ഉപായമാണ് ദാസിയുമായി പങ്കുവെക്കുന്നത്. കുബുദ്ധിയും കുടിലയുമായ മന്ഥരയാണ് കൈകേ യിയുടെ വരദാനത്തേക്കുറിച്ചു പറഞ്ഞുകൊടുക്കു ന്നത്. ഇവിടെ കൈകേയി പറയുന്നത്, ഏറ്റവും നല്ല ഉപദേശം തരുന്ന നീ എനിക്കെന്നും ഹിതൈഷിണി യാകുമെന്നാണ്. കൂനിയും വിരൂപയുമായ മന്ഥരയെ താമരപ്പൂപോലെ സുന്ദരിയാക്കുന്നുവെന്നും കൂനി യായ നിനക്ക് കൂനികൾ പരിചാരികയായുണ്ടാകു മെന്നും കൂടി പറഞ്ഞു. മന്ഥരയുടെ വിഷം നിറച്ച വാക്കുകൾ കൈകേയിയെ ക്രോധാലയത്തിലെത്തി ച്ചു. അവിടെ ദശരഥൻ കൈകേയിയുടെ അഭീഷ്ടം സാധിക്കുവാൻ ശപഥം ചെയ്യുകയാണ്. ഉടൻ തന്നെ വേണ്ട സമയത്തുതന്നെ കൈകേയി തനിക്കു നൽകു വാനുള്ള രണ്ടു വരത്തിന്റെ കാര്യം പറയുകയാണ്. രണ്ടു വരങ്ങളും സന്ദർഭോചിതമായി ചോദിക്കുകയും ചെയ്തു. കൈകേയിയുടെ വാക്കുകൾ കേട്ടപ്പോൾ ദശരഥൻ പുലിയേക്കണ്ട മാനിന്റെ അവസ്ഥയിലായി എന്നാണ് വാത്മീകി വിവരിക്കുന്നത്.

സന്തോഷവും സമാധാനവും നിറഞ്ഞുനിന്ന അയോദ്ധ്യാപുരി ശാപവാക്കുകളാൽ നിറഞ്ഞു. യാ തൊരറിവും സംസ്കാരവുമില്ലാത്ത ഉന്മാദാവസ്ഥ യിലുള്ള ആളുകളേപ്പോലെ വാ ക്കുകൾ ഉപയോ ഗിക്കുന്ന കൈകേയിയെയാണ് നാം കാണുന്നത്. രാമന് രാജ്യാഭിഷേകം നടത്തിയിട്ട് കൗസല്യയുടെ കൂടെ രമിക്കാൻ ആഗ്രഹിക്കുന്നോ എന്നും അങ്ങയു ടെ മുന്നിൽ വെച്ച് വിഷം കഴിച്ചു മരിക്കുമെന്നു കൂടി പറയുന്നു. ഏതു കാലഘട്ടത്തിലായാലും വികാരവി ക്ഷോഭങ്ങൾ ഒരു പരിധി വിട്ടാൽ ആരും വാക്കുകൾ കഠിനകരമായി പ്രയോഗിക്കുമെന്നുള്ളതിന് വാത്മീ കിയുടെ വർണ്ണന തന്നെ ധാരാളം മതി. അതുപോ ലെതന്നെ രാമന്റെ വനവാസമറിഞ്ഞ ലക്ഷ്മണൻ പറയുന്നു, കൈകേയി പറഞ്ഞതു കേട്ടു പ്രവർത്തി ക്കുന്ന ദശരഥനെ ബന്ധിക്കുകയോ വധിക്കുകയോ ചെയ്യാം. ഇതിനൊക്കെ മറുപടിയായി സനാതനധർ മ്മത്തേക്കുറിച്ചു രാമൻ പറയുന്നു. താൻ പിതൃവാക്യ ത്തിൽ ഉറച്ചു നിൽക്കേണ്ടതായി പറയുകയും ചെ യ്യുന്നു. ഭർത്തൃശുശ്രൂഷയും രാജാവിനെ അനുസരി ക്കുകയെന്നതുമായ കർത്തവ്യങ്ങളെക്കുറിച്ചും രാമൻ കൗസല്യയെ ബോധവതിയാക്കുന്നു. സീതയും വി ക്ഷോഭങ്ങൾക്ക് അടിമപ്പെട്ടു വിഷം കഴിക്കുമെന്നു പറയുന്നു. കൗസല്യയും രാമവിരഹം ഉണ്ടായാൽ ജീവിക്കില്ലയെന്നു പറയുന്നു. കാര്യം സാധിക്കാനുള്ള ഒരു ഉപായം മരണഭീഷണിയാണെന്നുള്ളത് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആർക്കുവേണമെങ്കി ലും മനസ്സ് ദുർബലമാകാമെന്നും നിരാശാബോധം ഒരാളെ ആത്മഹത്യയിലേക്കു നയിക്കാൻ പ്രേരിപ്പിക്കു





മെന്നും വാത്മീകി സവിസ്തരം വർണ്ണിക്കുകയാണ്. രത്നാകരനെ വാത്മീകിയാക്കാൻ വന്ന മഹർഷി വര്യന്മാരേപ്പോലെ തന്നെ ഇവയൊക്കെ നേരിടാൻ തക്ക പ്രാപ്തിയുള്ള ഗുരുക്കന്മാരും നേതൃനിരയും ഉണ്ടായിരുന്നതുകൊണ്ട് വസ്തുതകളെ നേരിടാൻ ആത്മതത്വങ്ങളെ അവർ ഉപയോഗിക്കുകയും ചെ യതു. താളം തെറ്റുന്ന മനസ്സുകളെ താളാനുബന്ധ മാക്കാൻ ശ്രമി ക്കുന്ന പല ഭാഗങ്ങളും നാമിവിടെ കാണുന്നുമുണ്ട്. ദശരഥമഹാരാജാവ് വനത്തിലേക്കു പോകുന്ന രാമന്റെ കൂടെ ധാന്യകോശവും ധനകോ ശവും കൊടുത്തയക്കാനും വനത്തിൽ വേണ്ട സം രക്ഷണം നൽകാനുള്ള സമ്പത്തു കൊടുത്തയക്കാ നും സുമന്ത്രരോടു പറഞ്ഞു. ഇതു കേട്ട കൈകേയി ധനം മുഴുവൻ പോയി ശൂന്യമായ നാട് ( അതായത് കുടിച്ചതിനു ശേഷമുള്ള അടിക്കീടമായ മദ്യം പോ ലെയെന്നാണ് വാത്മീകി പറയുന്നത്) ഭരതന് വേണ്ട എന്നും അസമജ്ഞനെ നാടുകടത്തിയതും മറ്റും പറയു മ്പോൾ അമാത്യമുഖ്യനായ സിദ്ധാർത്ഥൻ ലോകരു ടെ നിന്ദക്കു പാത്രമാകാതിരിക്കുവാൻ കൈകേയി യോടു പറയുന്നു. അവസാനം മരവുരി കൊടുത്ത് രാമനേയും സീതയേയും കാട്ടിലേക്കയക്കാൻ വരെ നിർദ്ദേശിക്കാൻ മന്ഥരയുടെ വാക്കുകൾ ശക്തമായി രുന്നു. പോകാൻ തയാറായ സീതയോട് കൗസല്യ പറയുന്നു, കഷ്ടത്തിലായിപ്പോയ ഭർത്താവിനെ ഒരു സ്ത്രീയും ബഹുമാനി ക്കാതിരിക്കില്ലായെന്ന്. എത്ര സുഖം അനുഭവിച്ചവളായാലും അൽപം ആപത്തു വരുമ്പോൾ കുറ്റം പറയുന്നതാണ് സ്ത്രീസ്വഭാവമെ ന്നു അന്നും ചില സ്ത്രീകൾ ചിന്തിച്ചിരുന്നതായി വാത്മീകി പറയുന്നു. പക്ഷെ തന്റെ കുടുംബത്തിൽ നിന്നുള്ള ശിക്ഷണം ധർമ്മത്തിൽ നിന്നും വ്യതിചലി ക്കരുതെന്നാണെന്ന് സീതാദേവി പറയുന്നു. രാമനെ ദശരഥനെന്നും ജനകാത്മജയെ തന്നേപ്പോലെയെ ന്നും വനത്തെ അയോദ്ധ്യയായിട്ടും കാണണമെന്ന സുമിത്രയുടെ വാക്കുകൾ 14 വർഷം വനവാസത്തിൽ ലക്ഷ്മണൻ പാലിച്ചു എന്നത് ഈ വാക്കുകൾ പറ ഞ്ഞ ആളിന്റേയും ശ്രവിച്ച ആളിന്റേയും ധാർമ്മിക ബോധത്തെ എടുത്തുകാണിക്കുന്നു.

വനത്തിൽ എത്തിയ ശ്രീരാമനും ലക്ഷ്മണ നും തമ്മിലുള്ള സംഭാഷണം കാമക്രോധ വികാ രങ്ങൾക്കടിമപ്പെട്ട സാധാരണക്കാരുടേതു പോലെ യായെന്നു സംശയം തോന്നാം. ദശരഥനെ വൃദ്ധൻ എന്നും കൈകേയിക്ക് അടിമയായവൻ എന്നും ശത്രു തകൊണ്ട് കൈകേയി നിന്റെ അമ്മയ്ക്കും എന്റെ അമ്മക്കും വിഷം കൊടുത്തു എന്നു വരാമെന്നും ലക്ഷ്മണൻ പറയുന്നു.. വേർപാട് അവരെ മാനസി കമായി പ്രക്ഷുബ്ധരാക്കിയെന്നു സാരം.

പെട്ടെന്നു കൈകേയിക്കു വരം പ്രദാനം ചെ യ്തതിൽ ഖേദിക്കുന്ന ദശരഥനെ നമുക്കു കാണാൻ കഴിയും. മന്ത്രിമാരോടു പോലും ചർച്ച ചെയ്യാതെ കൈകേയിയുടെ വാക്കുകൾക്ക് കീഴടങ്ങിയെന്നു പറഞ്ഞു വിലപിക്കുന്ന ദശരഥൻ ഇതിന് ആക്കം കൂട്ടിയ കൗസല്യയുടെ വാക്കുകൾ, അങ്ങു മൂലം ഞാനും എന്റെ മകനും നശിച്ചു. അങ്ങയുടെ ഭാര്യ യും പുത്രനും എല്ലാം നേടി. ഈ സമയത്തൊക്കെ തന്റെ ഒരു പ്രവർത്തിയുടെ ഫലമായി ലഭിച്ച ശാപ മാണ് ദശരഥനെ തളർത്തിയത്. പുത്രദുഃഖം മൂലം മരിക്കുമെന്നുള്ള ശാപം ദശരഥന്റെ മനസിനെ മഥി ച്ചുകൊണ്ടേയിരുന്നു. മുനികുമാരന്റെ മരണത്തിൽ പിതാവ് ശപിച്ച ആ ക്രൂര വാക്കുകൾ ഓർത്ത ദശര ഥന് തന്റെ അന്ത്യം ഇതാണെന്നു ബോധ്യം വന്നു. ശോകം കീഴ്പ്പെടുത്തിയ മനസ്സിന് മറ്റൊരടിയായി കൗസല്യയുടെ ആ വാക്കുകൾ. ദശരഥൻ പശ്ചാ ത്താപം കൊണ്ട് നീറി. ശബ്ദവേധി എന്ന യശസ്സ് രാജകുമാരനായിരുന്ന തനിക്കുണ്ടായിരുന്നപ്പോൾ ചെയ്ത പാപം. ഫലം ഓർക്കാതെ പ്രവർത്തിച്ചു. ദാതാവിന് ദക്ഷിണപോലെ ഇപ്പോൾ തനിക്കു തിരി കെ ലഭിച്ചിരിക്കുന്നു. ഇതെല്ലാം ഒരു സ്വപ്നം പോലെ യാഥാർത്ഥ്യമായിരിക്കുന്നു. ദശരഥന്റെ വേദനയെ വളർത്തി. സത്യവും നീതിയും ധർമ്മബോധവും പുത്രസ്നേഹവും ഭാര്യമാരോടുള്ള ഉത്തരവാദിത്വ വും പുത്രദുഃഖത്താൽ മരിക്കുമെന്നുള്ള മുനി ശാപ വും ദശരഥന്റെ മനോനില തകർക്കുന്നു. അങ്ങനെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

(തുടരും)

# അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

## 80 G ആനുകൂല്യം

എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നല്കുന്ന സംഭാവ നകൾക്ക് ആദായ നികുതി വകുപ്പിന്റെ 80 G ആനുകൂല്യം ലഭ്യമാണ്. നിങ്ങൾ നല്കുന്ന സംഭാവന കരയോ ഗത്തിന്റെ സേവന പ്രവർത്തനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവുമാണ്. എറണാകുളം കരയോഗത്തിന്റെ ജിവകാരുണ്യ സേവന പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

***ജനറൽ സെക്രട്ടറി***

# രക്ഷിതാക്കളുടേയും കുട്ടികളുടേയും ശ്രദ്ധയ്ക്ക്

**പി.ജി രാമചന്ദ്രൻ**

***കഴിഞ്ഞ ദിവസം ചൈത്രത്തിൽ എത്തിയ ഒരു കുട്ടിയുമായി നടത്തിയ സംഭാഷണം രക്ഷിതാക്കളുടേയും മറ്റു കുട്ടികളുടേയും അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.***

ഏതാണ്ട് 16 വയസ്സ് പ്രായമായ പെൺകുട്ടിയുമായി പിതാവ് ചൈത്രത്തിലെത്തി. നിറംകൊണ്ട് കറുപ്പും കൃശഗാത്രയുമാണവൾ. വളരെ ലളിതമായ വസ്റതധാരണം. ആഭരണങ്ങൾ ഒന്നും അണിഞ്ഞിട്ടില്ല. മ്ലാനമായ മുഖഭാവം.

അച്ഛനോട് പുറത്തിരിക്കാൻ പറഞ്ഞ് കുട്ടിയെ അകത്തേയ്ക്ക് വിളിച്ചു. ആദ്യം പേരും മറ്റും ചോദിച്ച് ഒരു സൌഹൃദം സ്ഥാപിച്ചു. പ്ലസ്സ് 1 ന് പഠിക്കുന്നു. മോശമല്ലാത്ത രീതിയിൽ പഠനം നടക്കുന്നുണ്ടെന്നും പറഞ്ഞു. ചൈത്രത്തിൽ വരാനുള്ള കാരണം തിരക്കി. അച്ഛന്റെ താൽപര്യപ്രകാരംമാണെന്നായിരുന്നു ഉത്തരം. എങ്കിലും അതിനൊരു കാരണമുണ്ടല്ലോ, കുട്ടിക്കറിയില്ലേ എന്നായി ഞാൻ. സാമ്പത്തികമായി ബുദ്ധിമുട്ടുള്ളതാണ് തന്റെ കുടുംബമെങ്കിലും കുറച്ചു കൂടി നല്ല വസ്ത്രങ്ങൾ വാങ്ങിത്തരാൻ മാതാപിതാക്കൾ തയ്യാറാണ്. മറ്റ് കുട്ടികളെപ്പോലെ വസ്ത്രധാരണത്തിൽ താൽപര്യമില്ലാത്തതിനാൽ അവർക്ക് വിഷമം. അതുപോലെ തന്നെ, അത്യാവശ്യം ലഘുവായ ആഭരണങ്ങളെങ്കിലും ധരിക്കണമെന്നും താൽപര്യം.

അവരുടെ ആഗ്രഹങ്ങൾ ന്യായമല്ലേയെന്ന് ഞാൻ ചോദിച്ചു. ന്യായമാണ്, പക്ഷേ തനിക്ക് അതൊന്നും വേണമെന്ന് തോന്നുന്നില്ല. കാഴ്ചയ്ക്ക് ഭംഗിയില്ലാത്ത തനിക്ക് എന്തിനാണ് ആഭരണങ്ങളും നല്ല വസ്ത്രങ്ങളുമെല്ലാം. ശക്തമായ അപകർഷതാബോധം ആ കുട്ടിയെ ബാധിച്ചിരിക്കുന്നു എന്ന് വ്യക്തമായി. എങ്ങിനേയും മറ്റുള്ളവരുടെ മുൻപിൽ പെടാതെ കഴിച്ചു കൂട്ടണം. ഈ ചിന്താശക്തികളെല്ലാം പഠനത്തേയും ബാധിച്ചിരിക്കുന്നു. പഴയതുപോലെ ക്ലാസ്സിൽ ശ്രദ്ധിക്കുവാനോ വീട്ടിൽ ചെന്ന് പഠിക്കാനോ സാധിക്കുന്നില്ല.

കുറച്ചു കൂടി ആഴത്തിലിറങ്ങി ചോദിച്ചു വന്നപ്പോഴാണ് മറ്റു ചില വസ്തുതകൾ കൂടി പുറത്തുവന്നത്. പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും തന്നോട് താൽപര്യമില്ല. ക്ലാസ്സിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് താൻ ന്യായമായി മറുപടി നൽകിയാലും തൃപ്തിയില്ല. നല്ലപോലെ വഴക്കു പറയും. മറ്റ് കുട്ടികൾ മറുപടിയൊന്നും പറയാതെ നിന്നാലും നിരുപാധികം ഇരുന്നു കൊള്ളാൻ പറയും. ഒരു ദേഷ്യം പ്രകടിപ്പിക്കുക പോലുമില്ല. സഹപാഠികൾക്കും തന്നോട് ഒരു അടുപ്പവുമില്ല. എല്ലാവരേയും തനിക്ക് ഇഷ്ടമാണ്. പക്ഷേ, എല്ലാവരും തന്നിൽ നിന്ന് അകലാൻ ശ്രമിക്കുന്നതുപോലെ തോന്നുന്നു. തന്റെ സൗന്ദര്യമില്ലായ്മയാണ് ആർക്കും തന്നോട് ഇഷ്ടമില്ലാതെ വരുന്നതിന് കാരണം. മാതാപിതാക്കൾക്ക് കുട്ടിയെ ഇഷ്ടമല്ലേയെന്ന് ചോദിച്ചപ്പോൾ അക്കാര്യത്തിൽ ഒരു സംശയവുമില്ല എന്ന് തീരത്ത് പറഞ്ഞു. എല്ലാവരേയും കുട്ടി ഇഷ്ടപ്പെടുന്നുവെങ്കിൽ അതിനർത്ഥം കുട്ടിയുടെ ഉള്ളം നിർമ്മലമാണെന്നാണല്ലോ. പുറമേ അഴകുള്ളതാണെങ്കിലും അകം ദുഷിപ്പുള്ളതാണെങ്കിൽ ആ വ്യക്തി ഒരു നന്മയുള്ള വ്യക്തിയാണെന്ന് പറയാൻ കഴിയുമോ ? പുറമേയുള്ള മനോഹാരിതയല്ല, അകമേയുള്ള സൗന്ദര്യമാണ് ജീവിത വിജയത്തിന് അടിസ്ഥാനം. കുട്ടിക്ക് നല്ലൊരു ഭാവിയും കുടുംബജീവിതവും ഉണ്ടാകും എന്ന് തീർച്ചയായും വിശ്വസിക്കാം.

ക്ലാസ്സിൽ ചോദ്യത്തിന് ഉത്തരം പൂർണ്ണമായും തൃപ്തിയല്ലെങ്കിൽ അദ്ധ്യാപകർ വഴക്കു പറയുന്നത്, കുട്ടിയിൽ അത്രയ്ക്ക് പ്രതീക്ഷയുള്ളതു കൊണ്ടാണ്. കൂടുതൽ ശ്രദ്ധയോടു കൂടി പഠിക്കാനുള്ള പ്രേരണാതന്ത്രമായി അതിനെ കണ്ടാൽ മതി. ഒന്നും പഠിക്കാത്തവരോട് പറഞ്ഞിട്ടൊന്നും കാര്യമില്ല എന്ന നിലയ്ക്ക് വിട്ടിരിക്കുന്നതു കൊണ്ടാവാം അവരോട് അങ്ങിനെയൊരു സമീപനം. കുട്ടിയോടുള്ള ഇഷ്ടം അവർ ഈ രിതിയിൽ കുട്ടിയുടെ പഠനത്തിനുള്ള ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രകടിപ്പിക്കുന്നുവെന്ന് മാത്രം. കുട്ടിയുടെ മിടുക്കിനെ അവർ അംഗീകരിക്കുന്നു എന്നാണർത്ഥം. ഇക്കാര്യം കുട്ടിയെ ബോധ്യപ്പെടുത്തിയപ്പോൾ ആ മുഖത്ത് ഒരു തെളിച്ചവും പ്രസാദവും പ്രത്യക്ഷമായത് വളരെ ചാരിതാർത്ഥ്യം നൽകി.

നല്ല രിതിയിൽ വസ്ത്രധാരണം നടത്തുകയും അത്യാവശ്യം ആഭരണങ്ങളണിയുകയും സ്വർണ്ണം വേണമെന്നില്ല. ചെയ്യുന്നത് മാതാപിതാക്കൾക്ക് സമാധാനവും സന്തോഷവും നൽകും. അതിനാൽ ഇത് കുട്ടിയുടെ ചുമതല കൂടിയാണ്.

തുടർന്ന് അച്ഛനോട് മാത്രമായും, രണ്ടുപേരേയും കൂടി ഇരുത്തിയും സംസാരിച്ചു. അച്ഛനും മകളും വളരെ സംതൃപ്തിയോടു കൂടി നന്ദി പറഞ്ഞാണ് ചൈത്രം വിട്ടത് , വീണ്ടും, വേണമെന്നു തോന്നുമ്പോൾ യഥേഷ്ടം സന്ദർശനം ആവർത്തിക്കാമെന്നും, എല്ലാ ദിവസവും അതിനുള്ള സൗകര്യം ഉണ്ടായിരിക്കുമെന്നും അറിയിച്ചു.





# കാത്തിരിപ്പ്

**ഗംഗാദേവി. കെ**

മുട്ടി വിളിച്ചു തളർന്നു ഞാൻ  
തുറക്കില്ല ആ വാതിൽ എന്ന്  
എൻ മനം മന്ത്രിക്കുന്നു പക്ഷെ  
മുട്ടുക തന്നെ, തുറക്കുമെന്ന പ്രതീക്ഷ  
അതസ്ഥാനത്താവാതിരിക്കട്ടെ  
കൈയ്യിലെ തഴമ്പുകൾ സത്യം വിളിച്ചറിയിക്കുന്നു  
എങ്കിലും മുട്ടി വിളിക്കുക തന്നെ  
അതെ തുറക്കുന്നു ആ വാതിൽ  
പക്ഷെ ഞാൻ കാണുന്നില്ലാരേയും  
ഒരു ശബ്ദം, നേർത്ത ഒരു ശബ്ദം  
ഒരു ചെറു ശ്വാസത്തിൻ ശബ്ദം  
അയ്യോ ഇപ്പോൾ ഞാനൊന്നും കേൾക്കുന്നില്ല.  
പോയല്ലോ കിളി തുറന്ന ആ വാതിലിലൂടെ  
എന്റെ കണ്ണിമ ചിമ്മിയ നേരത്ത് ആവാം അത്  
ഇനിയും ഞാൻ വിളിച്ചുകൊണ്ടേ ഇരിക്കും  
ഒരു ഇമ ചിമ്മലിൽ തിരികെ വന്നാലൊ കിളി  
അവിശ്രാന്തമായ കാത്തിരിപ്പല്ലെ എന്റെ ഈ ജീവിതം●

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2017ജൂൺ/ജൂലൈ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി | മുഖ്യപ്രഭാഷണം | വിഷയം | നമ്പർ |
|---|---|---|---|---|
| 15. 6.2017 | ഇ. വിജയലക്ഷ്മി | പി.ആർ.ബാലകൃഷ്ണൻ | മറക്കാൻ മടിക്കുന്ന ഓർമ്മകൾ | 921 |
| 22.6.17 | എസ്. ശ്രീകുമാർ | ടി.കെ. ശ്രീകുമാരൻ നായർ | അഗ്നിയും അഗ്നിശമനവും | 922 |
| 29.6.17 | | ടി.എൻ.ടി. നായർ | മൂന്നു ഗണികാ നായികമാർ | 923 |
| 6.7.17 | കൺവീനറുടെ അറിയിപ്പുകൾ | ജി. രാം മോഹൻനായർ | മെഡിറ്റേഷൻ | 924 |
| 13.7.2017 | പി.വി. മാധവൻപിള്ള | പ്രൊ.സുമംഗലാദേവി | അധികമായാൽ അമൃതും വിഷം | 925 |

# ആപദ്ധർമ്മം

കല്പകം സോമരാജൻ (ഫോൺ: 9895453072)

നാം നിത്യജീവിതത്തിൽഉപയോഗിക്കുന്ന പല പദങ്ങളും വളരെ അർത്ഥവ്യാപ്തിയുള്ളതും ഗഹനങ്ങളുമായിരിക്കും. പക്ഷേ പലപ്പോഴും ഈ പദങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചോ ഉത്ഭവത്തെക്കുറിച്ചോ നാം ചിന്തിക്കാറില്ല. പക്ഷെ പദപ്രയോഗത്തിന്റെ വ്യാപ്തിയെ കുറിച്ചും സാന്ദർഭികമായ ഉപയോഗത്തെ കുറിച്ചുമെല്ലാം ചിന്തിച്ചാൽ രസകരമായ പല കാര്യങ്ങളും ഈ പദങ്ങൾക്കു പിന്നിൽ മറഞ്ഞിരിക്കുന്നതായി കാണാം. ആപദ്ധർമ്മം എന്ന പദത്തെ കുറിച്ചാണ് ഈ ഉപന്യാസത്തിൽ വിചിന്തനം ചെയ്യുന്നത്.

ആപദ്ധർമ്മം എന്ന വാക്ക് വളരെ പ്രചുരപ്രചാരം സിദ്ധിച്ച ഒന്നാണ്. ഈ വാക്ക് ഭഗവാൻ വേദവ്യാസൻ മഹാഭാരതം വഴി ഭാരതീയ പദസമ്പത്തിൽ മുതൽകൂട്ടിയതായി മഹത്‌വ്യക്തികൾ തെര്യപ്പെടുത്തുന്നു. മഹാഭാരതഗ്രന്ഥത്തിനു മുൻപുള്ള സാഹിത്യസൃഷ്ടികളിൽ ഇങ്ങനെ ഒരു പദം കാണുന്നില്ല എന്ന് സംസ്കൃതഭാഷാസാഹിത്യപണ്ഡിതൻമാർ പറയുന്നു. വേദവ്യാസ ഋഷിയുടെ മഹാഭാരതത്തിൽ പന്ത്രണ്ടാം പർവ്വമായ ശാന്തിപർവ്വത്തിൽ ആപദ്ധർമ്മ പർവ്വമെന്ന പേരിൽ ഉപപർവ്വമായി നാൽപ്പത്തിമൂന്ന് അദ്ധ്യായങ്ങളുള്ള ഒരു വിശേഷഭാഗം തന്നെ അദ്ദേഹം ചേർത്തിരിക്കുന്നു. ഈ പദം ഇന്ന് ഇന്ത്യയൊട്ടാകെ അനേക ഭാഷകളിൽ മൊഴിമാറ്റം കൂടാതെ തന്നെ പ്രചുരപ്രചാരം നേടിയിരിക്കുന്നു. കലിയുഗം, ദ്വാപരയുഗം, ഏകാദശി മുതലായ പദങ്ങൾപോലെ ആപദ്ധർമ്മം സകല ഭാരതീയ ഭാഷകളിലും ഭാരതീയ ഹൃദയങ്ങളിലും ദൃഢമൂലമായിക്കഴിഞ്ഞു.

ചില സന്ദർഭങ്ങളിൽ മനുഷ്യർ "കിം കർത്തവ്യമൂഢതയിൽ"പെടാറുണ്ട്. വ്യക്തിപരമോ സാമൂഹികമോ ആയ കുരുക്കുകളായിരിക്കാം ഇത്. ഈ കുരുക്ക് ഒന്നഴിക്കാൻ, ഈ ചുഴിയിൽ നിന്നൊന്നു രക്ഷ പെടാൻ കഴിയാതെ വലയുന്ന വ്യക്തിക്ക് സമൂഹത്തിന്റെ വിധികളൊന്നും സഹായികളായി ഭവിക്കുന്നില്ല. സ്വന്തം വഴി സ്വയം കണ്ടെത്തേണ്ടിയിരിക്കുന്നു. പൂർവ്വസൂരികളുടെ മാർഗ്ഗനിർദ്ദേശങ്ങളെ അപഗ്രഥിച്ച് നന്മതിന്മകളെ സ്വയം കണ്ടെത്തേണ്ടിയിരിക്കുന്നു. മുൻകൂട്ടിയുള്ള യാതൊരു മാർഗ്ഗനിർദ്ദേശമോ വിചിന്തനമോ കൂടാതെ വഴിമുട്ടി നിൽക്കുന്ന ആപത്തിൽ നിന്ന് സ്വയം രക്ഷനേടാൻ ചെയ്യേണ്ടുന്ന ധർമ്മം ഏതെന്ന് കണ്ടു പിടിച്ച് അതിനെ അനുവർത്തിക്കേണ്ടി വരുന്നു. ഇതാണ് ആപദ്ധർമ്മം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഇവിടെ വരുന്ന അല്ലെങ്കിൽ ആചരിക്കുന്ന ധർമ്മത്തെ മുൻകൂട്ടി നിർവചിക്കുക അസാധ്യം. ഇതിൽ നിന്നു മനസ്സിലാകുന്നത് ആപദ്ധർമ്മത്തിന് ഒരു സ്ഥിര രീതിയില്ല എന്നതാണ്. പ്രത്യേക സാഹചര്യവും ആവശ്യവുമാണ് അതിന്റെ രീതി. അത് താല്കാലികമാണ്. രോഗത്തിന് ഔഷധം പോലെ പ്രത്യേക അവസ്ഥയിലേ അതിന് പ്രസക്തിയുള്ളു. രോഗാവസ്ഥയില്ലെങ്കിൽ ഔഷധപ്രയോഗം ഗുണത്തേക്കാൾ ദോഷമാണ് ചെയ്യുക. അതുപോലെ ആപദ്ധർമ്മാചരണം സന്ദർഭോചിതമല്ലെങ്കിൽ അത് ഗുണത്തേക്കാൾ ദോഷകരമായി തീരാം. എന്നാൽ ആരോഗ്യവസ്ഥ കൈവരിക്കാനും നിലനിർത്താനും ഉപയുക്തങ്ങളായ സിദ്ധൗഷധങ്ങളുണ്ട്. അവ ഏവർക്കും എപ്പോഴും അവലംബിക്കാവുന്നതാണ്.അവക്ക് എന്നും പ്രസക്തിയുണ്ട്. വ്യക്തിയുടേയും സമൂഹത്തിന്റേയും ചിരകാലാവശ്യമായ ആ സിദ്ധൗഷധമാണ് ധർമ്മം. ചുരുക്കി ചിന്തിച്ചാൽ പ്രത്യേക സാഹചര്യത്തിലെ താൽക്കാലികാവശ്യനിർവ്വഹണസാധനമാണ് ആപദ്ധർമ്മം. ധർമ്മം സ്ഥിരപ്രതിഷ്ഠതമാകുമ്പോൾ ആപദ്ധർമ്മത്തിന് താൽക്കാലിക പ്രസക്തിയേയുള്ളു.

മഹാഭാരതയുദ്ധാനന്തരം രാജ്യഭാരം എന്ന മഹാഭാരം ശിരസ്സിലേറ്റാൻ നിയുക്തനായിരിക്കുന്ന യുധിഷ്ഠിരൻ പിതാമഹനായ ഭീഷ്മരോട് ധർമ്മാധർമ്മങ്ങളെക്കുറിച്ച് ചോദിച്ച് സംശയദൂരീകരണം വരുത്തുന്ന ഭാഗത്താണ് ആപദ്ധർമ്മത്തെക്കുറിച്ചുള്ള പ്രസ്ഥാവം വരുന്നത്. ആചാരം, തത്വം, സംസ്കാരം ഇവയ്ക്കെല്ലാം സുചിന്തിതമായ അടിത്തറയുണ്ട്. എന്നാൽ ആപദ്ധർമ്മം എന്ന ഏടാകൂടത്തിന് ഇത്തരമൊരു അടിസ്ഥാനം ഇല്ല തന്നെ. ആയതിനാൽ തന്നെ മുത്തശ്ശൻ പൗത്രന്റെ ചോദ്യങ്ങൾ വളരെ ക്ഷമാപൂർവ്വം ചെവിക്കൊണ്ട് ദൃഷ്ടാന്തസഹിതം കാര്യങ്ങൾ വിവരിച്ച് , ഉത്തരങ്ങൾ നൽകുന്നതായി കാണാം. പ്രശ്നങ്ങൾ എപ്പോഴും വിവിധ തരത്തി





ലായിരിക്കും വന്നു ചേരുന്നത്. ആയതിനാൽ തന്നെ പരിഹാരങ്ങളും അത്തരത്തിലായിരിക്കും. എന്നാൽ പിതാമഹന്റെ ഈ മാർഗ്ഗദർശനങ്ങൾ ഭാവാത്മകമായ സുനിശ്ചിതത്വം നിറഞ്ഞവയായിരുന്നു. ആത്മീയ, വൈകാരിക, സാമൂഹിക വിഷമതകളെയെല്ലാം ഈ മാർഗ്ഗദർശകത്വത്തിൽ സ്പർശിച്ചിരുന്നു.

ആപദ്ധർമ്മ പർവ്വത്തിനുള്ള മറ്റൊരു പ്രത്യേകത, യുദ്ധക്കെടുതിയിൽ പെട്ട് സമസ്ത രാജ്യങ്ങളും നാശോന്മുഖമായി തീർന്ന സമയത്ത് ധർമ്മപുത്രരോട് അശ്വമേധയാഗം നടത്തുവാൻ വ്യാസഭഗവാൻ ആവശ്യപ്പെടുന്നു. യുദ്ധം കഴിഞ്ഞ് സർവ്വസമ്പത്തും നശിച്ച അവസ്ഥയിലായ രാജാക്കൻമാരോട് എങ്ങനെ ധനം ആവശ്യപ്പെടും എന്നാണ് ധർമ്മപുത്രർ ചോദിക്കുന്നത്. സർവ്വനാശം വിതച്ച യുദ്ധത്തിൽ അശരണരും അനാഥരുമായി തീർന്ന പ്രജകളുടെ പുനരധിവാസം തന്നെ ധർമ്മപുത്രരെ വളരെയധികം വിഷമിത്തിലാക്കുന്നു. ഇവക്കെല്ലാം തന്നെ രാജാവ് പരിഹാരം കണ്ടെത്തുക തന്നെ വേണം. ഇത് രാജധർമ്മമാണ്. ഈ സന്നിഗ്ദ്ധ ഘട്ടത്തിൽ വിവശനായ രാജാവ് "മുൻകൂട്ടി നിശ്ചയിക്കാതെ അറിയാതെ ചെയ്തു പോകുന്ന പാപം" എങ്ങനെ പരിഹരിക്കുവാൻ സാധിക്കും എന്ന് പിതാമഹനോട് ചോദിക്കുന്നുണ്ട്. ഇവിടെയാണ് ആപദ്ധർമ്മത്തിന് പ്രസക്തി മുഴച്ചു നിൽക്കുന്നത്. കർണ്ണ വധം തുടങ്ങി അനേകപ്രവർത്തികൾ അദ്ദേഹത്തിന്റെ അന്തരംഗത്തെ അലോസരപ്പെടുത്തുന്നുണ്ടാകാം. എങ്കിലും രാജ്യതന്ത്രജ്ഞനുള്ള കർമ്മകുശലത മുറുകെ പിടിച്ചുകൊണ്ട് ഈ അവസ്ഥകളെയെല്ലാം അദ്ദേഹം തരണം ചെയ്യുന്നതായി കാണാം. ധർമ്മാധർമ്മങ്ങൾ കാലഗതമാണെന്നും, വിശേഷിച്ച് വൈകാരികം, വൈചാരികം, വ്യവഹാരികം തുടങ്ങി അനേക കാര്യങ്ങൾ ചുറ്റിക്കൂടുമ്പോൾ ധർമ്മാധർമ്മങ്ങളെ വ്യവച്ഛേദിക്കുക വളരെ ദുഷ്കരമാണെന്നും പിതാമഹൻ പുത്രനെ ഉപദേശിക്കുന്നുണ്ട്. ധർമ്മസംരക്ഷണം രാജകർത്തവ്യമെന്നത് ഈ സമയത്ത് ദൃഢമാക്കുകയാണ് ഭീഷ്മ പിതാമഹൻ ചെയ്യുന്നത്. നീതി ഉപദേശിക്കുന്നത് ന്യായാസനം, ധർമ്മം ഉപദേശിക്കുന്നത് ആചാര്യൻ, എന്നാൽ അതു നടപ്പാക്കുന്നത് രാജാവാണ്. രാജബലത്തിലാണ് ധർമ്മം നിലക്കൊള്ളുന്നത്, സംരക്ഷിക്കപ്പെടുന്നത്. രാജബലം ചില മാനസീക ദൗർബ്ബല്യങ്ങൾക്കടിപ്പെട്ട് വേണ്ട രീതിയിൽ ഉപയോഗിക്കാത്ത അവസ്ഥകളും അതിന്റെ അനന്തരഫലങ്ങളായ സർവ്വനാശവും അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചിരിക്കാം. രാജസദസ്സിൽ നടന്ന ചൂതുകളി തന്നെ ഉത്തമ ഉദാഹരണമായി എടുക്കാവുന്നതാണ്. ആയതിനാൽ രാജബലം ധർമ്മ സംരക്ഷണത്തിന് അടിത്തറയായി വർത്തിക്കണമെന്നാണ് പിതാമഹന്റെ ഉപദേശം. ധർമ്മാധർമ്മ വിചിന്തനം ഈ സന്ദർഭങ്ങളിൽ അപ്രസക്തമായി ഭവിക്കുന്നു.

ധർമ്മാധർമ്മ വിചിന്തനങ്ങൾ ദേശ കാലങ്ങൾക്ക് അധീനമായി വർത്തിക്കുന്നു. സാധാരണ പൗരന്റെ ജീവിതയാനങ്ങളിലും ആപദ്ധർമ്മചര്യക്ക് വളരെ പ്രാധാന്യമുണ്ട്. ഈ സിദ്ധാന്തം സാധൂകരിക്കുവാൻ പല കഥകളും ഉദ്ധരിച്ചു സമർത്ഥിക്കുന്നുണ്ട്. വാല്മീകി രാമായണത്തിൽ പ്രതിപാദിച്ചിട്ടുള്ള വിശ്വാമിത്രമഹർഷിയുടെ കഥ ഇതിന് നല്ലൊരു ഉദാഹരണമാണ്. ത്രേതാ ദ്വാപരയുഗസന്ധിയിൽ ഭൂമിയിൽ പന്ത്രണ്ടു വർഷം മഴ ലഭിക്കുന്നില്ല. കടുത്ത വരൾച്ചയും ഭക്ഷണക്ഷാമവും നാടിനെ കഷ്ടത്തിലാഴ്ത്തുന്നു. ജീവൻ നിലനിർത്താനായി ജീവികൾ എങ്ങും അലയുന്നു. അക്കൂട്ടത്തിൽ വിശ്വാമിത്രമഹർഷിയും പത്നിയും ഉൾപ്പെടുന്നു. അലഞ്ഞു തിരിഞ്ഞ് ഒരു ചണ്ടാലച്ചേരിയിൽ എത്തുന്ന ദമ്പതിമാർ അവിടെ ഒരു ചെറ്റക്കുടിലിന്റെ തിണ്ണയിൽ തളർന്നു വീഴുന്നു. ചെറ്റവാതിലിന്റെ വിടവിലൂടെ നോക്കുന്ന മഹർഷി അകത്ത് തൂക്കിയിട്ടിരിക്കുന്ന പട്ടിയുടെ തുടഭാഗം കാണുന്നു. തുളുമ്പി നിന്ന ആ മാംസഭാഗം മഹർഷിയെ കൊതിപ്പിക്കുന്നു. പ്രാണൻ നിലനിർത്താനുള്ള വ്യഗ്രതയിൽ ശബ്ദമുണ്ടാക്കാതെ അകത്തു കടന്ന് അദ്ദേഹം ആ മാംസപിണ്ഡത്തിൽ പിടിക്കുന്നു. ശബ്ദം കേട്ടുണർന്ന ചണ്ടാലൻ ഉണർന്ന് ബഹളം കൂട്ടുന്നു. ഈ സമയം മഹർഷി സ്വയം പരിചയപ്പെടുത്തി തന്റെ അവസ്ഥ വിശദീകരിക്കുന്നു. ചണ്ടാലനും വിദുഷിയായിരുന്നു. അവർ തമ്മിൽ മാംസത്തിനുവേണ്ടി സുദീർഘമായ സംവാദം നടത്തുന്നു. നൂറ്റി രണ്ടു ശ്ലോകങ്ങളുള്ള ഒരദ്ധ്യായമായിട്ടാണ് ഈ സംവാദം എഴുതപ്പെട്ടിരിക്കുന്നത്. "ജീവിതം മരണാച്ഛ്രേയോ ജീവൻ ധർമ്മ മ വാപ്നുയാത്, സോഹം ജീവിതം ആകാംക്ഷാൻ അഭക്ഷ്യസ്യാപി ഭക്ഷണം". മരണത്തേക്കാൾ ശ്രേയസ്കരം ജീവിതം തന്നെയാണ്. ജീവിക്കണമെന്ന അതീവ ഇച്ഛയാൽ അഭക്ഷ്യമായതിനെ ഭക്ഷിക്കുന്നു എന്നാണ് മുനി ചണ്ടാലനോടു പറയുന്നത്. ജീവരക്ഷണാർത്ഥം മുനിയും ഭാര്യയും ആചാരക്രമമനുസരിച്ച് അഗ്നിദേവനു സമർപ്പിച്ച ശേഷം രണ്ടു പേരും മാംസഭക്ഷണം കഴിക്കുന്നു. വാല്മീകി രാമായണത്തിലെ ഈ വിശ്വാമിത്ര കഥ ആപദ്ധർമ്മ സംബന്ധിയായ കാര്യത്തിന്റെ പ്രസക്തിയും പ്രാധാന്യവും കാണിച്ചു തരുന്നു. ഏത് ആപൽഘട്ടത്തിലും ജീവൻ നിലനിർത്തുന്നതിന് ഏതു മാർഗ്ഗവും സ്വീകരിക്കുന്നതിൽ അധർമ്മ ചിന്തവേണ്ട

എന്നതാണ് ഇവിടെ പ്രസ്താവ്യം. ജീവൻ നിലനിന്നാൽ മാത്രമെ കർമ്മങ്ങൾ ചെയ്യുവാൻ കഴിയൂ എന്നതാണ് ധർമ്മാനുഷ്ടകരിൽ അഗ്രഗണ്യനായ മുനിശ്രേഷ്ഠന്റെ വാക്കുകൾ സമർത്ഥിക്കുന്നത്. ആപത്ഘട്ടങ്ങളിൽ വിവേകചിന്തയോടെ ദൃഢചിത്തരാകുകയാണ് വേണ്ടത്. ഇത് വേദപുരാണേതിഹാസ ശാസ്ത്രഗ്രന്ഥങ്ങളിൽ നിന്ന് കേട്ടറിഞ്ഞാൽ മാത്രം പോര ബുദ്ധിയിലും അനുഭവപരിജ്ഞാനത്തിലും കൂടെ മനനം ചെയ്ത് പ്രാവർത്തികമാക്കണം. ആപത്തിനെ യഥാതഥമായി അതിജീവിക്കണം. ജീവൻ നിലനിർത്തണം. അതാണ് ജീവിയുടെ കർത്തവ്യം. ഇതിനുള്ള നൈമിഷികമായ മാർഗ്ഗം എങ്ങും എഴുതി വച്ചിട്ടില്ല. അനുഭവ വെളിച്ചത്തിൽ ക്ഷിപ്രചിന്തയിൽ ഉരുത്തിരിഞ്ഞ് പ്രാവർത്തികമാക്കുകയാണ് വേണ്ടത്. ഇവിടെ മറ്റു ധർമ്മാധർമ്മ ചിന്തകൾക്ക് സമയമോ ഇടമോ ഒന്നും ലഭിക്കുന്നില്ല. പരിഹാര ചിന്തകൾക്കോ കീഴ്വഴക്ക ചിന്തകൾക്കോ ഒന്നും ഇവിടെ ഇടമില്ല. ചൂഴ്ന്നു നില്ക്കുന്ന ആപത്തിൽ നിന്ന് സ്വയം രക്ഷപ്പെടുവാൻ ആചരിക്കുന്ന ധർമ്മം തന്നെയാണ് ആപദ്ധർമ്മം. ഇത് ഒരു പക്ഷെ സന്ദർഭത്തിൽ അപവാദാത്മകമോ മൂല്യച്യുതിയുള്ളതോ ഒക്കെ ആകാം. പക്ഷെ ഇത് താൽക്കാലികം മാത്രമാണ് എന്ന ചിന്ത ഒരിക്കലും കൈവിടരുത്. പാലം കടക്കുവോളം ധർമ്മാചരണം പാലം കടന്നാൽ ഇതു പാടില്ലാത്തതും പ്രയോജനമില്ലാത്തതും ആയിരിക്കണം. ഇതായിരിക്കണം ശരിയായ ആപദ്ധർമ്മചിന്ത. ഏത് അധർമ്മപ്രവർത്തിയും സാമാന്യ ചിന്തയിൽ ആപത്തു തന്നെയാണ്. പക്ഷെ പല ഘട്ടങ്ങളിലും ഇത് അനിവാര്യമായി വരുന്നു. ഉദാഹരണം പറഞ്ഞാൽ ഏതു യുദ്ധവും ആത്യന്തികമായി ചിന്തിച്ചാൽ ആപത്തും അധർമ്മവുമാണ്. ഈ ആപദ്ധർമ്മം ശാശ്വതധർമ്മസ്ഥാപനത്തിനു വേണ്ടിയാണ് എന്നു വരുമ്പോൾ ഇത് അനിവാര്യമായി വരുന്നു. ശ്ലാഘനീയവുമാകുന്നു. മാനുഷിക നിർമ്മിതമായ ഏതു വമ്പൻ പേടകങ്ങൾക്കും അപായരക്ഷാവാതിൽ ഉണ്ടായിരിക്കും. അപകട സമയത്ത് ഈ വാതിൽ തുറന്ന് പുറത്തു ചാടി രക്ഷ പെടുവാൻ വേണ്ടിയാണ് ഈ സംവിധാനം. ഇങ്ങനെയുള്ള ഒരു വാതിലാണീ ആപദ്ധർമ്മ കവാടം എന്നു നമുക്കും ചിന്തിക്കാം.

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2017 മെയ് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. സതീഷ്കുമാർ, പൊനത്തിൽ, കൈലാസ്, ആർ.മാധവൻ നായർ റോഡ്, കൊച്ചി 682016 | 29031 |
| 2. ശ്രീ. കെ.ടി. മോഹൻ, 59/550, പ്രിയദർശിനി, ചിറ്റൂർ റോഡ്, കൊച്ചി 682035 | 25000 |
| 3. ശ്രീമതി. വിജയലക്ഷ്മി. പി. കുമാർ, 5 ബി, ജെയ്ൻ വുഡ് ഫോർഡ്, യുവജനസമാജം റോഡ്, കൊച്ചു കടവന്ത്ര, കൊച്ചി 682020 | 20000 |
| 4. ശ്രീ. എസ്. ശശിധരൻ പിള്ള, രാധാസ്, ഉദയം പേരൂർ. പി. ഒ, കൊച്ചി | 10001 |
| 5. ശ്രീ. കെ. ആർ. വേണുഗോപാൽ, 39 2986, മാണിക്യം, മാണിക്കത്ത് ക്രോസ് റോഡ്, കൊച്ചി 682016 | 10,000 |
| 6. ഡോ. നന്ദകുമാർ, ശോഭവിഹാർ,കാരിയ്ക്കാമുറി, കൊച്ചി 682016 | 10,000 |
| 7. ശ്രീ. പരിയാഡത്ത് പ്രഭാകരമേനോൻ, സെഡാർ ഗാർഡൻസ്, പെരിങ്ങാവ്, തൃശ്ശൂർ | 10,000 |
| 8. ശ്രീമതി. ഉമ രാജഗോപാലൻ, ബാഗ്ളൂർ | 10,000 |
| 9. ശ്രീ. ഇ. രാമദാസ്, X1/151E, ആതിര, കാക്കനാട് | 5,000 |
| 10. ശ്രീ മോഹൻ ചന്ദർ, പല്ലവി, ഗാന്ധിനഗർ, സഹകരണ റോഡ്, എറണാകുളം 682017 | 5,000 |
| 11. ഡോ. എ. വേണുഗോപാൽ, നിത്യശ്രീ, ജഡ്ജുമുക്ക്, തൃക്കാക്കര, കൊച്ചി 682021 | 5,000 |
| 12. ശ്രീമതി. വിജയലക്ഷ്മി. പി. കുമാർ, 5 ബി, ജെയ്ൻ വുഡ് ഫോർഡ്, യുവജനസമാജം റോഡ്, കൊച്ചു കടവന്ത്ര, കൊച്ചി 682020 | 5,000 |
| 13. ഡോ. നന്ദകുമാർ, ശോഭവിഹാർ,കാരിയ്ക്കാമുറി, കൊച്ചി 682016 | 5,000 |
| 14. ശ്രീ. നിതിൻ രാജ്. ആർ, സൗഭാഗ്യ പി. ആർ. ആർ. എ 37, പാറയിൽ റോഡ് എളമക്കര, കൊച്ചി | 5,000 |





# പ്രാർത്ഥന ശാസ്ത്രീയമായി

വി.കെ.വേണുഗോപാൽ

കൃഷി ശാസ്ത്രീയമായി ചെയ്യുമ്പോൾ അതിൽനിന്നും നൂറുമേനി വിളയുന്നു. അതുപോലെ തന്നെയാണ് പ്രാർത്ഥനയും. രണ്ടിന്റേയും ഫലം തരുന്നത് ഈ പ്രപഞ്ചം അഥവാ ഈശ്വരനാണ് .നാം പ്രപഞ്ചത്തിന്റെ ഒരംശമായതിനാൽ നമ്മുക്കെന്താണ് വേണ്ടതെന്ന് നാം അറിയിക്കുമ്പോൾ ഈ പ്രപഞ്ചം നാം ആവശ്യപ്പെടുന്നത് നമ്മളിലേക്കെത്തിക്കുന്നു. ശാസ്ത്രീയമായി എങ്ങിനെ പ്രാർത്ഥിക്കണമെന്ന് മനഃ ശാസ്ത്രം പറയുന്നുണ്ട്. അതിനായി ആദ്യമായി ചെയ്യേണ്ടത് ജനനം മുതൽ ഇന്നുവരെ ഈ പ്രപഞ്ചം നമുക്കു തന്നിട്ടുള്ള ഒരോന്നിനെപ്പറ്റിയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ആസ്വദിക്കണം. നമ്മുക്ക് എല്ലാം തന്ന മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും ഈ പ്രപഞ്ചത്തിനും നന്ദി പറയണം. നമ്മുടെ ആഗ്രഹങ്ങൾ എല്ലാം നേടിത്തരുന്ന നമ്മുടെ ശരീരത്തിലെ പാദം മുതൽ ശിരസ്സുവരെയുള്ള ഓരോ അവയവത്തിനും ശരീരത്തിനു മുഴുവനായും നന്ദി പറയണം. ഓരോ മനുഷ്യനും ജനിച്ച സ്ഥാനം വളരെ പ്രധാനമാണ്. നമ്മെ ഉചിതമായ നാട്ടിൽ ഉചിതമായി കുടുംബത്തിൽ സൃഷ്ടിച്ച സൃഷ്ടാവിനും നന്ദി പറയണം. നമുക്കിന്നുവരെ ഉണ്ടായിട്ടുള്ള ഉയർച്ചയ്ക്കും ഭൗതികനേട്ടങ്ങൾക്കും നന്ദി പറയണം. ഈ പ്രപഞ്ചവും ഈശ്വരനും നമ്മിൽ നിന്ന് നന്ദിയും പ്രശംസയും ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഈശ്വരനെ പ്രശംസിച്ചു പ്രാർത്ഥിക്കുന്നതും ഈശ്വരനെ പ്രശംസിച്ചുകൊണ്ടുള്ള ഭക്തിഗാനങ്ങൾ പാടുന്നതും. നമുക്കു ജീവിക്കാൻ തക്ക വണ്ണം നമ്മളിലും ഈ പ്രപഞ്ചത്തിലും മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നതും ഈശ്വരനാണ്. ഇനി ആരോഗ്യം, സന്തോഷം, ധനം ,സമ്പത്ത് ഉയർന്ന സ്ഥാനം എന്നിവ കിട്ടുന്നതിനായി അവ കിട്ടുന്നതായി തന്നെ സങ്കല്പിച്ചുകൊണ്ടും ദൃഢമായി വിശ്വസിച്ചുകൊണ്ടും പ്രാർത്ഥിക്കണം. പ്രാർത്ഥനയിൽ സങ്കല്പവും വിശ്വാസവും എത്ര മാത്രം ദൃഢമാകുന്നുവോ അത്രമാത്രം എളുപ്പത്തിൽ പ്രാർത്ഥനയുടെ ഫലം കിട്ടിക്കൊണ്ടിരിക്കും. ഈ രീതിയിൽ ഉള്ള രോഗത്തെ ഇല്ലാതാക്കുവാനും ആരോഗ്യത്തെ വർദ്ധിപ്പിക്കുവാനും നമുക്കു സാധിക്കും. രോഗത്തിന്റെ പേരു പറഞ്ഞാൽ അതു നമ്മുടെ ഉപബോധമനസ്സിൽ പതിയുമെന്നതിനാൽ രോഗത്തിന്റെ പേരു പറയാതെ ശരീരത്തിന്റെ രോഗമുള്ള ഭാഗത്തിന്റെ ആരോഗ്യത്തിനായി പ്രാർത്ഥിക്കണം. പ്രകൃതിക്ക് പ്രകൃതിയുടേതായ സമയമുണ്ട്. പ്രാർത്ഥനയുടെ ഫലം വരേണ്ട സമയത്ത് വന്നുകൊണ്ടിരിക്കും. മൂല്യങ്ങൾക്ക് ശാസ്ത്രീയമായ അടിസ്ഥാനമുള്ളതിനാൽ മൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് മാത്രമെ ജീവിക്കാനും മറ്റുള്ളവരോട് ഇടപഴകാനും ഓരോ പ്രവർത്തിയും ചെയ്യുവാനും പാടുള്ളു. മൂല്യങ്ങളെ അവഗണിച്ചാൽ തിരിച്ചടി തീർച്ചയാണ്. The law of equal and opposite reaction നാം അറിഞ്ഞാലും ഇല്ലെങ്കിലും എല്ലാ സമയത്തും എല്ലാവരിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. തിരിച്ചടി തരുന്നയാളെ കുറ്റപ്പെടുത്തിയിട്ട് യാതൊരു കാര്യവുമില്ല.

പ്രാർത്ഥനക്കനുസരിച്ച് അവസരങ്ങൾ വരാൻ തുടങ്ങുമ്പോൾ ആഗ്രഹിച്ചതു കിട്ടാൻ ഉത്സാഹിച്ചു പ്രവർത്തിക്കണം. പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ഫലം കിട്ടുന്നത്. ഈശ്വരൻ തന്റെ കുട്ടികളായ മനുഷ്യർക്കു വേണ്ടതെല്ലാം ധാരാളമായി തരാൻ വേണ്ടത്ര പരിധിയില്ലാത്ത സ്വത്തിന്റെ ഉടമയാണ്. നാം ചോദിക്കണമെന്നു മാത്രം. 'മുട്ടുവിൻ തുറക്കപ്പെടും' എന്ന യേശുക്രിസ്തു ബൈബിളിൽ പറഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. ചിലർ ഇല്ലാത്തവരായി കഴിയുന്നത് അവർ ചോദിക്കാത്തതുകൊണ്ടാണ്. ധാരാളം പണമുണ്ടാകുന്നത് കഷ്ടപ്പെട്ട് ജോലി ചെയ്യുന്നയാൾക്കല്ല. നേരെ മറിച്ച് പണത്തെ സ്നേഹിക്കുന്നയാൾക്കും അതിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് പ്രയത്നിക്കുന്നയാൾക്കുമാണ്. മറ്റൊരുകാര്യം കൊടുക്കുന്നവനെ കിട്ടുകയുള്ളു എന്നതാണ്. ഒരോ മനുഷ്യനും കിട്ടുന്നതിന്റെ ഒരു ഓഹരി ഈശ്വരനും മറ്റൊരോഹരി മറ്റുള്ളവർക്കും കൊടുക്കാനുള്ളതാണ്. അതുകൊണ്ട് ഒരോരുത്തരും അവനവന് കിട്ടുന്നതിന്റെ ഒരോഹരി ഈശ്വരനും മറ്റൊരോഹരി മറ്റുള്ളവർക്കും കൊടുത്തുകൊണ്ടിരിക്കണം. ലക്ഷ്യം നേടുമ്പോഴും ലക്ഷ്യത്തിനുവേ

ണ്ടി പ്രവർത്തിക്കുമ്പോഴും ഒരുപോലെ സന്തോഷിക്കാൻ സാധിക്കണം. കാരണം സന്തോഷിക്കാൻ കഴിവുള്ള മനുഷ്യനാണ് യഥാർത്ഥത്തിൽ ഭാഗ്യവാൻ. അയാൾക്ക് എന്തിന്റെയെങ്കിലും കുറവുണ്ടായാൽ അത് അയാളെ ബാധിക്കുകയില്ല.

ഒരോ പൂജയ്ക്കും ഓരോ മന്ത്രത്തിനും ശാസ്ത്രീയമായ അടിസ്ഥാനമുണ്ട്. ലക്ഷ്യവും ഉണ്ട്. അവയെ പറ്റിയുള്ള അറിവു കിട്ടാതെ വെറുതെ പ്രാർത്ഥിക്കുന്നവരാണ് ഹിന്ദുക്കളായ നമ്മൾ. ഈ പ്രപഞ്ച വസ്തുക്കളെ പലതരം ഊർജ്ജ്യം നിയന്ത്രിക്കുന്നുണ്ട്. അവയിൽ ചിലതാണ് The law of gravity, the law of attraction, law of equal and opposite reaction, positive and negative energy മുതലായവ. law of attraction പ്രകാരം നമ്മുടെ ഉള്ളിലുള്ളവ പുറമെ ഉള്ളവയെ ആകർഷിക്കും. നമ്മുടെ ഉള്ളിൽ ആനന്ദം , നന്ദി, വിശ്വാസം, പ്രതീക്ഷ, ദയ, പ്രചോദനം, സ്നേഹം, ക്ഷമ, ഉത്സാഹം, ധൈര്യം, ശാന്തി മുതലായ പോസറ്റീവ് എനർജിയാണ് ഉള്ളതെങ്കിൽ മറ്റുള്ളവരിൽ നിന്നും ഇവയെല്ലാം നമ്മളിലേക്കും വന്നുകൊണ്ടിരിക്കും. നേരെമറിച്ച് നമ്മുടെ ഉള്ളിൽ ഭയം, കുറ്റബോധം, അത്യാഗ്രഹം, മറ്റുള്ളവരെ കുറ്റപ്പെടുത്തൽ, അമിതമായ സംശയം, ദേഷ്യം, കളവ് പറയലും കളവ് ചെയ്യലും മറ്റുള്ളവരെപ്പറ്റി തരംതാഴ്ത്തി സംസാരിക്കൽ, ദുഷ്ടത മുതലായ നെഗറ്റീവ് ഊർജ്ജ്യം ഉണ്ടായാൽ മറ്റുള്ളവരിൽ നിന്നും ഇതേ ഊർജ്ജ്യം നമ്മളിലേക്ക് വന്ന് അവ നമ്മെ പുറകോട്ടോ താഴേക്കോ വലിച്ചുകൊണ്ടിരിക്കും അതുകൊണ്ട് നമ്മുടെ മനസ്സ് പോസിറ്റീവ് എനർജി നിറഞ്ഞതും നെഗറ്റീവ് എനർജി കടക്കാത്തതുമായി സൂക്ഷിക്കേണ്ടതുണ്ട്. ഉള്ളിൽ നെഗറ്റീവ് എനർജി കൂടുതലായി ഉള്ളവർ മറ്റുള്ളവരിലേക്ക് അവ സംസാരത്തിലൂടെയും പ്രവർത്തിയിലൂടെയും ചൊരിയാനിടവന്നാൽ അങ്ങനെയുള്ളവരിൽ നിന്നും നാം മാറിക്കളയേണ്ടതുണ്ട്. ദുഷ്ട സംസർഗം വരാതെയായിടണം എന്നാണ് നാം പ്രാർത്ഥിക്കാറുള്ളത്. പുസ്തകങ്ങളിൽ നിന്നോ മാധ്യമങ്ങളിൽ നിന്നോ നെഗറ്റീവ് എനർജി നമ്മളിൽ പ്രവേശിച്ചാലും ഇതേ ദോഷം തന്നെയാണുള്ളത്.

വായുമലിനീകരണത്തേക്കാൾ, ജലമലിനീകരണത്തേക്കാൾ, പരിസര മലിനീ കരണത്തേക്കാൾ മനുഷ്യജീവിതത്തെ കഷ്ടത്തിലാക്കുന്നത് മനസ്സിന്റെ മലിനീകരണമാണ്. മനസ്സ് മലിനമായാൽ ജിവിതം തന്നെ മലിനമായ മനസ്സിന്റെ നിയന്ത്രണത്തിലായി പോകും. കുട്ടികളുടെ മനസ്സ് ചിലർ പ്രായമായവർ മലിനമാക്കാതിരിക്കാൻ നാം ജാഗ്രത പുലർത്തേണ്ടതുണ്ട് . കുട്ടികളുടെ മനസ്സ് മലിനീകരിക്കപ്പെട്ടാൽ അത്തരം കുട്ടികൾ സ്വഭാവ വൈകല്യമുള്ളവരോ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരോ സ്വഭാവ ദൂഷ്യമുള്ളവരോ ആയിത്തിരാൻ സാധ്യതയുണ്ട്.പോസിറ്റീവ് എനർജിയുടെ കുറവുമൂലം പഴയ കാലത്തേതുപോലെയുള്ള മൂല്യങ്ങളുള്ള കലാ സൃഷ്ടികളും കലാകാരൻമാരും ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

---

**(41-ാം പേജിൽ നിന്ന് തുടർച്ച)**

നിന്നും നമ്മളറിയേണ്ടത് കന്നിമൂല താഴ്ന്നു കിടന്നാൽ മാനസീകമായും, ആരോഗ്യപരമായും വളരെയധികം പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

ദേവാലയങ്ങൾക്കു പോലും ഈ പ്രശ്നം ബാധിച്ചു കാണുന്നുണ്ട്. 10 കൊല്ലം കഴിഞ്ഞാൽ തിരുനെല്ലി ഏറ്റവും തിരക്കുള്ള സ്ഥലമായി മാറും എന്നുള്ളതിൽ സംശയമില്ല. കാരണം പ്രതിഷ്ഠ കിഴക്കു നോക്കിയാണ്. ചുറ്റുമുള്ള എല്ലാ വശങ്ങളും താഴ്ന്നാണ് കിടക്കുന്നത്. കിഴക്കു വശം പടിഞ്ഞാറിനേക്കാളും തെക്കിനേക്കാളും വളരെ താഴ്ന്നാണ്. അമ്പലത്തിന്റെ പറമ്പ് തെക്കു പടിഞ്ഞാറ് മൂല വടക്കു കിഴക്കിനേക്കാൾ ഉയർത്തി.

അവിടെ ചുറ്റമ്പലത്തിനു ചുറ്റും ഒരു കയ്യാലയും, കുടിവെള്ള പ്രശ്നങ്ങളുമുണ്ട്. അതിനുവേണ്ടി സ്പോൺസർമാരെ തിരഞ്ഞു കൊണ്ടിരിക്കുകയാണ്. ഒരു കൊല്ലത്തിനകം അമ്പലം അടുത്തുള്ള സ്ഥലത്തു കുളം കുത്തി പമ്പ് ചെയ്ത് വെള്ളം കൊണ്ടു വരുന്നതിന് ഏർപ്പാടാക്കുമെന്ന് വിശ്വസിക്കുന്നു.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകര മേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





# 12-ാം ചരമവാർഷികം

## 29. 06. 2017



# ജസ്റ്റിസ് ജാനകിയമ്മ

കേരള ഹൈക്കോടതി ജഡ്ജിയായി 8 വർഷവും എറണാകുളം കരയോഗം പ്രസിഡണ്ടായി (ആദ്യ വനിതാ പ്രസിഡണ്ട്) 6 വർഷവും സേവനം അനുഷ്ഠിച്ച ജസ്റ്റിസ് പി. ജാനകി അമ്മ കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് 12 വർഷം തികയുകയാണ് ജൂൺ 29 ന്. ജീവിതകാലം മുഴുവനും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ മുഴുകി കഴിഞ്ഞിരുന്ന ജസ്റ്റിസ് ജാനകി അമ്മ പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ സജീവ പ്രവർത്തകയുമായിരുന്നു.

ആരാധകരുടേയും, സ്നേഹിതരുടേയും, കുടുംബാംഗങ്ങളുടേയും സ്നേഹനിർഭരമായ സ്മരണാഞ്ജലികൾ.

# ശ്രീ തീർത്ഥപാദപരമഹംസ സ്വാമികൾ

ഡോ. കെ.ഹരിഹരൻ (ഫോൺ: 98473 13322)

